Minister. I would like to submit that, the enquiry in which Shri P. K. Kunju was involved, the Commission has been directed to submit its findings before the end of September. According to the programme now before us, the Chief Minister will be away for at least two or three months. So it may not be possible for the Commission to conclude its findings at the proper time. In this connection, I would like to know who will occupy the position of the Chief Minister as the Chairman of the Privileges Committee.

മി. സ്പീക്കർ: കമ്മിററിയുടെ ചെയർമാനായി ഒരാളെ നിശ്ചയിക്കുന്നതിനുള്ള വിവേചനാധികാരം സ്പീക്കർക്കാണ്. അതനുസരിച്ച് പ്രിവിലേജ് കമ്മിററിയുടെ ചെയർമാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തിരഞ്ഞെടുത്തിരിക്കുന്നു. എല്ലാ നിയമസഭകളിലും സാധാരണഗതിയിൽ ഇതിനെപ്പററി ചില വഴക്കങ്ങളുണ്ട്. സഭയുടെ അന്തസ്സ് സംരക്ഷിക്കുന്നതിന് മററാരെക്കാളും കൂടുതൽ തല്പരൻ മുഖ്യമന്ത്രിയായിരിക്കുമെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയെ തിരഞ്ഞെടുത്തിട്ടുള്ളത്. ഒന്നുകിൽ സ്പീക്കറായിരിക്കും, അല്ലെങ്കിൽ മുഖ്യമന്ത്രിയായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽക്കാലികമായി ഇവിടെ ഇല്ല എന്നതുകൊണ്ട് ബുദ്ധിമുട്ട് നമുക്കനുഭവപ്പെടുന്നുണ്ട്. അദ്ദേഹം രണ്ടുമൂന്നുമാസക്കാലത്തേയ്ക്ക് ഇവിടെ ഇല്ലെന്നുണ്ടെങ്കിൽ താൽക്കാലികമായി ഒരു ചെയർമാനെ എടുക്കാവുന്നതേയുള്ളു. കമ്മിററി വിളിച്ചുകൂട്ടാൻ ഏർപ്പാടുചെയ്യാം.

RESOLUTION

Formation of a Branch of the Commonwealth Parliamentary Association.

Mr. Speaker: Now we may take up the Resolution regarding the formation of a branch of the Commonwealth Parliamentary Association in the Kerala Legislative Assembly.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, അതു വേറെ ഒരു ദിവസം ഉന്നയിക്കാം.

FINANCIAL BUSINESS

Demands for Supplementary Grants for 1969-70.

Mr. Speaker: We may pass on to the discussion and voting on Damands for Supplementary Grants for 1969-70.

Demands II, XIII, XVII, XIX, XXXIX, XLV and XXXVI may be moved. The rest of the demands need not be moved. They will be discussed and put to vote.

Revenue Minister **(Smt. K. R. Gouri)**; Sir, I move that a Supplementary sum not exceeding Rs. 22,800 be granted under Demand II Land Revenue.

Health Minister **(Shri B. Wellingdon):** I second it.

Forest & Harijan Welfare Minister **(Shri M. K. Krishnan):** Sir, I move that a Supplementary sum not exceeding Rs. 300 be granted under Demand XIII-Police.

LIBRARY ARCHIVES Kerala Legislative Assembly

Revenue Minister **(Smt K. R. Gouri):** I second it.

Education Minister **(Shri C. H. Mohammed Koya):** Sir, I move that a Supplementary sum not exceeding Rs. 56,400 be granted. under Demand XVII–General Education·

Health Minister: I second it.

Health Minister **(Shri B. Wellingdon):** Sir. I move that a Supplementary sum not exceeding Rs. 16,500 be granted under Demand XIX–Medical.

Works Minister **Shri (T. K. Divakaran):** I second it.

Forest and Harijan Welfare Minister **(Shri M. K. Krishnan):** Sir. I move that a supplementary sum not exceeding Rs. 15,16,000 be granted under Demand XXXIX–Forest.

Works Minister **(Shri T. K. Devakaran):** I second it.

Industries Minister **(Shri T. V. Thomas):** Sir, I move that a supplementary sum not exceeding Rs. 2,05,0 0 be granted under Demand XLV–Capital Outlay on Industrial and Economic Development.

Works Minister **(Shri T. K. Divakaran):** I second it.

Revenue Minister **(Smt. K R Gouri):** Sir, I move that a supplementary sum not exceeding Rs. 50,00,000 be granted under Demand XXXVI-Famine.

Works Minister **(Shri T. K. Divakaran):** I second it.

Mr. Speaker: Now, we have taken almost one hour. The time allotted for the various parties is as follows:

C. P. M.	40 minutes
C. P. I.	20 ,,
Muslim League	20 ,,
S. S. P.	10 ,,
R. S. P.	10 ,,
I. S. P.	15 ,,
I. N. C.	35 ,,
Kerala Congress	20 ,,
Independents	10 ,,

First of all, I would call upon Shri K. M. Mani. I am told that you are taking the whole time of your party.

ശ്രീ. കെ. എം. മാണി: അതെ സർ. സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർ, ഈ ഉപധനാഭ്യർത്ഥനയെ സംബന്ധിച്ചിടത്തോളം......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മാണി മന്ത്രിമാരെ സംബന്ധിച്ച് ചില ആരോപണങ്ങളൊക്കെ ഉന്നയിക്കുന്നതിന് നോട്ടീസ് തന്നിട്ടുണ്ട്. I think it is on your own personal responsibility................

ശ്രീ. കെ. എം. മാണി: അതെ സർ, അഴിമതിയില്ലാത്ത ഒരു സൽഭരണമുണ്ടാകുന്നതിനു വേണ്ടി ഈ രാജ്യത്തെ ജനങ്ങൾ ദാഹിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗവൺമെന്റിന്റെ എല്ലാ രംഗങ്ങളിലേക്കും അഴിമതി വ്യാപിച്ചിരിക്കുന്നു എന്ന സംഗതി നിർഭാഗ്യകരമാണ്. ഈ സാഹചര്യത്തിൽ ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം ഉപധനാഭ്യർത്ഥനകളുമായി വന്നിട്ടുള്ളത് വളരെ വിചിത്രമായ ഒരു കാര്യമാണ്. സർ, ഭരണകക്ഷിയിലെ ഓരോ ഘടകകക്ഷിയും അഴിമതിയുടെ കറ പുരണ്ട അവരുടെ അഴുക്ക വസ്ത്രങ്ങൾ പൊതുനിരത്തിലിട്ട് തല്ലി അലക്കിയ ശബ്ദം കൊണ്ട് കേരള രാഷ്ട്രീയാന്തരീക്ഷം മുഖരിതമായിരിക്കുകയാണ്. അതിനുശേഷം, ആരോപണ പ്രത്യാരോപണങ്ങളുടെയും അന്വേഷണ പ്രഹസനങ്ങളുടെയും ഒരു കാലഘട്ടത്തിൽ സഭ സമ്മേളിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ ഒരു കാര്യം സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഭരണകക്ഷിയിലെ ഒരൊറ്റ ഘടകപാർട്ടിയെങ്കിലും അഴിമതിയാരോപണങ്ങളിൽ നിന്നും ഒഴിവായിട്ടില്ല. ഈ മന്ത്രിസഭയിലെ ഒരൊറ്റ മന്ത്രിപോലും അഴിമതിയാരോപണത്തിനു വിധേയരാകാതിരുന്നിട്ടില്ല. അതാണ് ഞാൻ പറഞ്ഞത് ഈ ഗവൺമെന്റിന്റെ എല്ലാ രംഗങ്ങളിലും അഴിമതി വ്യാപകമായിക്കാണുന്നു എന്ന്. സർ, ജനാധിപത്യത്തോട് അല്പമെങ്കിലും ബഹുമാനമുണ്ടെങ്കിൽ ശ്രീമാൻ ഇ. എം. എസിന്റെ നേതൃത്വത്തിലുള്ള ഇന്നത്തെ മന്ത്രിസഭ രാജി വച്ചിട്ട് പകരം അഴിമതിയാരോപണ വിധേയരാകാത്ത വ്യക്തികളെ ചേർത്ത് പുതിയ ഒരു മന്ത്രിസഭ രൂപീകരിക്കേണ്ടതായിരുന്നു. അതു ചെയ്തില്ല. സർ, പുറത്ത് വഴക്കും വക്കാണവും കത്തിക്കുത്തും നടത്തുന്ന കക്ഷികൾ ധനാഭ്യർത്ഥനയ്ക്കു വേണ്ടി ഒത്തുചേർന്നു വാദിക്കുന്നതു് ഒരു വഞ്ചനയാണ്. കഴിഞ്ഞ സമ്മേളനത്തിൽ ചില മന്ത്രിമാരുടെ പേരിൽ അഴിമതി ആരോപണങ്ങൾ തെളിവു സഹിതം ഞങ്ങൾ ഈ മേശപ്പുറത്തു വച്ചതാണ്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ് രേഖകളും അസംബ്ലി പ്രൊസീഡിംഗ്സും പരിശോധിച്ച് അഴിമതിയാരോപണങ്ങൾക്കു വിധേയരായ മന്ത്രിമാരെ സംബന്ധിച്ചും അവരുടെ വകുപ്പുകളെ സംബന്ധിച്ചും അന്വേഷണം നടത്താമെന്ന്. 24-3-1969-ലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു പറഞ്ഞത്. അതു് ഒരു അഷ്വറൻസാണ്. അതു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിപാലിച്ചിട്ടുണ്ടോ എന്നുള്ളത് ഗുരുതരമായ ഒരു കാര്യമാണ്. അതിലേക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധ തിരിക്കേണ്ടതാണ്. ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട ചുമതല അങ്ങേയ്ക്കാണ് സർ. മറ്റൊരു കാര്യം മന്ത്രിമാരുടെ പേരിലുള്ള അഴിമതിയാരോപണങ്ങളുടെ തരംതിരിവാണ്. പല മന്ത്രിമാരെക്കുറിച്ചും അഴിമതിയാരോപണങ്ങളുണ്ടായിട്ടുള്ളതിൽ ശ്രീമാൻ കൃഷ്ണനെയും ശ്രീമാൻ വില്ലിംഗ്ടനെയും പറ്റിയുള്ള അഴിമതിയാരോപണങ്ങൾ അന്വേഷിക്കാമെന്നു പറഞ്ഞു. 24-3-1969-ലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ അഷ്വറൻസ് തന്നത്. ഇതു പരിശോധിച്ചിട്ടുണ്ടോ? ആക്ടിംഗ് മുഖ്യമന്ത്രിയായ ശ്രീമതി ഗൗരി ഉത്തരവാദിത്വമുണ്ടെങ്കിൽ ഇതിനു മറുപടി പറയേണ്ടതാണ്. ശ്രീമാൻ വില്ലിംഗ്ടനെതിരായി ഉന്നയിച്ച ആരോപണങ്ങളെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ? പരിശോധിച്ചിട്ടില്ല. 10-ാം തീയതിയും 24-ാം തീയതിയും അദ്ദേഹത്തിനെതിരായി ഞാൻ 6 ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തേത് യൂണിക്കം കമ്പനിയുമായുള്ള മരുന്നു കച്ചവടമാണ്. ആലപ്പുഴ ടി. ഡി. മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിൽ കടന്നുകൂടിയ ക്രമക്കേടുകളും അഴിമതികളും, യശോധരൻ എന്നയാളെ അവിഹിതമായി നിയമിച്ചതിൽ ഉണ്ടായ പാകപ്പിഴകളും ആരോപണങ്ങളായി ഉന്നയിച്ചിരിക്കുന്നതാണ്. പക്ഷേ അതും പരിശോധിച്ചിട്ടില്ല. മുഖ്യമന്ത്രി അന്വേഷണ വിധേയമാക്കിയതു ഒരു കെട്ടിട നിർമ്മാണവും ഒരു സുവനീറിന്റെ കാര്യവുമാണ്. അസംബ്ലി പ്രൊസീഡിംഗ്സിലെ രേഖകൾ പരിശോധിച്ചാൽ ഇതു് തീർച്ചയായും കാണാൻ കഴിയും. ശ്രീമാൻ കൃഷ്ണനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, അദ്ദേഹം 24 ലോറി ഈട്ടിത്തടി അപഹരിച്ചു കൊണ്ടുപോയ ഒരു കോൺട്രാക്ടറെ ബ്ലാക്ക ലിസ്റ്റിൽ നിന്ന് ഒഴിവാക്കി ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുകയുണ്ടായി. ഇക്കാര്യം എന്തു കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിച്ചില്ല? ഇനിയെങ്കിലും ഇതിനെപ്പറ്റി പുനരാലോചിച്ച് പരിശോധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, പുതിയ പുതിയ കേസുകളുണ്ടെങ്കിൽ, പുതിയ പുതിയ തെളിവുകളുണ്ടെങ്കിൽ അന്വേഷിക്കാമെന്ന് പറഞ്ഞിട്ട് ഇപ്പോൾ അതിൽ നിന്നും ഒഴിഞ്ഞു മാറിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. പഴയ അഴിമതിയാരോപണങ്ങളെത്തുടർന്ന് പുതിയ കേസുകൾ നിരത്തി വയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിന്റെ ഉത്തരവാദിത്വം ഏൽക്കാൻ ഞാൻ തയ്യാറാണ്; അല്പവും ചാഞ്ചല്യമില്ല. സർ, ആലപ്പുഴ ടി. ഡി. മെഡിക്കൽ കോളേജിലെ പ്രവേശനത്തെ സംബന്ധിച്ചിടത്തോളം മിനിമം മാർക്കില്ലാത്ത വിദ്യാർത്ഥികളെയും, സീററ് റിസേർവ്വ് ചെയ്യിട്ടില്ലായിരുന്ന വിദ്യാർത്ഥികളെയും അവിടെ പ്രവേശിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി നേരിട്ടിടപെടുകയുണ്ടായി. അദ്ദേഹം തന്നെ ചില കേസുകളിൽ നേരിട്ട് നിയമനം നടത്തുകയുണ്ടായി എന്നുള്ള ഗുരുതരമായ ആരോപണം ഞാൻ വയ്ക്കുകയാണ്. ജനാധിപത്യത്തിന്റെ ചരിത്രത്തിൽ ഒരു മന്ത്രിയും ചെയ്യാൻ മുതിരുന്ന ഒരു കാര്യമല്ല ഇത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷം പ്രവേശനം ലഭിച്ച രണ്ടു ഭാഗ്യവാന്മാരാണ് ജോസഫും ചെറിയാൻ ഫിലിപ്പും. അവർക്കു പ്രവേശനം നൽകുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി എടുത്ത താല്പര്യവും കാണിച്ച ബദ്ധപ്പാടും തത്രപ്പാടുമൊക്കെ ആലോചിക്കുമ്പോൾ സത്യത്തിൽ ലജ്ജ തോന്നുകയാണ്.

സർ, ഈ വിദ്യാർത്ഥികളുടെ കാര്യത്തിൽ ആരോഗ്യമന്ത്രി വ്യക്തിപരമായിട്ട് ഒരു ശുപാർശക്കത്ത് യൂണിവേഴ്സിററി വൈസ്ചാൻസലർക്ക് അയയ്ക്കുകയുണ്ടായി. ശുപാർശക്കത്ത് അയച്ചു കൊടുക്കുക മാത്രമല്ല പുറമെ ആരോഗ്യമന്ത്രി
10 A. M. യൂണിവേഴ്സിററി ആഫീസിൽ പോയി വൈസ്ചാൻസലറെ കണ്ട് ശുപാർശ ചെയ്തിരിക്കുകയുമാണ്. യൂണിവേഴ്സിററി വൈസ്ചാൻസലർ ആ സമയത്ത് ഒരു കാൺഫറൻസിൽ സംബന്ധിച്ചിരിക്കുകയായിരുന്നു. അര മണിക്കൂർ സമയം ശ്രീമാൻ വെല്ലിംഗ്ടനു് വെളിയിൽ അദ്ദേഹത്തെ കാത്ത് ഇരിക്കേണ്ട ഗതികേട് വന്നു. 5-2-1969-ൽ അയച്ച ഈ ശുപാർശക്കത്തിൽ പറഞ്ഞിട്ടുള്ളത് രണ്ടു വിദ്യാർത്ഥികൾക്ക് മിനിമം മാർക്ക് ഇല്ല. അവർക്കു മിനിമം മാർക്കിൽ നിന്ന് എക്സംപ്ഷൻ നൽകണമെന്നും ഇത് ഒരു സ്പെഷ്യൽ കേസ്സായി പരിഗണിക്കണമെന്നുമായിരുന്നു ശുപാർശ. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിററി സിൻഡിക്കേററ് 3-3-1969-ൽ കൂടി ആരോഗ്യമന്ത്രിയുടെ ശുപാർശയെ ആദരിച്ചുകൊണ്ട് ഈ വിദ്യാർത്ഥികൾക്ക് എക്സംപ്ഷൻ നൽകി; അവർക്ക് കോളേജിൽ പ്രവേശനം നൽകി. ആരോഗ്യ മന്ത്രിയുടെ ശുപാർശക്കത്തിന്റെ കാര്യം 3-3-1969-ൽ ചേർന്ന സിൻഡിക്കേററ് യോഗത്തിന്റെ മിനിട്ട്സിൽ പ്രതിപാദിച്ചിട്ടുണ്ട്. ഗവണ്മെന്റിനെന്തെങ്കിലും അഭിപ്രായങ്ങൾ പറയുവാനുണ്ടെങ്കിൽ അത് ഗവണ്മെന്റ് സെക്രട്ടറിമാർ വഴിയാണ് സാധാരണ ചെയ്യാറു പതിവ്. അല്ലാതെ മന്ത്രി നേരിട്ട് പേഴ്സനൽ കത്തുകളയയ്ക്കുകയല്ല..............

ശ്രീ. എം. കെ. എ. ഹമീദ്: ഫോട്ടോസ്ററാററ് കൈവശം ഉണ്ടോ?

ശ്രീ. കെ. എം. മാണി: എല്ലാമൊക്കെ റിക്കാർഡുകളാണ് വേണമെങ്കിൽ ഞാൻ ആലോചിച്ചു കൊള്ളാം. ആ ശുപാർശക്കത്തിലെ പ്രസക്തമായ ഭാഗം ഞാൻ വായിക്കാം.

I am writing this letter to seek your assistance on a small matter which is very urgent ....
In the light of the facts stated above, the above mentioned two students may be considered as eligible for admission to the Ist M. B. B. S. course in the T. D. Medical College, atleast as a Special case.

സർ, ഒരു മന്ത്രി വൈസ്ചാൻസലർക്ക് ശുപാർശക്കത്ത് അയക്കുന്നത് വളരെ തെററായ ഒരു നടപടിയാണ്. പേഴ്സനൽ ആയിട്ട് കത്തയക്കുകയും നിവേദനവും ശുപാർശയുമായി വൈസ്ചാൻസലറുടെ പടിക്കൽ കാത്തിരിക്കുകയും ചെയ്യുന്ന ആരോഗ്യമന്ത്രിക്ക് ആ കസേരയിൽ ഇരിക്കുവാൻ യോഗ്യതയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത് ആരോഗ്യമന്ത്രിയുടെ സഹോദരന്മാരും ബന്ധുക്കളും കെ. ടി. പി. പ്രവർത്തകരും ആരോഗ്യ വകുപ്പിനെ അവിഹിതമായി സ്വാധീനിക്കുകയും അനർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുകയും ആരോഗ്യമന്ത്രിയുടെ ഏജന്റന്മാരായി അവർ പ്രവർത്തിച്ചു വരികയും ചെയ്തു വരുന്നു എന്നുള്ളതാണ്. മന്ത്രിയുടെ സഹോദരൻ മൈക്കിളും അയാളുടെ അമ്മായിഅപ്പൻ സാമുവലും കെ.റ്റി. പി. പക്ക് പ്രവർത്തകരും കൂടി നിർമ്മിച്ചിട്ടുള്ള ചിലന്തിവലയ്ക്കുള്ളിൽ ആരെങ്കിലും വീണുപോയാൽ അവർ രക്ഷപ്പെടുക അസാദ്ധ്യമാണ്. എന്റെ നിയോജക മണ്ഡലമായ പാലായ്ക്കടുത്ത് അമ്പാറ എന്ന സ്ഥലത്തുള്ള ത മസിക്കുന്ന ഒരു വിദ്യാർത്ഥിനിക്ക് കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശനം കിട്ടിയ കാര്യത്തെ കുറിച്ചാണ് ഞാൻ പറയുന്നത്. മന്ത്രിയുടെ സഹോദരൻ മൈക്കിളും മൈക്കിളിന്റെ അമ്മായിഅച്ഛനായ റ്റി. റ്റി. ശാമുവലും കൈകാര്യം ചെയ്ത ഒരു അഡ്മിഷൻ കാര്യമാണ്. അതിന് സഹായിയും ഇടനിലക്കാരനുമായി പ്രവർത്തിച്ചത് തിരുവനന്തപുരത്തുള്ള സംസ്കൃത കോളേജിലെ ഒരു ലക്ചററാണ്. ഒരു അന്വേഷണം നടത്തുവാൻ തയ്യാറാണെങ്കിൽ ആ കുട്ടിയുടെ പേരും അച്ഛന്റെ പേരും അദ്ധ്യാപകന്റെ പേരും വെളിപ്പെടുത്തുവാൻ ഞാൻ തയ്യാറാണ്. ആ കുട്ടിക്ക് അഡ്മിഷൻ കിട്ടുന്നതിന് പാരിതോഷികമായി 5000 രൂപ കൊടുക്കേണ്ടിവന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ പാലാബ്രാഞ്ചിലേക്ക് ആ തുകയുടെ ഒരു ചെക്ക് 3-10-1968-ൽ കുട്ടിയുടെ പിതാവ് മധ്യസ്ഥനായ സംസ്കൃത കോളേജ് ലക്ചററുടെ പേരിൽ എഴുതിക്കൊടുക്കുകയുണ്ടായി. പക്ഷെ അതിനുശേഷം സംസ്കൃത കോളേജ് ലക്ചററും സാമുവലുമായി എന്തോ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുകയും ചെക്കിൻ പ്രകാരമുള്ള സംഖ്യ ലഭിച്ചില്ലെങ്കിലോ എന്ന സംശയം ഉണ്ടാകുകയും ചെയ്തു. ഇതേ തുടർന്ന് സാമുവലിന്റെ നിർദ്ദേശപ്രകാരം കുട്ടിയുടെ പിതാവ് ഒരു സ്റ്റോപ്പ് പേയ്മെന്റ് മെമ്മോ ബാങ്കിലേക്ക് അയച്ചു. അതിനുശേഷം ആ കുട്ടിയുടെ പിതാവ് തിരുവനന്തപുരത്തു വന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ സ്റ്റാച്യു ബ്രാഞ്ചിൽ 11849-ാം നമ്പറായി ഒരു S.B അക്കൌണ്ട് ആരംഭിക്കുകയും 570641-ാം നമ്പറായി 17-10-1968-ൽ 5000 രൂപായുള്ള ഒരു പുതിയ ചെക്ക് ശ്രീ ശാമുവലിന്റെ പേക്ക് കൊടുക്കുകയും ആ ചെക്ക് ക്യാഷ് ചെയ്ത് ശാമുവൽ 5000 രൂപാ കൈപ്പറ്റുകയും ചെയ്തു. അതിനുശേഷം ഈ കുട്ടിക്ക് അഡ്മിഷൻ കിട്ടുകയും ചെയ്തു. ഇതിനിടയിൽ ഓഹരി കിട്ടാത്തതിൽ കുപിതനായ ലക്ചറർ ഡിസ്ഓണർ ചെയ്യപ്പെട്ട ആദ്യചെക്കിൻപ്രകാരമുള്ള തുക തടിക്കച്ചവടത്തിൽ തനിക്ക് വരേണ്ടതുകയാണെന്നു കാണിച്ച് ഒരു കേസ് കൊടുത്തിരിക്കുകയാണെന്നുപോലും അറിയുന്നു. ഏതായാലും ഈ തുക മൈക്കിളിന്റെ അമ്മായിയപ്പൻ സാമുവൽ കുട്ടിയുടെ പിതാവിൽ നിന്നും കോളജ് അഡ്മിഷനു പാരിതോഷികമായി പററിയിട്ടുള്ളതാണെന്നു വ്യക്തമായി അറിയാം.. ഈ തുക സാമുവലിൽ നിന്നും മൈക്കിളിലേയ്ക്കും മൈക്കിളിൽ നിന്നു മന്ത്രിയിലേയ്ക്കും എത്തിച്ചേർന്നു എന്നു അനുമാനിക്കണം. അതല്ലെങ്കിൽ മന്ത്രി ഈ കാര്യലാഭത്തിനു കൂട്ടുനിന്നു, അതുമല്ലെങ്കിൽ തന്റെ സ്വന്തക്കാർക്ക് പണസമ്പാദനത്തിനു ഉള്ള കരുപാധിയായി ആരോഗ്യവകുപ്പിനെ അധഃപതിപ്പിച്ചു. ''വർക്കി വടക്കന്റെ മനസ്സാക്ഷിയോടൊരു ചോദ്യം.,'' എന്ന തലക്കെട്ടിൽ കോട്ടയം ജില്ല കെ.ടി.പി. സെക്രട്ടറി ഇറക്കിയ പ്രസ്താവനയിലേക്ക് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ''വടക്കനച്ചൻ കഴിഞ്ഞ സ്റ്റേറ്റുകമ്മററിയിൽ കഴിഞ്ഞ രണ്ടു കൊല്ലംകൊണ്ട് പാർട്ടിക്ക് 40000 രൂപ കിട്ടിയിട്ടുള്ളതായി പറഞ്ഞു. പണം മെഡിക്കൽ കോളേജിലെ അഡ്മിഷനു മൊത്തം കിട്ടിയതിൽ 10000 രൂപാ അലക്സ് താമരശ്ശേരി വടക്കനച്ചനെ ഏല്പിച്ചതായി വർക്കി വടക്കൻതന്നെ പറയുകയുണ്ടായിയെന്നും ആ പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. ഈ അലക്സ് മന്ത്രിയുടെ മറ്റൊരു സഹോദരനാണ്. അഴിമതി കാണിച്ചുള്ള പല പ്രവേശനങ്ങളിൽ ഒന്നുമാത്രമാണ് ഞാൻ മുമ്പ് പ്രസ്താവിച്ചത്.

സർ, ഈ കച്ചവടത്തെക്കുറിച്ചു കൂടെ ഞങ്ങൾക്ക് അറിയാം. വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ എന്ന പോലെതന്നെ അദ്ധ്യാപക നിയമനത്തിലും അഴിമതി നടന്നതായി ആക്ഷേപമുണ്ട്. ആലപ്പുഴ ടി. ഡി. മെഡിക്കൽ കോളേജിൽ അസോഷ്യേററ

പ്രൊഫസറുടെ പോസ്റ്റിൽ എം. ഡി. പാസ്സായ ഒരാളെ നിയമിക്കേണ്ടതിനു പകരം ഡിപ്ലോമ മാത്രം പാസ്സായ ഒരാളെ അവിടെ നിയമിച്ചു. എം. ഡി. പാസ്സായ ആളിനെ അപ്രകാരം നിയമിക്കാവുവെന്ന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ ശുപാർശയും ഗവണ്മെന്റിന്റെ മുൻതീരുമാനവും നിലവിലിരിക്കെ അസ്സോസ്യേറ്റ് പ്രൊഫസറുടെ തസ്തികയിലേക്ക് ഒരു ഡിപ്ലോമ ഹോൾഡറെ നിയമിച്ചു. സൈക്കിയാട്രി അസോസ്യേറ്റ് പ്രൊഫസറുടെ ഒരു പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ട് തിരുവനന്തപുരത്തെ പ്രസിദ്ധ ധനാഢ്യനായ ഉണ്ണിവൈദ്യന്റെ മരുമകൻ ഡിപ്ലോമ മാത്രം പാസ്സായിട്ടുള്ള ഡോ. പ്രഭാകരനെ നിയമിച്ചു. ആരോഗ്യമന്ത്രി ഇക്കാര്യത്തിൽ നേരിട്ടിടപെട്ടു നടത്തിയ ഒരു നിയമനമാണിതു. ഇതിനു മന്ത്രിയെ പ്രേരിപ്പിച്ചചേതോവികാരമെന്താണ്? നിയമങ്ങളെ കാററിൽപറപ്പിച്ചുകൊണ്ട് മന്ത്രി കസേരയിൽ ഇരിക്കുന്ന ആരോഗ്യമന്ത്രിയെ ആ സ്ഥാനത്തുനിന്നും മാററിയില്ലെങ്കിൽ ഈ രാജ്യത്തെ ജനങ്ങൾ പൊറുക്കുകയില്ല. ആ കസേരയുടെ പുറകുവശത്ത് അതാ ശ്രീ. എം. കെ. കൃഷ്ണൻ ഇരിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ പെർമിററു വ്യവസ്ഥകളെ ലംഘിച്ചു തടിവിട്ടുകൊടുത്തതിനെ സംബന്ധിച്ചു ചോദിച്ചപ്പോൾ ഗവണ്മെന്റിനു അതിനു അധികാരമുണ്ടെന്നു പറഞ്ഞു. അദ്ദേഹത്തിൽ അധികാരമുണ്ടെന്നു പറഞ്ഞ കാര്യത്തെക്കുറിച്ചു ചോദിക്കുകയാണ്. സ്വകാര്യവന സംരക്ഷണനിയമത്തിനും ഫോറസ്ററു റൂളുകൾക്കും വിപരീതമായി കുയിലാണ്ടി താലൂക്കിൽ പേരാമ്പ്ര അംശത്തിൽപ്പെട്ട ശ്രീ. എ. പി. പാറുക്കുട്ടി മൂപ്പിലമ്മക്കു അനർഹമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തതു എന്തു അധികാരത്തിന്റെ പേരിലാണ്. ആ ഉത്തരവു എന്റെ കൈവശം ഉണ്ടു. കോഴിക്കോട്ടുള്ള കുയിലാണ്ടി താലൂക്കിൽ ശ്രീമതി എ. പി. പാറുക്കുട്ടി മൂപ്പിലമ്മയ്ക്കു 275 ഏക്കർ സ്ഥലത്തെ തടി വെട്ടിയിറക്കുന്നതിനു കോഴിക്കോട് കളക്ടർ 7–10–1968–ലെ സി. എൽ. 9556–ാം നമ്പരും 18 12–1968-ലെ സി. എൽ 33290-ാം നമ്പരും പ്രകാരം രണ്ടു പെർമിററുകൾ നൽകുകയുണ്ടായി. ഇപ്രകാരം പെർമിററുകൾ കിട്ടിയതനുസരിച്ച് 275 ഏക്കർ സ്ഥലത്തെ തടികൾ വെട്ടിമാററിയതിനുശേഷം ആ പരിധിക്കപ്പുറത്തേക്കു അതിക്രമിച്ചുകടന്നു് കക്കയം റിസർവോയറിലേക്ക് കടന്നു. ഏകദേശം 4 മൈൽ വിസ്തൃതി സ്ഥലത്തെ തടി അനധികൃതമായി വെട്ടിയിറക്കിയപ്പോഴേക്കും ഫ്ളയിംഗ് സ്ക്വാഡ് കണ്ടുപിടിക്കുകയും ഡിവിഷണൽ ഫോറസ്ററ് ഓഫീസർ ജില്ലാകളക്ടർക്ക് റിപ്പോർട്ടു നൽകുകയും ചെയ്തു. കളക്ടർ പേഴ്സണൽ എൻക്വയറി നടത്തിയതിനുശേഷം മൂപ്പിലമ്മയുടെ പെർമിററ് ക്യാൻസൽ ചെയ്യുകയും എം. പി. പി. എഫ്. ആക്ടിലെ 7–ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം ശിക്ഷാർഹയാണെന്നു ഉത്തരവിടുകയും ചെയ്തു. എന്നാൽ ഇതിനിടയിൽ പാറുക്കുട്ടി മൂപ്പിലമ്മ കമ്മ്യൂണിസ്ററു് പാർട്ടിയെ സമീപിച്ച്, മന്ത്രി ശ്രീ. എം. കെ. കൃഷ്ണനെ സ്വാധീനിക്കുകയും കാര്യസാധ്യത്തിനുവേണ്ടി ശ്രീമാൻ എം. കെ. കൃഷ്ണൻ ചെയ്യരുതാത്തതു ചെയ്യുകയും ചെയ്തു. വെട്ടിയ തടിവിട്ടുകൊടുക്കണമെന്നു കാണിച്ച് അദ്ദേഹം 1-4–1969–ൽ ഒരു ടെലിപ്രിൻറർ സന്ദേശം കോഴിക്കോട്ടു കളക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. അതിൽ പറഞ്ഞിരിക്കുന്നതു് വെട്ടിയിട്ടുള്ള തടി മുഴുവനും വിട്ടുകൊടുക്കുക. ഡീററയിൽഡ് ആയിട്ടുള്ള ഗവണ്മെൻറ് ഓർഡർ പുറകെ കമ്മ്യൂണിക്കേററു ചെയ്യാമെന്നാണ്. തുടർന്നു 8-4-1969—ൽ അദ്ദേഹം 2046 എഫ് 469 എ. ഡി. ഉത്തരവിൽ അനധികൃതമായി വെട്ടിയ തടി ഉൾപ്പെടെ മുഴുവൻ തടിയും അവർക്ക് വിട്ടുകൊടുക്കുന്നതിൽ നിർദ്ദേശിച്ചിരുന്നു. ഒരു മന്ത്രിക്കു പുറപ്പെടുവിക്കാവുന്ന ഉത്തരവല്ല ഇതു്. എം. പി. പി. എഫ്. ആക്ടു് എന്റെ കൈവശം ഉണ്ടു്, അതു് സമയക്കുറവുകൊണ്ടു് ഞാൻ വായിക്കുന്നില്ല. അതിന്റെ 3–ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് അനധികൃതമായി കളക്ടരുടെ പെർമിററു കൂടാതെ തടിവെട്ടാൻ പാടില്ലെന്നാണ്. 7–ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരം തടിവെട്ടിയാൽ രണ്ടു വർഷത്തെ ശിക്ഷകിട്ടുമെന്നാണ്. 1958 സെപ്ററംബർ മാസം 9–ം തീയതിയിലെ ഒരു നോട്ടിഫിക്കേഷൻ അനുസരിച്ചു് ഒരു റൂൾ പുറപ്പെടുവിച്ചിട്ടുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു് അനധികൃതമായി തടിവെട്ടിയാൽ കോമ്പൗണ്ടിംഗിനു് ഒരു അപേക്ഷ നൽകണം 'ഞാൻ തെററു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുപോയി, തടിവില കെട്ടിവയ്ക്കുവാൻ തയ്യാറാണ്. എന്റെ കേസ് കോമ്പൗണ്ട് ചെയ്തു തരണം എന്ന അപേക്ഷ സമർപ്പിക്കുകയും തടിവില D.F.O. വാല്യൂചെയ്യുന്ന നിരക്കിൽ കെട്ടിവയ്ക്കുകയും രണ്ടാമത്തും ഫോം II പെർമിററു വാങ്ങുകയും ചെയ്യണം. അല്ലാതെ തടി വിട്ടുകൊടുക്കുവാൻ പാടില്ല. ഈ സാഹചര്യത്തിൽ മുപ്പിലമ്മ തടിവില കെട്ടിവയ്ക്കുകയും ഫോം II പെർമിററു വാങ്ങുകയും ചെയ്തിട്ടുണ്ടോ; ഇല്ല എങ്കിൽ വെട്ടിയ തടി മുഴുവൻ വിട്ടുകൊടുക്കണമെന്ന് ഉത്തരവിടാൻ ശ്രീ. എം. കെ. കൃഷ്ണനെ പ്രേരിപ്പിച്ച ചേതോവികാരമെന്തായിരുന്നു. തടസ്സങ്ങൾ കൂടാതെ തടികൊണ്ടുപോകുന്നതിന് സ്പെഷ്യലായിട്ട് പോലീസ് പാർട്ടിയെ അയച്ചുകൊടുത്തു. ഡി.എസ്. പി. യുടെ നേതൃത്വത്തിൽ ആണ് പോലീസ് സംരക്ഷണം നൽകിയിരുന്നത്. ശ്രീ കൃഷ്ണൻ ചെയ്ത തെററ് വളരെ ഗുരുതരമാണ്. അനധികൃതമായി തടിവെട്ടിക്കൊണ്ടുപോയതു മൂലം അനേകലക്ഷം രൂപയാണ് ഗവണ്മെൻറിന് നഷ്ടം വന്നിട്ടുള്ളത്.

സർ, അഴിമതിയുടെ ചെളിക്കുണ്ടിൽ മുങ്ങിയിരിക്കുന്ന ഈ മന്ത്രിമാരുടെ നേരെ നടപടി സ്വീകരിക്കുവാൻ ആക്ടിംഗ് മുഖ്യമന്ത്രിയായ ശ്രീമതി ഗൗരി ശ്രീമൻ നമ്പൂതിരിപ്പാട് വരുന്നതുവരെ കാത്തിരിക്കേണ്ടയാവശ്യമില്ല. ആരോഗ്യമന്ത്രി ഇരുന്നു ചിരിക്കുന്നതു കണ്ടില്ലേ, ലജ്ജയില്ലാതെ. അദ്ദേഹത്തിന്റെ തൊലിക്കട്ടിയെഓർത്ത് ഞാൻ വിസ്മയിക്കുകയാണ്; കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയാണ് അദ്ദേഹത്തിന്റേത്, ലജ്ജാവഹം. ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, ഇതിനുമുൻപും ഇത്തരം ആരോപണങ്ങൾ ഈ സഭയുടെ മുൻപാകെ വന്നിട്ടുണ്ട്. പ്രധാനമായി. ബഹുമാനപ്പെട്ട വെല്ലിംഗ്ടനെസംബന്ധിച്ചാണ് ആരോപണമുണ്ടായിരിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അദ്ദേഹം സംസാരിക്കുന്നതൊന്നും കേൾക്കുന്നില്ല. മൈക്കിന്റെ തകരാറാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മൈക്കിന്റെയല്ല ആളിന്റെയാണ്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: പ്രധാനമായി രണ്ട് ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. ഈ ആരോപണങ്ങളെപ്പററി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായി ഇവിടെ പറഞ്ഞിട്ടുള്ളതിൽ യാതൊരു കളങ്കവുമില്ല. സാധാരണ പറയാറുള്ള ആരോപണമെന്നതിൽ കവിഞ്ഞ യാതൊന്നും ഇല്ലാത്തതുകൊണ്ട് അവയ്ക്ക് മറുപടി പറയുന്നില്ല.

ശ്രീ. ബേബി ജോൺ: മുഖ്യമന്ത്രി ഇതിനെക്കുറിച്ച് എന്താണ് പറഞ്ഞിട്ടുള്ളത് എന്നു കേട്ടില്ല. എന്താണു പറഞ്ഞത്?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: പ്രാഥമികമായ അന്വേഷണം നടത്തത്തക്ക യാതൊന്നുമില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്; അന്വേഷണം നടത്താനുള്ള യാതൊന്നുമില്ല എന്ന്.

ശ്രീ. കെ. കരുണാകരൻ: മുഖ്യമന്ത്രി പറഞ്ഞതും ഞങ്ങൾക്കൊക്കെ അറിഞ്ഞുകൂടാ, ബഹുമാനപ്പെട്ട മെമ്പറോട് സ്വകാര്യമായി പറഞ്ഞതാണോ?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം; എല്ലാപേരും വായിച്ചിട്ടുള്ളതാണ്. അതുസംബന്ധിച്ച് ഞാൻ ഒരു വിശദീകരണം നൽകാനുദ്ദേശിക്കുന്നില്ല. മററുചില പ്രധാനപ്പെട്ട സംഗതികൾ ഈ സഭമുൻപാകെ വയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ മുതലായ പ്രദേശങ്ങളിൽ ആശുപത്രികളുടെ കാര്യത്തിലും മരുന്നുകൾ നൽകുന്നതിലും ഒക്കെയുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ സംസ്ഥാനത്തു ചില തെറ്റുകൾ വന്നുപോയിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ആശുപത്രികളിൽ മരുന്നില്ല എന്നുള്ളതു് ഒരു യാഥാർത്ഥ്യമാണു്. പക്ഷേ അതു് ബഹുമാനപ്പെട്ട മന്ത്രിയുടെ തെറ്റാണെന്നു പറഞ്ഞാൽ ഞാനതിനോടു യോജിക്കുകയില്ല. അതുപോലെ ഡാക്ടർമാരില്ലെന്നുള്ളതും ഒരു യാഥാർത്ഥ്യമാണു്. ഉദ്യോഗസ്ഥവൃത്തങ്ങളിൽ ഇക്കാര്യങ്ങൾ അറിയിച്ചാൽ വേണ്ടത്ര ഗൗരവപൂർവ്വം പരിഗണിച്ചു് കൈകാര്യം ചെയ്യുന്നതിനുള്ള നിലപാടെടുക്കുകയില്ലെന്നുള്ളതു് സ്പഷ്ടമായിരിക്കെ മന്ത്രിയുടെ പേരിൽമാത്രം ആരോപണമുന്നയിക്കുന്നതുകൊണ്ടു് കാര്യമില്ല. ഏതായാലും ആശുപത്രികളിൽ മരുന്നില്ലെന്നുള്ളതു യാഥാർത്ഥ്യമാണു്. മരുന്നുകിട്ടാനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണു്. തളിപ്പറമ്പു് ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി മുതലായ ആശുപത്രികളിൽ മെറേറർണിററി വാർഡുണ്ടാക്കാൻ കല്പനയായിട്ടുണ്ടു്. ഐസൊലേഷൻ വാർഡുണ്ടാക്കാനുള്ള ശ്രമവും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നു് ഉണ്ടായിട്ടുണ്ടു്. പക്ഷേ ഇതിലൊന്നുംതന്നെ കാര്യമായ പ്രവർത്തനം പ്രായോഗികമായി ഗവണ്മെൻറു ഭാഗത്തുനിന്നു് ഉണ്ടായിട്ടില്ല. അതുകൊണ്ടു്, ആശുപത്രികളെ സംബന്ധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു്—ഡാക്ടർമാരെ നിയമിക്കുന്നതിനെ സംബന്ധിച്ചും, മരുന്നിനെ സംബന്ധിച്ചും, സ്റ്റാഫിനെസംബന്ധിച്ചും—ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചു് ശക്തമായ നടപടികളെടുക്കണമെന്ന ആവശ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപാകെ വയ്ക്കുകയാണു്.

റോഡുകളെ സംബന്ധിച്ചാണു് എനിക്കിനി പറയാനുള്ളതു്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രിയും മററുള്ളവരും, റോഡുണ്ടാക്കാനും മററും പണമില്ലെന്നുള്ള പരാതിയാണു്, ഞങ്ങളെപ്പോലുള്ളവർ ഈ ആവശ്യം ഉന്നയിക്കുമ്പോൾ സ്വാഭാവികമായി പറയാറുള്ളതു്. പണമില്ലെങ്കിൽ പണമുണ്ടാക്കണമെന്നാണെനിക്കു പറയാനുള്ളതു്. മലബാർഭാഗത്തുള്ള റോഡുകൾ വളരെ കഷ്ടത്തിലാണു. റോഡുകൾ തീരെ ഇല്ലാത്ത സ്ഥലങ്ങളുമുണ്ടു്. അതുകൊണ്ടു്, റോഡുകളെപ്പററി, വിശേഷിച്ചു് കണ്ണൂർജില്ലയിലെ റോഡുകളെപ്പററി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാനപേക്ഷിക്കുകയാണു്.

സർ, മറുഭാഗത്തുനിന്നു് ആരോപണങ്ങൾ ഇന്നും ഇതിനുമുൻപും ഉണ്ടായിട്ടുണ്ടു്. ആരോപണങ്ങളുണ്ടെങ്കിൽ അതൊക്കെ വസ്തുനിഷ്ഠമായ രീതിയിൽ അസംബ്ലിയുടെ മുൻപിൽ വയ്ക്കുകയാണു വേണ്ടതു്; വ്യക്തമായ രീതിയിൽ വയ്ക്കണം. ആരോപണം പറയുന്ന അവസരത്തിൽ അതു സ്പെസിഫിക്കായി പറയണം. ആലപ്പുഴ മെഡിക്കൽ കോളേജു് എന്നും വൈസ്ചാൻസലറെ കാണാൻപോയി എന്നും പറയുന്നുണ്ടു്. അങ്ങനെയൊക്കെ പറയാതെ സ്പഷ്ടമായി കാര്യങ്ങൾ പറയണമെന്നാണു് എനിക്കു പറയാനുള്ളതു്.

[Dy. Speaker: in the Chair.]

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഈ ഉപധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണു. കേരളത്തോടും കേരളത്തിലെ ജനങ്ങളോടും ഭാരിച്ച ഉത്തരവാദിത്വങ്ങളുള്ള ഈ നിയമസഭ, മെഡിക്കൽവകുപ്പിലേക്കു് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഇവിടെ ആവശ്യപ്പെട്ടിട്ടുള്ള പണം അനുവദിച്ചുകൊടുക്കുന്നതു് ഈ സംസ്ഥാനത്തോടു ചെയ്യുന്ന ഒരു കടുത്ത അനീതിയായിരിക്കും. കാരണം, മെഡിക്കൽ വകുപ്പിലേക്കു് ഈ സഭ അനുവദിച്ചുകൊടുക്കുന്ന സംഖ്യകൾ, ബഹുമാനപ്പെട്ട വെല്ലിംഗ്ടൻ ആരോഗ്യമന്ത്രിയായിരിക്കുന്നിടത്തോളംകാലം നീതിയുക്തമായി, ജനക്ഷേമത്തിനു് അനുഗുണമായി, ചെലവഴിക്കപ്പെടുമെന്നുള്ളതിനു് യാതൊരുറപ്പുമില്ല. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ മെഡിക്കൽവകുപ്പിൽ നടക്കുന്ന അഴിമതിനിറഞ്ഞദുർഭരണം—ആ നാടകത്തിലെ പ്രധാനിയായ കഥാനായകൻ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിതന്നെയാണു്—ഈ സംഖ്യകൾ ജനക്ഷേമത്തിനു് അനുഗുണമായി

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിക്കപ്പെടുകയില്ലെന്നു വ്യക്തമാക്കിയിരിക്കയാണ്. കോഴിക്കോട്ടു മെഡിക്കൽ കോളേജിൽ ഒരു ഫാമിലി പ്ലാനിംഗ് യൂനിററിനുവേണ്ട സംഖ്യ അനുവദിച്ചുകൊടുക്കണമെന്നു് ഈ ഉപധനാഭ്യർത്ഥനയിൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടു്. അവിടെ നിയമിക്കപ്പെടുന്ന ഡാക്ടർമാർക്കും മററു ജീവനക്കാർക്കും ശമ്പളം നൽകുന്നതിനാണു് ഈ തുക പ്രധാനമായും ആവശ്യമാകുന്നതു്. സംസ്ഥാനത്തെ മെഡിക്കൽകോളേജുകളിൽനിന്നു വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരെയാണ് ഡാക്ടർമാരായി നിയമിക്കുന്നതു്. ഈ പറഞ്ഞ വസ്തുതകളിലേക്കു് വെളിച്ചംവീശണമെങ്കിൽ ഈ എല്ലാ രംഗങ്ങളെക്കുറിച്ചും സമഗ്രമായ ഒരവലോകനം, ഒരു വിലയിരുത്തൽ, ഈ സഭ ചെയ്യേണ്ടതുണ്ടു്. അതിനു സഹായകമായ ചില വസ്തുതകൾ ഞാൻ ഈ സഭയുടെ മുൻപിൽ വയ്ക്കുകയാണ്. നിശ്ചിതമായ മാർക്ക് വാങ്ങിയിട്ടില്ലാത്ത ജോസഫ് പോൾ, ചെറിയാൻ ഫിലിപ്പ് എന്നിവർക്ക് ടി. ഡി. എം. കോളേജിൽ അഡ്മിഷൻ വാങ്ങിക്കൊടുക്കാൻ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി കാണിച്ച അമിതമായ താൽപര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മാണി ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി യൂണിവേഴ്സിററിയിലേക്കു് ഭിക്ഷാടനം നടത്തിയ കഥയും അദ്ദേഹം വിവരിച്ചതുകൊണ്ടു വിശദമായി പറയുന്നില്ല. എങ്കിലും ഭരണകക്ഷിയിലെ ഒരംഗം, എഴുത്തെവിടെ എന്നു ചോദിച്ചതുകൊണ്ടു്, യൂണിവേഴ്സിററിയുടെ 3-3-1969-ലെ 70-ാംനമ്പർ റസല്യൂഷന്റെയും വൈസ്ചാൻസലർക്ക് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി 5-8-1969-ൽ അയച്ച എഴുത്തിന്റെയും ശരിപ്പകർപ്പ്, ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ സഭയുടെ മേശപ്പുറത്തുവയ്ക്കാം. അത്രമാത്രമേ അതിനെക്കുറിച്ചു പറയുന്നുള്ളു. സർ, ആരോഗ്യമന്ത്രിക്കു ജനിച്ച ഈ അമിതമായ താൽപര്യത്തിന്റെ പിന്നിൽ അഴിമതിയുടെ കഥയാണുള്ളതു്. ഈ രണ്ടു് അപേക്ഷകരുടെ പക്കൽനിന്നും അനർഹമായ പ്രതിഫലം പററിയിട്ടുള്ളതിന്റെ വേവലാതിയാണ് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി നടത്തിയ യാത്രയിൽ പ്രതിഫലിക്കുന്നതു്.

മറെറാരു സംഭവകഥ ഞാൻ ഈ സഭയുടെ മുന്നിൽ വയ്ക്കാം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം. എസ്. കോഴ്സിനു് ഒരു ഡാക്ടർക്കു് പ്രവേശനം നൽകുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി അവിഹിതമായി ഇടപെട്ടുകൊണ്ടു് അവിടെ അഴിമതിയുടെ ഒരു ചരിത്രം വിരചിച്ചിരിക്കുകയാണ്. ആ ഞെട്ടിപ്പിക്കുന്ന കഥ ഈയിടെ പുറത്തുവരികയുണ്ടായി. എം. എസ്. കോഴ്സിനു് അപേക്ഷിക്കുന്നതിനു് സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക് ഇല്ലാത്ത ഒരു ഡാക്ടർ മുഹമ്മദ് ഇസ്മെയിലിനു് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പ്രവേശനം നൽകി. അതേയവസരത്തിൽ, നിശ്ചിതമാർക്കും അതിൽക്കൂടുതലും ഉള്ളവരുടെ നിരവധി അപേക്ഷ അവഗണിച്ചിട്ടുമുണ്ടു്. ഇതിനുവേണ്ടി 9-5-1968-ൽ 24028/ബി 4/68 എച്ച് എന്ന നമ്പരായി വിചിത്രമായ ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടു്. ആ കല്പനയ്ക്കു് ആധാരമായി പറയുന്നതു് ഡാ. മുഹമ്മദ് ഇസ്മെയിൽ 7-5-1968-ൽ മന്ത്രിക്കു കൊടുത്ത ഒരപേക്ഷയാണ്. 7-5-1968-ൽ കൊടുത്ത അപേക്ഷയിൽ 9-5-1968-ൽ മന്ത്രി കൊടുത്ത കല്പനയുടെ ഫലമായി, അനർഹനായ ഒരു ഡാക്ടർക്ക് എം. എസ്. കോഴ്സിനു് പ്രവേശനം നൽകിയിരിക്കുകയാണ്. അതിന്റെ പിന്നിൽ അഴിമതിയുടെ ഭീകരമായ കഥയാണുള്ളതു്. അപേക്ഷകന്റെ കൈയിൽനിന്നു് അനർഹമായ പ്രതിഫലം പററിക്കൊണ്ടാണ് ആരോഗ്യമന്ത്രി, ചരിത്രത്തിൽ കേട്ടുകേഴ്വിപോലുമില്ലാത്ത വിചിത്രമായ ഈ കല്പന പുറപ്പെടുവിച്ചിട്ടുള്ളതു്.

സർ, ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി 1967 മാർച്ചിൽ അധികാരം ഏറെറടുത്തതിനുശേഷം, വെറും മുപ്പതുദിവസം കഴിയുന്നതിനുമുൻപു്, ആ 'ശിശുമന്ത്രി' ചെയ്തിട്ടുള്ള അതിഭീകരമായ അഴിമതിയുടെ കഥ ഞാൻ ഈ സഭമുൻപാകെ വയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 'ശിശുമന്ത്രി'യോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അധികാരമേററിട്ട് അധികം കാലമായിട്ടില്ലാത്ത മന്ത്രിയെന്നേ വിവക്ഷയുള്ളൂ.

സർ, തൃശ്ശൂരിലെ ഒരു കച്ചവടക്കാരനായ ശ്രീ. ടി. എ. അന്തോണിയുടെ മകൻ ടി. എ. സണ്ണിക്ക്, ആലപ്പുഴ മെഡിക്കൽ കാളേജിൽ പ്രവേശനം കിട്ടാൻ 1967-ൽ അപേക്ഷിക്കുകയുണ്ടായി. യൂണിവേഴ്സിററി നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്കിൽ കുറഞ്ഞ മാർക്കേ സണ്ണിക്കു കിട്ടിയിരുന്നുള്ളൂ. 1967 മാർച്ചുമാസം അവസാനം, കർഷക തൊഴിലാളി പാർട്ടിയുടെ സമുന്നതനേതാവും, അവർക്ക് ധാർമ്മിക പിന്തുണ പ്രഖ്യാപിച്ചിട്ടുള്ളയാളുമായ റെവറൻറു ഫാദർ വടക്കൻെറ സന്നിധിയിൽ കര്യച്ചിറ വച്ച് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി, അന്തോണിയുടെ മകൻ സണ്ണിക്ക് എങ്ങനെയെങ്കിലും അഡ്മിഷൻ വാങ്ങിക്കൊടുക്കാമെന്ന് വാഗ്ദാനംചെയ്തു. അപ്പോൾതന്നെ, അതിനു പ്രതിഫലമായി റെവറൻറു ഫാദർ വടക്കന് 3,000 രൂപയും, തൊഴിലാളി പത്രത്തിൻെറ മാനേജിംഗ് എഡിറററായ വർഗ്ഗീസ് മേച്ചേരിക്ക് 4,500 രൂപയും നൽകണമെന്നു നിർദ്ദേശിക്കുകയുണ്ടായി. ആ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ 1967 ഏപ്രിൽ 4-ാംതീയതി ശ്രീ. അന്തോണി ഫാദർ വടക്കന്, തൃശ്ശൂർ കാത്തലിക് സിറിയൻ ബാങ്കിലേക്ക് ഒരു ചെക്കെഴുതി കൊടുത്തു. ഫാദർ വടക്കൻ പിറേറ ദിവസംതന്നെ ചെക്കു ക്യാഷ് ചെയ്തു പണം വാങ്ങുകയുണ്ടായി. അതിനുശേഷം 1967 ജൂലൈമാസം 5-ാം തീയതിയോടുകൂടി വർഗ്ഗീസ് മേച്ചേരിക്ക് 4,500 രൂപയുടെ ഒരു ചെക്ക് അതേ ബാങ്കിലേക്ക് കൊടുക്കുകയുണ്ടായി. വർഗ്ഗീസ് മേച്ചേരി അന്നുതന്നെ പണം വാങ്ങുകയുണ്ടായി. ക്യാഷ് ചെയ്ത രണ്ടു ചെക്കിൻെറയും ഫോട്ടോസ്റ്റാററു കോപ്പികൾ ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി മേശപ്പുറത്തു വയ്ക്കാം.

സർ, സർവ്വകലാശാലയുടെ ശക്തിയായ എതിർപ്പുമൂലം സ്ഥാനാർത്ഥിക്ക് പ്രവേശനം വാങ്ങിക്കൊടുക്കുന്ന കാര്യത്തിൽ മന്ത്രി പരാജയപ്പെടുകയാണുണ്ടായത്. അതേസമയം വാങ്ങിയ സംഖ്യ മടക്കിക്കൊടുക്കാൻ തയ്യാറായതുമില്ല. അന്തോണി, പ്രവേശനം കിട്ടാതായപ്പോൾ കൊടുത്ത സംഖ്യ മടക്കിക്കിട്ടാൻ ആവശ്യപ്പെട്ടു. ആരോഗ്യമന്ത്രിയും അദ്ദേഹത്തിൻെറ കൂട്ടുകാരനും ചേർന്ന് വിചിത്രമായ മറെറാരു അഴിമതിയിൽക്കൂടി കുറേ തുക മടക്കിക്കൊടുത്തു. ബാക്കി സംഖ്യ ഇന്നുവരെ മടക്കി കൊടുത്തിട്ടില്ല. 3,000 രൂപാ മടക്കിക്കൊടുത്തതു്, തൃശ്ശൂർ വടക്കാഞ്ചേരിയിലെ ഒരു വിദ്യാർത്ഥിയായ ഇ. ജെ. വിക്ടർ എന്ന ഒരു വിദ്യാർത്ഥിക്ക് ആലപ്പുഴ ടി. ഡി. മെഡിക്കൽ കാളേജിൽ അഡ്മിഷൻ നൽകാമെന്ന കരാറിന്മേൽ കിട്ടിയ പ്രതിഫലമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്.

സർ, ഈ സംസ്ഥാനത്തെ ആരോഗ്യവകുപ്പിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ഡാക്ടർമാർക്ക് സ്ഥലംമാററം കൊടുക്കുന്നതിനുള്ള അധികാരം ആരോഗ്യമന്ത്രി നേരിട്ടു ഏറെറടുത്തിരിക്കുകയാണ്. അങ്ങനെ ഡാക്ടർമാരെ സ്ഥലംമാററുന്നതിൽ നിന്നു കിട്ടുന്ന പ്രതിഫലം ആരോഗ്യമന്ത്രിയും കൂട്ടുകാരും പങ്കിട്ടെടുക്കുകയാണ്. ഈ സംസ്ഥാനത്തിൻെറ ഒരററം മുതൽ മറേറ അററംവരെ ഡാക്ടർമാരെ സ്ഥലംമാററുന്ന കാര്യത്തിൽ ആരോഗ്യമന്ത്രി കാണിച്ചിട്ടുള്ള അഴിമതി തിട്ടപ്പെടുത്താൻ കഴിയാത്ത വിധം അത്രയ്ക്കു അസംഖ്യമാണ്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ അഴിമതിക്ക് ഇരയായിത്തീർന്ന പാവപ്പെട്ട ഒരു ഡാക്ടരുടെ അതിദാരുണമായ കഥ ഈ സഭയുടെ മുൻപിൽ വയ്ക്കുകയാണ്. കടപ്പുറം ആശുപത്രിയിൽ ജോലിചെയ്തിരുന്ന ഡോക്ടർ കെ. എസ്. ഗംഗാധരനാണ് ഈ അനുഭവം ഉണ്ടായതു്. അദ്ദേഹം ഇപ്പോഴും സർവ്വീസിലുണ്ട്. ആ ഡാക്ടർക്ക് നല്ല ഒരാശുപത്രിയിൽ സ്ഥലംമാററം നൽകാമെന്നു ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി വാഗ്ദാനംചെയ്തു. അതിനു പ്രതിഫലമായിട്ട് രണ്ടായിരംരൂപ കെ. ടി. പി. ജനറൽ സെക്രട്ടറി വക്കി വടക്കനെ ഏല്പിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജെ. കമാലിയാസ് മൊറായിസ്: സർ, ഈ സഭയിലില്ലാത്ത ഒരു മെമ്പറെപ്പറ്റി ഇത്തരം പരാമർശനം നടത്താമോ ?

ഡെപ്യൂട്ടി സ്പീക്കർ: വ്യക്തമായ ആരോപണങ്ങൾ ആകാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്.

1–9–1968–ൽ ബഹുമാനപ്പെട്ട മന്ത്രി ആ ഡാക്ടർക്ക് തൃശ്ശൂർ ഡിസ്ട്രിക്ററിൽ എരുമപ്പെട്ടി ഗവണ്മെൻറ് ആശുപത്രിയിലേക്ക് സ്ഥലംമാററം നൽകി. കെ. ടി. പി. ജനറൽ സെക്രട്ടറി അതിനുശേഷം ഡാക്ടരുടെ വീട്ടിൽചെന്നു. ഡാക്ടരുടെ കൈയ്യിൽ പണം ഇല്ലാതിരുന്നതിനാൽ തൽക്കാലം 200 രൂപ കൊടുക്കുകയും ബാക്കി തുകയ്ക്ക് കുറെക്കാലത്തെ അവധി ചോദിക്കുകയുംചെയ്തു. ബാക്കി സംഖ്യ വേണമെന്നു കാണിച്ച് കെ. ടി. പി. ജനറൽ സെക്രട്ടറി വർക്കി വടക്കൻ ഡാക്ടർക്ക് രണ്ടു എഴുത്ത് അയച്ചു. ആ എഴുത്തിൽ പാർട്ടിക്ക് പണം നൽകണമെന്നും ഇല്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്നും കാണിച്ചിരുന്നു. ആ എഴുത്തുകൾ അയച്ച രണ്ടാഴ്ച്ച കഴിഞ്ഞശേഷം ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി, ആ പാവപ്പെട്ട ഡാക്ടരെ വേറെ ഒരാശുപത്രിയിലേക്ക്, പിന്നീടുമറെറാരാശുപത്രിയിലേക്ക് സ്ഥലംമാററുകയുണ്ടായി. ആ ഡാക്ടർ ഇന്നു ലീവിലാണ്. ശ്രീ. വർക്കി വടക്കൻ ഡാക്ടർക്കയച്ച കത്തുകളെപ്പററിയും മററു കാര്യങ്ങളെപ്പററിയും പ്രതിപാദിച്ചുകൊണ്ട് ഡാക്ടർ എനിക്കയച്ചു തന്നിട്ടുള്ള സ്റ്റേറ്റുമെൻറും ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി മേശപ്പുറത്തു വയ്ക്കാം.

ശ്രീ. പി. എസ്. നമ്പൂതിരി: എരുമപ്പെട്ടിയിൽനിന്നു സ്ഥലംമാററിയ ആ ഡാക്ടരെ അവിടെത്തന്നെ നിയമിക്കണമെന്നു സ്ഥലവാസികൾ ആവശ്യപ്പെട്ടിട്ടുള്ള വിവരം അറിയാമോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: നാട്ടുകാർ അതിനുവേണ്ടി സമരം നടത്തിയിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്.

സർ, ഞാൻ കൂടുതലായിട്ടൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഞാൻ വിവരിച്ച അഴിമതികൾ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഇതിനകം കാണിച്ചിട്ടുള്ള നൂറുകണക്കിനു അഴിമതികളിൽ ചില ഉദാഹരണങ്ങൾ മാത്രമാണ്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി രാജിവച്ചിട്ട് ഒരു ജുഡിഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചാൽ, ഞാൻ പറഞ്ഞതായ കേസുകളിൽ മാത്രമല്ല, നൂറുകണക്കിനു അഴിമതിക്കു വിധേയരായിട്ടുള്ള ഡാക്ടർമാരും മററു ഗവണ്മെൻറുദ്യോഗസ്ഥന്മാരും വേണ്ട തെളിവുകൾ നൽകുമെന്നു എനിക്കുറപ്പുണ്ട്. അങ്ങിനെ നൂറുകണക്കിനു കുംഭകോണങ്ങൾ നടന്നിട്ടുണ്ട്.

സർ, ഈ വിവരങ്ങളെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രിക്കു ഏകദേശ പരിജ്ഞാനം ഉണ്ട്. ഇതൊന്നും അറിയാതെയല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യമന്ത്രി നിർദ്ദോഷിയെന്നു പ്രസ്താവിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിക്ക്, നമ്മുടെ മുഖ്യമന്ത്രി, ബൈബിളിലെ 'നല്ല കള്ളൻെറ' സ്ഥാനമാണ് നൽകിയിട്ടുള്ളത്. പരോക്ഷമായി മുഖ്യമന്ത്രി ആരോഗ്യമന്ത്രിയെ സഹായിക്കുന്ന ഒരു പശ്ചാത്തലത്തിൽ കൂടുതലായിട്ടൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. മന്ത്രിസ്ഥാനത്തിരുന്നുകൊണ്ട് പരസ്യമായും രഹസ്യമായും ആ ഉന്നതമായ സ്ഥാനത്തെ മലീമസമാക്കിക്കൊണ്ടിരിക്കുന്ന ആരോഗ്യമന്ത്രിയെ നീക്കംചെയ്തിട്ട് ഒരു ജുഡിഷ്യൽ അന്വേഷണം നടത്തുന്നതിനുള്ള സത്വരനടപടികൾ നടത്താൻ ഈ ഗവണ്മെൻറു തയ്യാറാകണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ നഖശിഖാന്തം ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുഞ്ഞൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇതിൽ പ്രധാനമായി പൊതുമരാമത്തു വകുപ്പിനെപ്പററി ഒന്നുരണ്ടുകാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട കെ. എം. മാണി ചില ആരോപണങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. പ്രതിപക്ഷപാർട്ടിയിലെ ഒരംഗമെന്നനിലയിൽ അദ്ദേഹം ഇത്തരം ആരോപണങ്ങൾ ഉന്നയിക്കാതിരുന്നാൽ മാത്രമേ അതിശയിക്കാനുള്ളു. എന്റെ നിയോജകമണ്ഡലത്തെപ്പററി പറയുകയാണെങ്കിൽ, കഴിഞ്ഞ പത്തു കൊല്ലക്കാലമായി അവിടെ മെററൽപോലും വിരിക്കാത്ത റോഡുകളുണ്ട്. 1960 മുതൽ 1967 വരെ ഇവിടെ ഭരിച്ചിരുന്ന കാൺഗ്രസ്സ്പാർട്ടി അവിടെ നടത്തിയിട്ടുള്ള പൊതുമരാമത്തു പണിയുടെ ചിത്രം പരിശോധിച്ചാൽ, മുഖ്യമന്ത്രി ആയിരുന്ന ശ്രീ. ആർ. ശങ്കർ, അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മകനും, സ്വന്തക്കാർക്കുംവേണ്ടി 2000 ഏക്കർ ഭൂമി പതിച്ചു റബ്ബർ എസ്റ്റേററ് ഉണ്ടാക്കി യതുമാത്രമാണ്. സാധാരണക്കാർക്കു നടക്കാനുള്ള റോഡുകൾ, യാത്രചെയ്യാൻ യാതൊരു സൗകര്യവുമില്ലാതെ, മെററൽപോലും നിരത്താതെ ദയനീയസ്ഥിതിയിൽ കിടക്കുകയായിരുന്നു. ആശുപത്രികളുടെ കാര്യത്തിലും, മററു വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലും ഇന്നുണ്ടായിട്ടുള്ള മാററത്തെപ്പററി ഒന്നും പറയാനില്ലാതെ, തോന്നിയരീതിയിൽ ചില ആരോപണങ്ങൾ ഉന്നയിക്കാനുള്ള തൊലിക്കട്ടികൊണ്ട് പലതും ഇവിടെ പറഞ്ഞതായിട്ടേ കരുതാൻ നിവൃത്തിയുള്ളു.

സർ, ഈ ഗവൺമെന്റു ഭരണാധികാരത്തിൽ വന്നതിനുശേഷം, കഴിഞ്ഞ രണ്ടര കൊല്ലക്കാലംകൊണ്ട്, ഈ നാട്ടിൽ പൊതുമരാമത്തു വകുപ്പിൽ വളരെയധികം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. എങ്കിലും ചില സ്ഥലങ്ങളിൽ ഇനിയും ചില പ്രവർത്തനങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. വികസിച്ച റോഡുകളുടെ കാര്യത്തിൽപ്പോലും പിന്നണിയിൽ കിടക്കുന്ന പ്രദേശങ്ങളുടെ കാര്യത്തിൽ മുൻഗണന നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

രണ്ടാമതായി എനിക്കു പറയാനുള്ളത് ഹരിജൻ ഡിപ്പാർട്ടുമെന്റിന്റെ കാര്യമാണ്. ഇന്ന് ഹരിജൻ ഡിപ്പാർട്ടുമെന്റിന്റെ കഥ വളരെയധികം ശോചനീയമാണ്. ഈ ഡിപ്പാർട്ടുമെന്റിൽ ജോലിചെയ്യുന്നവർക്ക് കഷ്ടിച്ചു ജീവിക്കാനുള്ള ശമ്പളംപോലും കിട്ടുന്നില്ലെന്ന പരാതിയുണ്ട്. ഹരിജനങ്ങൾക്കു അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾപോലും ശരിയായി കിട്ടാത്ത ഒരവസ്ഥയിലാണുള്ളത്. ഗസററഡ് പോസ്റ്റിൽ, 1965 വരെ 135 പോസ്ററ് റിസർവ്വുചെയ്തിരുന്നതിൽ, 14 പോസ്ററുകളിൽ മാത്രമേ ഇതിനകം നിയമനം നടന്നിട്ടുള്ളു. ബാക്കി 121 പോസ്ററുകളിൽ നിയമനം ഇനിയും നടന്നിട്ടില്ല. അതുപോലെതന്നെ ഗവൺമെന്റു നടത്തുന്ന വ്യവസായങ്ങളിലും, ഗവൺമെന്റിനു കൂടുതൽ ഷെയറുള്ള വ്യവസായസ്ഥാപനങ്ങളിലും ഹരിജനങ്ങളായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടത്ര പ്രാതിനിദ്ധ്യം കിട്ടുന്നില്ലെന്നുള്ളത് വളരെയധികം വ്യസനകരമായ ഒരു സംഗതിയാണ്. ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ അധികം ശ്രദ്ധചെലുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഹരിജൻകുട്ടികൾ താമസിക്കുന്ന ഹോസ്റ്റലുകളിലെ ജീവനക്കാർക്ക് 45 രൂപയാണു ശമ്പളം നൽകുന്നത്. പത്തുദിവസത്തേക്കു മതിയാകുന്ന ശമ്പളംപോലും അവർക്കു കൊടുക്കുന്നില്ല. വാർഡന് 45 രൂപയും, കുക്കിനും, വാച്ചർക്കും 25 രൂപ വീതവുമാണ് പ്രതിമാസം അലവൻസു കൊടുക്കുന്നത്. രണ്ടുമൂന്നു ശമ്പളപരിഷ്ക്കരണം നടന്നിട്ടും ഇത്തരം പാവപ്പെട്ട ഹരിജനഡിപ്പാർട്ടുമെന്റു ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ യാതൊരു നടപടിയും എടുത്തുകാണുന്നില്ല. ഈ കാര്യത്തിൽ അടിയന്തിരനടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസകാര്യത്തിലാണെങ്കിൽ മലബാർ ഭാഗത്ത് ഇന്ന് ക്രാഫ്ററു അദ്ധ്യാപകർക്ക് ജോലിയില്ലാതിരിക്കുകയാണ്. മുൻപു പഠിപ്പിച്ചിരുന്നവർ കഴിഞ്ഞ് ഈ ജോലി കിട്ടുമെന്നുള്ള വിശ്വാസത്തോടുകൂടി മററു കോഴ്സുകൾക്കൊന്നും

LIBRARY ARCHIVES Kerala Legislative Assembly

പോകാതെ, മലബാർ ഭാഗത്ത് വളരെയധികം ഒഴിവുണ്ടായിട്ടും ജോലി നിഷേധിക്കപ്പെട്ടുകഴിയുന്ന ക്രാഫ്റ്റ് അദ്ധ്യാപകരുടെകാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. അടുത്തകാലത്ത് നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ക്രാഫ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതല്ലെന്ന് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മലബാർ ഭാഗത്ത് ട്രെയിനിംഗ് കഴിച്ച വളരെയധികം ക്രാഫ്റ്റ് അദ്ധ്യാപകർ, വയസ്സുകഴിഞ്ഞവർ ഉദ്യോഗാർത്ഥികളായിട്ടുള്ളതുകൊണ്ട് അവരുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് ഞാൻ വിദ്യാഭ്യാസമന്ത്രിയോടഭ്യർത്ഥിക്കുകയാണ്.

ഹരിജനവിദ്യാർത്ഥികൾക്കു കൊടുക്കുന്ന ഗ്രാൻറ് എന്തെങ്കിലും സ്ട്രൈക്കുണ്ടായാൽ കൊടുക്കേണ്ടതില്ലെന്ന് ഒരു പ്രഖ്യാപനം വിദ്യാഭ്യാസവകുപ്പിൽ ഉണ്ടായിട്ടുള്ളതായി അറിയുന്നു. എല്ലാം വിദ്യാർത്ഥികളും സമരം നടത്തുന്നുണ്ട്. അങ്ങനെ സമരം നടത്തുന്ന അവസരത്തിൽ പാവപ്പെട്ട ഹരിജൻ വിദ്യാർത്ഥികൾ പഠിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങളിൽ അവർക്ക് അനുവദിച്ചിട്ടുള്ള സ്കാളർഷിപ്പുകൾ നിറുത്തലാക്കുമെന്നു പറയുന്നത് ഖേദകരമാണ്. ഈ ഉത്തരവു പിൻവലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

എസ്സ്. എസ്സ്. എൽ. സി. ക്കു തോൽക്കുന്ന ഹരിജൻ വിദ്യാർത്ഥികളെ രണ്ടാമത്തെ വർഷവും തുടർന്നു പഠിക്കാൻ അനുവദിക്കണമെന്ന് വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രത്യേകിച്ചും വെള്ളപ്പൊക്കംകൊണ്ടു ദുരിതം അനുഭവിച്ചവർക്കു കൂടുതൽ ദുരിതാശ്വാസനടപടികൾ ഗവൺമെൻറിനു സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. അതിനു കൂടുതൽ പണം ചെലവാക്കേണ്ടിവരിക സ്വാഭാവികമാണ്. ഈ അവസരത്തിൽ ഗവൺമെൻറ് ദുരിതാശ്വാസനടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച രണ്ടു വാക്ക് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏററവും പ്രധാനപ്പെട്ട, ഏററവും കൂടുതൽ ഫാക്ടറി ലേബറേഴ്സ് ഉള്ള സംഘടിതമായ തൊഴിലാളികൾ ഏർപ്പെട്ടിട്ടുള്ള ഒരു വ്യവസായം കശുവണ്ടി വ്യവസായമാണ്. ഈ കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒന്നരലക്ഷത്തോളം വരുന്ന തൊഴിലാളികൾ നീതി കിട്ടുന്നതിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ അവർക്കു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ നിലനിറുത്തുന്നതിനുവേണ്ടി മുമ്പു ഗവൺമെൻറുംകൂടി ബാദ്ധ്യസ്ഥത വഹിച്ചു, ഗവൺമെൻറുംകൂടി ഉൾപ്പെട്ടുകൊണ്ടു ഉണ്ടാക്കിയിട്ടുള്ള എഗ്രിമെൻറ് നടപ്പാക്കുന്നതിനായി ഈ മാസം ഏഴാംതീയതി മുതൽ സമരം നടത്തുകയാണ്. വളരെ തുച്ഛമായ വേതനം കിട്ടുന്ന അവരെ സംബന്ധിച്ചിടത്തോളം അഞ്ചാറു ദിവസം ജോലിയില്ലാതാകുക എന്നു പറഞ്ഞാൽതന്നെ ആ കുടുംബങ്ങൾ കൊടുംപട്ടിണിയിലായിത്തീരുമെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ രാജ്യത്തു കക്ഷിഭേദമന്യേ എല്ലാ പാർട്ടികളും എല്ലാ ദിനപത്രങ്ങളും ഈ ഒന്നര ലക്ഷത്തോളം വരുന്ന കുടുംബങ്ങൾ പട്ടിണിയിൽ അമർന്നിരിക്കുകയാണെന്നു വ്യക്തമായിട്ടു പ്രസ്താവിച്ചു കഴിഞ്ഞിരിക്കുകയാണ്. പല വീടുകളിലും തീ പുകയുന്നില്ല. അവർ വളരെയധികം നിരാശാജനകമായി കഴിയുകയാണ്. അങ്ങനെ തൊഴിലാളികളെ പട്ടിണിക്കിട്ടുകൊണ്ടു, തൊഴിലാളികളുടെ പട്ടിണിയെ ചൂഷണംചെയ്തുകൊണ്ടു വളരെയധികം ലാഭം ഉണ്ടാക്കാമെന്നു കരുതി തൊഴിലാളികളുടെ ഈ സമരത്തെ മുതലാളിമാർ പരാജയപ്പെടുത്തുന്നതിനും, പട്ടിണിക്കിട്ടു അവരെ തോൽപ്പിക്കുന്നതിനും പരിശ്രമിക്കുകയാണ്. തൊഴിലാളിസമരത്തിലേയ്ക്കു, സമരഫണ്ടിലേയ്ക്കു പണം കൊടുക്കണമെന്നല്ല ഞാൻ പറയുന്നതു. ഇതൊരു അസാമാന്യസമരമാണ്. എല്ലാ രാഷ്ട്രീയകക്ഷികളുടേയും അംഗങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്, എല്ലാ രാഷ്ട്രീയകക്ഷികളും എല്ലാ ദിനപത്രങ്ങളും ഒരുപോലെ പറയുകയാണ്, തൊഴിലാളികളുടെ പട്ടിണിയെ ചൂഷണം ചെയ്തുകൊണ്ടു ഈ സമരം അടിച്ചമർത്തുന്നതിനാണ് മുതലാളിമാരുടെ പരിശ്രമമെന്നും അതിന്റെ ഫലമായിട്ടു ഇന്നു ദുരിതം അനുഭവിക്കുന്ന ഒന്നരലക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനൊരവസാനം ഉണ്ടാക്കണമെന്നും, ഈ ജനങ്ങളുടെ പട്ടിണി മാററുന്നതിനു അടിയന്തിരമായിട്ടുള്ള നടപടികൾ, ധീരമായി ദുരിത ശ്വാസനടപടികൾ കൈക്കൊള്ളുവാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണു്. ഒരു 50 ലക്ഷം രൂപ അല്ലെങ്കിൽ ഒരു കോടി രൂപ അവക്കു ഇപ്പോൾ വന്നുചേർന്നിട്ടുള്ള ദുരിതാശ്വാസനടപടികൾക്കായി നീക്കിവയ്ക്കുകയാണെങ്കിൽ അതിനെ ഒരു കക്ഷിയും എതിർക്കുമെന്നു വിചാരിക്കുന്നില്ല. കാരണം ഈ സമരത്തിൽ എല്ലാ കക്ഷിയിൽ പെട്ട തൊഴിലാളികളും ഉണ്ടു്. ഈ സമരത്തോടു ഗവണ്മെൻറു് വ്യത്യസ്തമായ ഒരു നയംതന്നെ സ്വീകരിക്കണമെന്നാണു് എനിക്കഭ്യർത്ഥിക്കാനുള്ളതു്. തൊഴിലാളിസമരം അക്രമത്തിലോ ബലാൽക്കാരത്തിലോ ചെന്നാൽ പോലീസിനെ ഇടപെടുത്തുവാൻ അനുവദിക്കുന്നതിനെക്കാൾ എത്രയോ ഉപരിയായിരിക്കും ഈമാതിരി നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ. പോലീസിന്റെ കാര്യത്തിൽ ഈ ഗവണ്മെൻറിനു വ്യത്യസ്തമായ ഒരു നയമുള്ളതു ആശ്വാസകരമാണു്. ഇതിനുമുമ്പു തൊഴിലാളി സമരം ഉണ്ടായാൽ പോലീസിനെ ഉപയോഗിച്ചു സമരം തോൽപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഇന്നു അങ്ങനെ പോലീസിനെ ഉപയോഗിക്കുന്നില്ല എന്നതു ആശ്വാസകരമാണു്. കഴിഞ്ഞ കാലത്തു നാണയം ഇടിഞ്ഞതിന്റെ ഫലമായിട്ടു ധാരാളം ബ്ലാക്കുമണി സമ്പാദിക്കുവാൻ കഴിഞ്ഞ മുതലാളിമാക്കു പത്തോ പതിനഞ്ചോ ദിവസം ഫാക്ടറികൾ ഈ ഓണക്കാലത്തു അടച്ചിടുവാൻ യാതൊരു വൈഷമ്യവുമില്ല. ഈ സമരം കഴിയുന്നത്രവേഗം തീർന്നില്ലെങ്കിൽ കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം ഈ ഓണക്കാലം പട്ടിണിയുടേയും ദുരിതത്തിന്റേയും കാലം ആയിരിക്കും. ഇന്നുതന്നെ തീ പുകയാത്ത അനേക ലക്ഷം വീടുകൾ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഉണ്ടു്. തൊഴിലാളികൾ നീതിക്കുവേണ്ടി സമരം നടത്തുമ്പോൾ അവരെ പട്ടിണിക്കിട്ടു തോൽപ്പിക്കുവാൻ ശ്രമിക്കുന്ന മുതലാളിമാരുടെ പരിശ്രമത്തെ ഗവണ്മെൻറു് പരാജയപ്പെടുത്തേണ്ടതുണ്ടു്. ആ സംരംഭത്തെ പരാജയപ്പെടുത്തുകയും അവരുടെ ദുരിതത്തിനു ഒരവസാനം വരുത്തുകയും ചെയ്യുന്നതിനു് ഗവണ്മെൻറു് ധൈര്യമായി നടപടികൾ സ്വീകരിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുകയാണു്. അതിലേയ്ക്കു് കുറെ കൂടുതൽ തുക ചെലവാക്കിയാലും അതിൽ തെററില്ല എന്നാണു് എനിക്കു് പറയുവാനുള്ളതു്.

അതോടൊപ്പം ഒരു കാര്യംകൂടി എനിക്കു പറയാനുണ്ടു്. ഇവിടെ ഭൂമി സർവ്വേ ചെയ്യുന്നതിലേയ്ക്കു് ഒരു തുക ആവശ്യപ്പെട്ടിരിക്കുകയാണു്. കാർഡമം പ്ലാന്റേഷനു വേണ്ടിയാണു് ആ തുക ആവശ്യപ്പെട്ടിരിക്കുന്നതു്. അങ്ങനെ ലാൻറു് റിക്കാർഡ്സ് ഉണ്ടാക്കേണ്ടതു് അത്യാവശ്യമായ കാര്യമാണു്. ആ കൂട്ടത്തിൽ ഒരു കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തുവാനുണ്ടു്. നമ്മുടെ സംസ്ഥാനത്തു കാർഷികബന്ധ നിയമം ഈ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുകയാണു്. കാർഷികബന്ധ നിയമം ഇതിനുമുമ്പു പാസ്സായിട്ടുള്ള നിയമമാണു്. അതിന്റെ പരിമിതികളും കോട്ടങ്ങളും മാററാൻവേണ്ടി നാം ഒരു ഭേദഗതിനിയമം കൊണ്ടുവന്നിരിക്കുകയാണു്. വളരെ പ്രതീക്ഷയോടുകൂടി നാം പാസ്സാക്കുന്ന നിയമം നടപ്പിൽവരുത്തുന്നതിനു പ്രധാനമായി അനുഭവപ്പെടുന്ന വൈഷമ്യം ആവശ്യമായ രീതിയിൽ അതിനുള്ള മെഷിനറി ഇല്ലാ എന്നുള്ളതാണു് മുമ്പു പാസ്സായ ഭൂനിയമത്തെസംബന്ധിച്ചും വന്ന വൈഷമ്യം ആവശ്യമായ ലാൻറു് റിക്കാർഡ്സ് ഇല്ലായിരുന്നു എന്നുള്ളതാണു്. കാർഡമം എസ്റ്റേററിന്റെ ആവശ്യത്തിലേയ്ക്കു് ലാൻറു് റിക്കാർഡ്സ് ഉണ്ടാക്കുന്നതോടൊപ്പം ഈ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു ഇതു എത്രയും വേഗം പാസ്സാക്കിയെടുത്താലും രേഖയില്ലാത്ത കർഷകക്കു് സംരക്ഷണം നൽകുന്നതിനു് എല്ലാ പ്രദേശത്തും ആവശ്യമായ ലാൻറു് റിക്കാർഡ്സ് ഉണ്ടാക്കുന്നതിനുള്ള പരിശ്രമം ഉണ്ടാക്കേണ്ടതാണു്. അതുപോലെതന്നെ ഭൂനയബില്ലിന്റെ അനിവാര്യത്വം. ഈ നിയമസഭാ സമ്മേളനം ആരംഭിച്ചതുതന്നെ പ്രധാനമായിട്ടും മൂന്നു നിയമങ്ങൾ ഈ സമ്മേളനത്തിൽ പാസ്സാക്കിയെടുക്കുന്നതിനുവേണ്ടിയാണെന്നാണു് എല്ലാവരും വിശ്വസിച്ചിരുന്നതു്. പഞ്ചായത്തുരാജ്ബില്ല്, അഴിമതിനിരോധന

LIBRARY ARCHIVES Kerala Legislative Assembly

ബിൽ, ഭൂപരിഷ്കരണഭേദഗതി ബിൽ. ഈ മൂന്നു നിയമങ്ങളും അതിന്റെ എല്ലാ ഘട്ടങ്ങളും കഴിഞ്ഞു പാസ്സാക്കിയെടുക്കുവാനാണ് നാം ഇവിടെ ഇപ്പോൾ സമ്മേളിച്ചത്. ഞാൻ ഈ ചർച്ചകൾ ആരംഭിക്കുന്നതിനുമുമ്പ് അങ്ങയോട് ബിസിനസ്സ് അഡ്വൈസറി കമ്മററിയുടെ തീരുമാനം എന്താണെന്നു ചോദിച്ചതു അതുകൊണ്ടാണ്. ഇവിടെ ഇപ്പോൾ ധനവിനിയോഗബില്ലിന്റെ ചർച്ചയാണ് നടക്കുന്നത്. സഭയിലെ ഓരോ നിമിഷവും രാജ്യത്തെ ധനം എങ്ങനെ വിനിയോഗിക്കണമെന്നുള്ള തീരുമാനത്തിനായി ചർച്ച നടത്തുകയാണ്. ഈ സഭയുടെ ചരിത്രത്തിൽ ഇതിനു മുമ്പെങ്ങും ഇല്ലാത്ത വിധത്തിൽ ഒന്നാം വായനയും കഴിഞ്ഞു രണ്ടാം വായനയും തുടങ്ങി ഇത്രയും ദിവസം ആയിട്ടും അതു പൂർത്തിയാകാതെ കിടക്കുന്നതിനു എന്താണ് കാരണം. ഇതിനു വന്നിട്ടുള്ള ഭേദഗതികൾ നോക്കുകയാണെങ്കിൽ രണ്ടോ മൂന്നോ മണിക്കൂറുകൾകൊണ്ടു അതു പാസ്സാക്കിയെടുക്കാവുന്നതേയുള്ളു. അതുപോലെതന്നെ ഭൂനയബില്ലിനെസംബന്ധിച്ചും ഈ നിയമസഭയിൽ ചർച്ച ചെയ്തു പാസ്സാക്കാവുന്നതേയുള്ളു. ഇതിനെസംബന്ധിച്ച വ്യക്തമായിട്ടുള്ള ധാരണവേണം. ഭൂനയബിൽ പാസ്സാക്കിയതുകൊണ്ടുമാത്രം അതു നടപ്പിലാക്കുവാൻ സാധിക്കുകയില്ല. ആവശ്യമായ രീതിയിൽ ഉള്ള റിക്കാർഡുകൾ ഉണ്ടാക്കുന്നതിനും രേഖയില്ലാത്ത കർഷകർക്കു സംരക്ഷണം നൽകുന്നതിനും ഇതുപോലുള്ള ലാൻറ് റിക്കാർഡുകൾ എല്ലാ സ്ഥലങ്ങളിലും സൂക്ഷിക്കേണ്ടതു ആവശ്യമാണ്. അതിനു എത്ര കൂടുതൽ ചെലവായാലും ശരി അത്രയും ചെലവാക്കുകതന്നെവേണം. ഇല്ലെങ്കിൽ പണ്ടത്തെ ലാൻറ് ട്രൈബ്യൂണലിൽ വന്നപോലെ ആറുമാസം കഴിഞ്ഞാലും പട്ടയം കൊടുക്കുവാൻ കഴിയുകയില്ല. ഞാൻ നേരത്തെ സൂചിപ്പിച്ച കശുവണ്ടിത്തൊഴിലാളികളുടെ കാര്യം ഒന്നുകൂടി അനുസ്മരിപ്പിച്ചുകൊണ്ടു നാളെതന്നെ അതിനു ഒരു തീരുമാനമുണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ ഉപധനാഭ്യർത്ഥനകളിൽ മിക്കതും ഇതിനു മുമ്പിലത്തെ നടപടിക്രമങ്ങൾപോലെ ലാൻറ് അക്വിസിഷനുവേണ്ടിയുള്ളതാണ്. ഇവിടെ അവതരിപ്പിക്കപ്പെടുന്ന പല ഡിമാൻറുകളും പരിശോധിച്ചാൽ അതിൽ സിംഹഭാഗവും ലാൻറ് അക്വിസിഷനുവേണ്ടി പിൽക്കാലത്തു കോടതിവിധിയുണ്ടാകുന്നതുപ്രകാരം കൊടുക്കുവാനുള്ള തുകയാണ്. ഈ നടപടിക്രമത്തിൽ ഒരു മാററം വരുത്തണമെന്ന് വളരെ പ്രാവശ്യം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഇനിയും അതിനൊരു പരിഹാരം കണ്ടിട്ടില്ല. വളരെ കുറഞ്ഞവില ഭൂമിക്ക് ലാൻറ് അക്വിസിഷൻ ഉദ്യോഗസ്ഥന്മാർ കെട്ടുകയും പിന്നീട് കോടതിയെ സമീപിച്ച് അതിന്റെ പത്തോ പതിനഞ്ചോ ഇരട്ടി വിലയ്ക്ക് വിധി സമ്പാദിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിനു ഏതെങ്കിലും വിധത്തിലുള്ള പ്രതിവിധി ഉണ്ടാകണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ടി. വി. തോമസ്: അതിനൊരു പ്രതിവിധി നിർദ്ദേശിക്കാമോ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: കഴിഞ്ഞ തവണയും ഞാൻ ഇതു പറഞ്ഞിട്ടുണ്ടായിരുന്നു. ഒരു പത്തുകൊല്ലത്തെ ലാൻറ് അക്വിസിഷനെ സംബന്ധിച്ചിട്ടുള്ള കോടതിവിധികൾ സമ്പാദിച്ച് അവ പരിശോധിച്ച് അതിന്റെ ശരാശരി എടുത്തു ഓരോ പ്രദേശത്തും എന്താണ് വില കൊടുക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ച ഒരു പരിപാടി ഗവണ്മെൻറ് ആസൂത്രണം ചെയ്യാതെ സാധിക്കുകയില്ല.

ശ്രീ. ടി. വി. തോമസ്: ലാൻറ് അക്വിസിഷനു നടപടി നടത്തുമ്പോൾ മാർക്കററുവാല്യൂ കണ്ടുപിടിച്ച് ആ പണം കൊടുക്കുകയാണ് പതിവ്. അതിനെ എതിർത്തു കോടതിവിധി സമ്പാദിക്കുകയാണെങ്കിൽ അതു നിറുത്തുന്നതിനു എന്തു പ്രതിവിധിയാണ് നിർദ്ദേശിക്കുവാനുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: മാക്കറ്റുവാല്യു കൊടുക്കുന്നില്ല. ഓരോ പ്രദേശത്തുമുള്ള സൈററുവാല്യു എന്താണെന്നു കണക്കാക്കി വാല്യുവേഷൻ ഉദ്യോഗസ്ഥന്മാർ ഭൂമിക്കു വില നിശ്ചയിക്കാത്തതുകൊണ്ടാണ് ഈ വൈഷമ്യം ഉണ്ടാകുന്നത്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: മാക്കറ്റുവാല്യുവിന്റെ ഇരട്ടി വിലയിൽ കവിഞ്ഞതാണ് കോടതിയിൽ പോയി വിധി സമ്പാദിക്കുന്നത് അതിനടുത്തുള്ള ഒരു വില അക്വിസിഷൻ നടത്തുമ്പോൾ കൊടുക്കുകയാണെങ്കിൽ ഈ വൈഷമ്യം കുറയുകയില്ലേ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഞാനും അതുതന്നെയാണ് പറയുന്നത്. ഒരു പത്തുകൊല്ലത്തെ കോടതിവിധി എടുത്തു പരിശോധിക്കുക, എന്നിട്ടു ഓരോ പ്രദേശത്തേയും ശരാശരി കണക്കാക്കി കൊടുക്കുക.

അടുത്തതായി എനിക്ക് പറയുവാനുള്ളത് പോലീസ് വകുപ്പിലേയ്ക്കു വച്ചിട്ടുള്ള ധനാഭ്യർത്ഥനയെ സംബന്ധിച്ചാണ്. പന്ത്രണ്ടു പുതിയ സർക്കിൾ ആഫീസ് പുതുതായി ഉണ്ടാക്കുന്നതിനു വന്നിട്ടുള്ള അധികച്ചെലവിനു കൊണ്ടുവന്നിരിക്കുന്ന ഡിമാൻറാണ്. അതിന്റെ എക്സ്പ്ലനേറററി നോട്ടിൽ ഒരു ഭാഗത്തു മലപ്പുറം ജില്ലയുണ്ടാക്കിയതുകൊണ്ടു റീ അലോക്കേഷൻ വേണ്ടിവന്നു എന്നു പറയുന്നുണ്ട്. ഞാൻ നോക്കിയിട്ടു മലപ്പുറത്തു ഒരു സർക്കിൾ ആഫീസു മാത്രമേയുള്ളു. മണാർക്കാട്ട് ഒരു സർക്കിൾ ആഫീസ് ഉണ്ടാക്കുവാൻവേണ്ടിയാണ് ഇത്രയും തുക ആവശ്യപ്പെടുന്നതെന്നു ഇതു വായിച്ചാൽ തോന്നിപ്പോകും. ഇതുമാതിരി വായിച്ചാൽ മററുള്ളവക്കു വെപ്രാളം തോന്നുന്ന എക്സ്പ്ലനേറററി നോട്ടുകൾ വരാതെ സൂക്ഷിച്ചാൽ കൊള്ളാമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. അതുപോലെ പോലീസ് ഉദ്യോഗസ്ഥന്മാക്ക് ആവശ്യമായ സംരക്ഷണം ഈ ഗവണ്മെൻറു ചെയ്തുകൊടുക്കണം. എവിടെ കുഴപ്പമുണ്ടായാലും അവർ ഓടിയെത്തണം. ഏതു പാതിരാവിലും അവർ വന്നുചേരണം. അതുകൊണ്ടു ഈ ആഫീസുകളിൽ അവക്കു സഞ്ചരിക്കുന്നതിന് ആവശ്യമായ വാഹനംകൂടി കൊടുക്കേണ്ടതു ആവശ്യമാണ്. മററു സക്കാർ ഉദ്യോഗസ്ഥന്മാക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ, പാർപ്പിടസൗകര്യവും അവരുടെ കുട്ടികളെ പഠിപ്പിക്കുവാനുള്ള സൗകര്യവും ഇവക്കു ലഭിക്കുന്നില്ല എന്നു പരാതിയുണ്ട്. ഇതിന്റെപേരിൽ എത്ര സംഖ്യ ചെലവാക്കിയാലും തരക്കേടില്ല. എല്ലാ ഉദ്യോഗസ്ഥന്മാരേയുംപോലെ സംഘടിക്കുവാനും അങ്ങനെ അവരുടെ അവശതകൾ പരിഹരിക്കുവാനും ഇവക്കു അവകാശമില്ല. അതുകൊണ്ട് ഗവണ്മെൻറ് കണ്ടറിഞ്ഞു ഇവക്ക് താമസിക്കുവാനുള്ള സൗകര്യവും ഇവരുടെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കുന്നതിന് എത്ര തുക ചോദിച്ചാലും അതു അധികപ്പററാകുകയില്ല. അതുപോലെ ഓരോ സർക്കിൾ ആഫീസിനും ഓരോ വാഹനവും കൊടുക്കേണ്ടതു അത്യാവശ്യമാണ്.

11 A.M.] സർ, അടുത്തതായി എനിക്കു പറയുവാനുള്ളത് ഫാമിൻ റിലീഫിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. ഫാമിൻ റിലീഫിൽ കഴിഞ്ഞകൊല്ലം ഈ സക്കാർ വളരെയധികം ഉദാരമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഫാമിൻ റിലീഫിന്റെ കീഴിൽ വളരെക്കൊല്ലങ്ങൾക്കുമുമ്പു തുടങ്ങിവച്ചിട്ടുള്ള പല ജോലികളും തീരാതിരിക്കുകയാണ്, മലബാറിന്റെ തീരപ്രദേശത്തുകൂടി പോകുന്ന സുൽത്താൻ റോഡിന്റെ പണി രാമേശ്വരത്തെ ക്ഷൗരംപോലെ കുറേശ കുറേശ നടത്തിയിട്ടു നിറുത്തിവച്ചിരിക്കുകയാണ്. ഫാമിൻ റിലീഫിലേയ്ക്കു എത്ര പണം നീക്കിവച്ചാലും തരക്കേടില്ല, അതിന്റെ കീഴിൽ തുടങ്ങിവച്ചിട്ടുള്ള പണികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ ഗവണ്മെൻറിൽ നിന്നെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

അടുത്തതായി എനിക്കു പറയുവാനുള്ളത് മെഡിക്കൽ വകുപ്പിലേയ്ക്കു നീക്കിവച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ സംബന്ധിച്ചാണ്. അതിനെ സംബന്ധിച്ചാണ് ഇവിടെ വളരെയധികം പരാമർശനങ്ങളുണ്ടായതു. ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി പല സന്ദർഭങ്ങളിലും ഈ നിയമസഭയിൽ വച്ചുതന്നെ രൂക്ഷമായ വിമർശന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് പാത്രീഭൂതനായിട്ടുണ്ട്. മുമ്പുണ്ടാകാറുള്ളതുപോലെയുള്ള വിമർശനങ്ങൾ ഇന്നും ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രിയെ സംബന്ധിച്ചിടത്തോളമുണ്ടായി. ഇതിനൊരു നിവാരണ മാർഗ്ഗം ഉണ്ടാക്കിക്കൂടേയെന്നാണ് ഞാൻ ചോദിക്കുന്നത്. ഇനി മേലാലെങ്കിലും ഈ രീതിയിലുള്ള വിമർശനങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെൻറിൽ നിന്നെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇന്ന് പ്രധാനമായി പൊന്തിവന്നിട്ടുള്ള ആരോപണം മെഡിക്കൽമന്ത്രി അവിശുദ്ധമായി അഡ്മിഷൻ കാര്യത്തിൽ ഇടപെട്ടുവെന്നുള്ളതിനെ സംബന്ധിച്ചാണ്. അതിൽ വിശ്വസിക്കാൻ സാധിക്കാത്ത ഒരു ഘട്ടത്തിലല്ല ഞാൻ നിൽക്കുന്നത്. എന്റെ അഭിപ്രായം മുഴുവൻ കേട്ടിട്ട് പ്രതിപക്ഷത്തുള്ളവർ കൈയടിച്ചാൽ കൊള്ളാമായിരുന്നു. ഓരോ കൊല്ലവും മെഡിക്കൽ കോളേജിലേക്കുള്ള അഡ്മിഷൻ വരുമ്പോൾ ഹൈക്കോടതിയിൽ നിന്നും ഡയറക്ടീവ്സ് വരും. എന്താണ് അതിനുള്ള കാരണം ? അർഹരായ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കുകയില്ല. അവർ കോടതിയിൽ പോകും. ഇത്തരം സംഭവങ്ങൾ എല്ലാ കൊല്ലവും ഉണ്ടാകുന്നതായി പത്രങ്ങൾ വായിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ഈ രംഗത്ത് കർശനമായി അഡ്മിഷൻ വ്യവസ്ഥകൾ പാലിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കർശനമായ നിർദ്ദേശം ഗവണ്മെൻറിൽ നിന്നും കൊടുക്കേണ്ടതാണ്. ഏത് മന്ത്രിയെപ്പററിയായാലും ഇവിടെയുണ്ടാകുന്ന വിമർശനങ്ങളും പരാമർശനങ്ങളുമെല്ലാംതന്നെ പരിശോധിക്കണം. അങ്ങനെ പരിശോധിച്ചതിനുശേഷം അത് ശരിയാണെങ്കിൽ ശരിയാണെന്നും, ശരിയല്ലെങ്കിൽ ശരിയല്ലെന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടത് ഗവണ്മെൻറിന്റെ കടമയാണ്. ഇവിടെ അവതരിപ്പിച്ച അഴിമതി നിരോധന ബില്ലിന്റെ സെലക്ട്കമ്മിററിയിൽവച്ച് ആ കമ്മിററി സമാപിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി, ഈ ബില്ലിന്റെ എല്ലാ തത്വങ്ങളും ഉൾക്കൊള്ളുന്ന വകുപ്പുകൾ മററു ചില നിയമങ്ങളിലുമുണ്ടെന്ന്. പ്രിവൻഷൻ ആഫ് കറപ്ഷൻ ആക്ടിൽ മന്ത്രിമാരെ പബ്ളിക്ക് സർവെൻട്ട് എന്ന വിഭാഗക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഒരു സുപ്രീം കോടതി വിധി ഉദ്ധരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. പിന്നെ ബാക്കിയുള്ളത് എം. എൽ. ഏ. മാർ മാത്രമാണ്. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടനുസരിച്ച് വിന്ധ്യാ പ്രദേശത്തുള്ള ഒരു മന്ത്രിയെ ശിക്ഷിച്ചതായ 1953—ലെ സുപ്രീം കോടതി വിധിയാണ് അദ്ദേഹം കോട്ടു ചെയ്തത്. മന്ത്രിമാരെപ്പററി അന്വേഷിക്കാനും അവരുടെ മേൽ നടപടികൾ എടുക്കാനും ആവശ്യമായ പ്രൊവിഷൻ ഇപ്പോൾ തന്നെ നിലവിലുള്ള സ്ഥിതിക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികളെടുക്കേണ്ടതാണ്. ആരോഗ്യമന്ത്രിയുടെ പേരിലായാലും മററ് ഏത് മന്ത്രിയുടെ പേരിലായാലും വരുന്ന ആരോപണങ്ങളെപ്പററി അന്വേഷിച്ച് വേണ്ട നടപടികൾ എടുക്കേണ്ടതാണ്. ഈ നാട്ടിൽ ജനകീയ മന്ത്രിമാരാണുള്ളതെന്നും, സംശുദ്ധമായ ഒരു സർക്കാരാണ് ഇവിടെയുള്ളതെന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ കാര്യം വീണ്ടും വീണ്ടും തറപ്പിച്ചു പറയുന്നത്. ഇതിൽ ഒരു കാരണവശാലും സർക്കാർ പുറകോട്ടു പോകരുതെന്നും, യാതൊരുവിധത്തിലുള്ള ചാഞ്ചല്യവും കാണിക്കരുതെന്നുമാണ് എനിക്ക് പറയുവാനുള്ളത്. ഇത്തരം പ്രശ്നങ്ങൾ ഈ നിയമസഭയിൽ വീണ്ടും ഉന്നയിക്കാനുള്ള അവസരം സൃഷ്ടിക്കരുതെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. ആരോഗ്യവകുപ്പിലേക്കുവേണ്ടി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥന ഒരു അധികപ്പററായിരിക്കുകയില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. കാരണം നമ്മുടെ നാട്ടിൽ ആവശ്യത്തിനുള്ള ഡോക്ടറന്മാരില്ലെന്നും മരുന്നില്ലെന്നുമുള്ള പരാതി വളരെയധികം പൊങ്ങിവരുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറു ശരിയായും ആത്മാർത്ഥമായും പ്രവർത്തിക്കുന്നുണ്ടോയെന്ന് നോക്കിയാൽ പല ഭാഗങ്ങളിലും ശരിയായും ആത്മാർത്ഥമായും പ്രവർത്തിക്കുന്നില്ലെന്ന് കാണാവുന്നതാണ്. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഒരു താലൂക്ക് ആശുപത്രിയിൽ മുക്കാൽ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തോളം രൂപ വിലവരുന്ന ഒരു എക്സ്റേ പ്ലാൻറ് വരുത്തുകയുണ്ടായി. അത് സ്ഥാപിക്കുന്നതിനു നാട്ടുകാർ പിരിച്ചെടുത്ത അര ലക്ഷത്തോളം രൂപ ചെലവാക്കി ഒരു കെട്ടിടവും ഉണ്ടാക്കി. പക്ഷെ ആറുമാസത്തോളമായിട്ടും ആ എക്സ്റേ പ്ലാൻറ് സ്ഥാപിക്കുന്നതിനോ അത് റൺ ചെയ്യിക്കുന്നതിനോ സാധിച്ചിട്ടില്ല. കേടുവന്നുപോയിയെന്ന് പറയാൻ നിവൃത്തിയില്ല., കാരണം പാക്കറ്റുപോലും പൊളിക്കാതിട്ടിരിക്കുകയാണ്. ഇത് പ്രവർത്തനക്ഷമമാക്കാനുള്ള ചുമതല മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻേറതാണ്. പക്ഷെ അവരുടെ ചുമതല വേണ്ടവിധത്തിൽ നിർവ്വഹിക്കുന്നില്ലെന്ന് കാണാവുന്നതാണ്. ഇത്തരത്തിലുള്ള ഒരു നിലപാട് അവസാനിപ്പിക്കുന്നതിനുവേണ്ടി ഈ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരും അതിൻെറ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ടമന്ത്രിയും കർശനമായും ആത്മാർത്ഥമായും ശ്രമിക്കണമെന്നാണ് എനിയ്ക്ക് പറയുവാനുള്ളത്.

സർ, ലാൻഡ് സർവ്വെ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളമാണ് എനിക്ക് അടുത്തതായി പറയുവാനുള്ളത്. മലബാർ ഭാഗത്ത് ധാരാളം അൺ സർവ്വേയ്ഡ് ലാൻഡ്സ് ഉണ്ട്. അൺ സർവ്വേയ്ഡ് ലാൻഡ് സർവ്വെ ചെയ്ത് തിട്ടപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തുടങ്ങാൻ പോകുന്നുവെന്ന് വളരെക്കാലമായി പറയുന്നുണ്ടെങ്കിലും ഇന്നുവരെയായിട്ടും നടപ്പിൽ വന്നിട്ടില്ല. ഇതിനുവേണ്ടി ആവശ്യമായ ട്രെയിനിംഗ് ലഭിച്ച സ്റ്റാഫിനെ കിട്ടുന്നതിനു നമ്മുടെ സംസ്ഥാനത്ത് ഒരു പ്രയാസവുമില്ല. അക്കാര്യം ഈ നിയമസഭയിൽതന്നെ പൊന്തിവന്നിട്ടുള്ളതാണ്. ഭൂനയബിൽ പാസായാൽ മാത്രമേ ഇതെല്ലാം സാധിക്കുകയുള്ളുവെന്നുണ്ടെങ്കിൽ ആ ബിൽ ഉടനടി പാസാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൂമിയില്ലാത്ത പാവപ്പെട്ട കർഷകർക്ക് ഭൂമി കിട്ടാനുള്ള അവസരം ഭൂനയബില്ലുകൊണ്ടുണ്ടാവുകയാണെങ്കിൽ എന്തുകൊണ്ടാണ് ആ ബിൽ പാസാക്കുന്നതിന് താമസിപ്പിക്കുന്നത്? ആ ബിൽ പാസാക്കുന്നതിൽ ഈ നിയമസഭയിലുള്ള ആരുംതന്നെ എതിരായിരിക്കുകയില്ലെന്നാണ് തോന്നുന്നത്. ഓണം അവധി കഴിഞ്ഞിട്ട് ഉടനെതന്നെ നിയമസഭ കൂടി ഭൂനയബിൽ പാസാക്കുന്നതിൽ ഈ ഭാഗത്തുള്ള എല്ലാവരും സമ്മതിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഭൂനയബില്ലിൽ പല നടപടികളും പൂർത്തിയാകാതെ കിടക്കുകയാണെന്നുപറഞ്ഞു. അങ്ങനെയുണ്ടെങ്കിൽ അവ പൂർത്തിയാക്കി കഴിയുന്നതുംവേഗം ആ ബിൽ ഇവിടെ കൊണ്ടുവന്ന് പാസാക്കേണ്ടതാണ്. ആ ബിൽ പാസാക്കുന്നതിൽ ചില വിഭാഗത്തിൽപ്പെട്ട ആളുകളെല്ലാം എതിരാണെന്നുള്ള ഒരു ധാരണ ജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്നതു ശരിയല്ല. ഭൂനയബിൽ കഴിയുന്നതും വേഗം പാസാക്കി ആവശ്യമായ സ്റ്റാഫിനെ നിയമിച്ചു സർവ്വെ ചെയ്യാത്ത ഭൂമികൾ സർവ്വെ ചെയ്യുന്നതിനുള്ള നടപടികൾ കഴിയുന്നതും വേഗം എടുക്കേണ്ടതാണ്. അതിനുവേണ്ടി എത്ര സംഖ്യ പാസാക്കിത്തരുന്നതിനും ഞങ്ങൾ തയ്യാറാണ്. ഈ ഡിമാൻറുകളെയെല്ലാം അനുകൂലിച്ചുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. ഗംഗാധരൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. അതോടൊപ്പം പൊതുവായി ഒരു കാര്യം ഗവണ്മെൻറിനെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇവിടത്തെ ഗവണ്മെൻറ് ആവിഷ്ക്കരിക്കുന്ന നയങ്ങളല്ല ഉദ്യോഗവൃന്ദം കൈക്കൊള്ളുന്നതെന്ന് ബന്ധപ്പെട്ട മന്ത്രിമാരെയും സർക്കാരിനേയും അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സാധുക്കൾക്ക് നന്മ വരുന്ന ഏതു കാര്യമായാലും അവ നടപ്പിലാക്കുന്നതിന് എതിരാണ് നമ്മുടെ സംസ്ഥാനത്തുള്ള ഒരു നല്ല വിഭാഗം ഉദ്യോഗസ്ഥവൃന്ദം. പണക്കാരായ ആളുകൾക്കുവേണ്ടി ഉദ്യോഗസ്ഥന്മാർ ഏതു ഉത്തരവു പുറപ്പെടുവിക്കുന്നതിനും അവ പാസാക്കുന്നതിനും നടപ്പിലാക്കുന്നതിനും തയാറാകും. പല പല ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് ഇവയെപ്പറ്റി പറയാനുണ്ടെങ്കിലും സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനു തയ്യാറാകുന്നില്ല. പാവപ്പെട്ട കൃഷിക്കാർക്ക് വിത്ത് വിതരണം ചെയ്യുന്നതിലും

LIBRARY ARCHIVES Kerala Legislative Assembly

വളം വിതരണം ചെയ്യുന്നതിലും, അവക്കാവശ്യമായ വായ്പകൾ കൊടുക്കുന്നതിലും എല്ലാംതന്നെ വളരെയധികം പക്ഷപാതമാണ് ഈ ഉദ്യോഗസ്ഥന്മാർ കാണിക്കുന്നത്. ഇതേപോലെതന്നെ വ്യവസായവകുപ്പിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ നോക്കിയാലും ഈ പക്ഷപാതം മനസ്സിലാക്കാവുന്നതാണ്. കൈയ്യൂക്കുള്ളവരും കൂടുതൽ ധനശേഷിയുള്ളവരുമായ വലിയ മുതലാളിമാർ പണം കടം വാങ്ങിച്ചുകൊണ്ടു പോയാൽ തിരിച്ചു കൊടുക്കുന്നില്ല. ഞാൻ അതിനൊരുദാഹരണം പറയാം. എന്റെ കൈവശമിരിക്കുന്ന ചെറുകിടവ്യവസായ കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ടിന്റെ 17-ാം പേജിൽ ഒരു വ്യവസായത്തിന് അഞ്ചാറുകൊല്ലത്തിനുമുമ്പ് ഒരു ലക്ഷം രൂപ കടംകൊടുത്തതായി കാണുന്നു. അതിനുശേഷം അതിന്റെ പലിശയായിട്ടോ യാതൊന്നുംതന്നെ തിരിച്ചടച്ചിട്ടില്ലെന്ന് കാണുന്നു. എന്തുകൊണ്ട് അഞ്ചാറുകൊല്ലത്തിനുമുമ്പ് കടം കൊടുത്ത ഈ ഒരു ലക്ഷം രൂപ തിരിച്ചുവാങ്ങിക്കുന്നതിനുള്ള നടപടികൾ എടുത്തില്ല ? നേരെമറിച്ച് പാവപ്പെട്ട ആളുകൾക്ക് ഈ വിധത്തിലുള്ള ധനസഹായം കിട്ടുന്നതിന് പലവിധത്തിലുള്ള പ്രതിബന്ധങ്ങളുമുണ്ട്. ആ പ്രതിബന്ധങ്ങളെല്ലാം തരണംചെയ്ത് പണം കിട്ടിയാൽതന്നെ, അവരിൽ നിന്നും കർശനമായി അത് തിരിച്ചുവാങ്ങിക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യും. ഇതുപോലെ പല സംഭവങ്ങളും ചൂണ്ടിക്കാണിക്കാനുണ്ടെങ്കിലും സമയച്ചുരുക്കംകൊണ്ട് അവയൊന്നുംതന്നെ വിശദീകരിക്കുന്നില്ല. ഈ ധനാഭ്യർത്ഥനയിൽ കപ്പൽനിർമ്മാണകേന്ദ്രത്തിന് നല്ല ഒരു തുക ആവശ്യപ്പെട്ടിട്ടുണ്ട്. ആ തുക ആവശ്യപ്പെട്ടിട്ടുള്ളത് കപ്പൽനിർമ്മാണകേന്ദ്രത്തിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള വില കൊടുക്കുന്നതിനുവേണ്ടിയാണ്. കപ്പൽനിർമ്മാണ കേന്ദ്രത്തിന് സ്ഥലമെടുക്കുന്ന കാര്യത്തിൽ പാവപ്പെട്ട ആളുകളോട് ദ്രോഹകരമായിട്ടാണ് പെരുമാറുന്നത്. ഈയിടെ അവിടെ രസകരമായ ഒരു സംഭവം ഉണ്ടായത് എല്ലാവരും അറിഞ്ഞിരിക്കുമെന്ന് വിശ്വസിക്കുന്നു. അതായത് കുട്ടികൾ കടലാസു കൊണ്ടുള്ള കപ്പൽ ഉണ്ടാക്കി വെള്ളത്തിലിട്ട് കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ ജൂബിലി ആഘോഷിക്കുകയുണ്ടായി. കപ്പൽനിർമ്മാണകേന്ദ്രത്തിനാവശ്യമായ സ്ഥലം എടുക്കുമ്പോൾ അതിനുകൊടുക്കുന്ന വില വളരെ അപര്യാപ്തമാണ്. അതിന്റെ ഫലമായി ചിലയാളുകൾ കോടതിയിൽപോകുന്നു. കേസ് കൊടുത്തു വാദിച്ചു സ്ഥാപിക്കാൻ കഴിവുള്ള ആളുകൾക്ക് ഭൂമിയെടുക്കുമ്പോൾ കൂടുതൽ പൈസ കൊടുക്കുന്നു. എന്നാൽ പാവപ്പെട്ട ആളുകളുടെ കൈവശമുള്ള സ്ഥലം എടുക്കുമ്പോൾ തുച്ഛമായ പ്രതിഫലമാണ് കൊടുക്കുന്നത്. ഉദ്യോഗസ്ഥന്മാരുടെ പക്ഷപാത നടപടികളുടെ ഫലമായിട്ടാണ് ഈ സാധുജനദ്രോഹം നടക്കുന്നത്. പാവങ്ങളെ തിരക്കിട്ട് ഒഴിപ്പിച്ചശേഷം ഇപ്പോൾ അവിടെയുള്ള കെട്ടിടങ്ങൾ വാടകക്കു കൊടുക്കുകയാണ്. കപ്പൽനിർമ്മാണകേന്ദ്രത്തിനാവശ്യമായിവരുമ്പോൾമാത്രം അക്വയർ ചെയ്യുകയും, അവിടെനിന്നും അപ്പോൾമാത്രം ഒഴിപ്പിക്കപ്പെടുകയും ചെയ്യുകയും പര്യാപ്തമായ വില കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

എന്റെ നിയോജകമണ്ഡലം ആറേഴ് ദ്വീപുകൾ ചേർന്നതാണ്. അവിടെയുള്ള ദ്വീപുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് പാലങ്ങൾ ഉണ്ടാക്കേണ്ടതാവശ്യമാണ്. പക്ഷെ ഇതിൽ അവിടെ പാലം കെട്ടുന്നതിനാവശ്യമായ തുക ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. അവിടെ പാലങ്ങൾ കെട്ടുന്നതിനെപ്പറ്റി കൊല്ലങ്ങൾക്കുമുമ്പ് ഡി. ഡി. സി.യും കളക്ടറും റിപ്പോർട്ടു ചെയ്തതാണ്. പക്ഷെ ഇതുവരെയായി അതിന്റെ പ്രവൃത്തി ആരംഭിക്കുകയോ പണം ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല. കോമൻതുരുത്തി—നെട്ടൂർ പാലം പണികഴിപ്പിക്കുകയാണെങ്കിൽ എറണാകുളവും കൊച്ചിയുമായി യോജിപ്പിക്കുന്നതിനും അവിടെയുള്ള ആളുകൾക്ക് അവരുടെ നിത്യതൊഴിൽ എടുക്കുന്നതിനും സാധിക്കുന്നതുമാണ്. കോമൻതുരുത്തി പാലവും നെട്ടൂർപാലം റോഡ് എന്നിവയും ഇതുവരെയായിട്ടും പണിയാൻ അനുവാദം നൽകാത്തതുകൊണ്ട് അവിടെയുള്ള ആളുകൾ ഇന്നലെയൊരു ഹർത്താൽ നടത്തിയതായി അറിയുന്നു. കോമൻതുരുത്തി പാലത്തിന്റെ പണിയും കപ്പൽനിർമ്മാണ കേന്ദ്രത്തിന്റെ പണിയും നീണ്ടുനീണ്ടു പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുമ്പ് അവിടെ ആർ. ഡി. ഒ. യും ഇപ്പോൾ കളക്ടറുമായിരിക്കുന്ന ശ്രീ. കൃഷ്ണകുമാർ സമർപ്പിച്ച റിപ്പോർട്ട് ഇപ്പോഴും നടപ്പിൽവരുത്താത്തതുകൊണ്ട് ആറായിരം ഏക്കർ സ്ഥലത്തെ കൃഷി ഉപ്പുവെള്ളം കയറി നശിച്ചുപോകുകയാണ്. ഇതെല്ലാം സമയത്തിന് നടപ്പിലാക്കാത്തതിന് ഉത്തരവാദികൾ ഈ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരാണ്.

പോലീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എറണാകുളത്തും കൊച്ചിൻ ഐലണ്ടിലും ഉള്ള പോലീസുകാർക്ക് അടിയന്തിരമായി കേസ് അന്വേഷിക്കാൻ പോകുന്നതിനുവേണ്ട വാഹനങ്ങൾ ഇല്ല. സ്വർണ്ണത്തിന്റെയും മററു കള്ളക്കടത്തിന്റെയും കേന്ദ്രമായി മാറിയിരിക്കുന്ന കൊച്ചി ഹാർബറിൽ പോലീസുകാർക്ക് വളരെവേഗം പോയി അന്വേഷണം നടത്തുന്നതിന് സാധിക്കാതെയാണിരിക്കുന്നത്. അതുകൊണ്ട് പോലീസുകാർക്ക് കേസ് അന്വേഷിക്കുന്നതിനുവേണ്ടി പോകുന്നതിനാവശ്യമായ വാഹനങ്ങൾ നൽകേണ്ടതാണ്. ലാ ആൻഡ് ഓർഡർ ഡി. വൈ. എസ്. പി. ഓഫീസും സർക്കിൾ ഇൻസ്പെക്ടർമാരുടെ ഓഫീസുമെല്ലാം എറണാകുളം നോർത്ത് സ്റ്റേഷനിലാണിപ്പോൾ. അവിടെ ആവശ്യമായ മററു സൗകര്യങ്ങളൊന്നുംതന്നെ ചെയ്തുകൊടുത്തിട്ടുമില്ല.

എഴുപത്തയ്യായിരത്തോളം വരുന്ന നാവിക തൊഴിലാളികൾ ഇന്ന് തൊഴിലില്ലായ്മകൊണ്ട് നരകിക്കുകയാണ്. ഇവരുടെ തൊഴിലില്ലായ്മയെസംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ടുചെയ്യുന്നതിന് പത്തുകൊല്ലത്തിനുമുമ്പ് ഒരു കമ്മീഷനെ നിയമിക്കുകയും റിപ്പോർട്ടുചെയ്യുകയും ചെയ്തിട്ടുള്ളതാണ്. പക്ഷെ ആ റിപ്പോർട്ട് ഇതുവരെയായിട്ടും പ്രസിദ്ധീകരിച്ചിട്ടില്ല; അതിൽ പറയുന്ന കാര്യങ്ങൾ ഒന്നു നടപ്പിലാക്കിയിട്ടുമില്ല. വളരെയധികം പണം ചെലവഴിച്ച് റിപ്പോർട്ടുവരുത്തിയിട്ട് അത് നടപ്പിലാക്കാതിരിക്കുകയാണ്. ഇക്കാര്യങ്ങളിലെല്ലാം പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ടും ഈ സപ്ലിമെൻററി ഡിമാൻറുകളെ അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ ജി. ഗോപിനാഥൻപിള്ള: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ലാൻറ് റവന്യൂ വകുപ്പിൽ തുക ആവശ്യപ്പെട്ടിരിക്കുന്നത്, ദേവികുളത്തെ ഏലത്തോട്ടങ്ങളുടെ സെററിൽമെൻറിനാണ്. അത് അത്യാവശ്യമായ കാര്യമാണ്. അതേസമയം നമ്മുടെ സ്റ്റേററിലുള്ള ഭൂമി മുഴുവൻ സർവ്വേ ചെയ്യേണ്ടതും അത്യാവശ്യമാണ്. സർവ്വേ ചെയ്യാത്ത ഭൂമി ധാരാളമുള്ള നമ്മുടെ സ്റ്റേററിൽ സർവ്വേ സ്റ്റാഫിനെ കൂടുതൽവച്ചുകൊണ്ട് ലാൻറ് മുഴുവൻ സർവ്വേ ചെയ്യേണ്ടത് ഏററവും അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. അതിനുവേണ്ടി എത്ര തുക ചെലവാക്കിയാലും കുഴപ്പമില്ല. അതിനുവേണ്ടി എത്ര തുക വേണമെങ്കിലും അനുവദിക്കേണ്ടത് നമ്മുടെ പ്രാഥമികമായ ചുമതലയാണ്. അതുപോലെതന്നെ ഭൂപരിഷ്കരണ ഭേദഗതി ബിൽ ഈ അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുണ്ട്. അതു എത്രയുംവേഗം നടപ്പാക്കേണ്ടതായിരുന്നു. ഓണം കഴിഞ്ഞു ഒരു സെഷൻ വിളിച്ചുകൂട്ടി ആ നിയമം പാസാക്കേണ്ടതു അത്യാവശ്യമായ കാര്യമാണ്. പഞ്ചായത്തുരാജ് ബില്ലും സെലക്ററുകമ്മിററി റിപ്പോർട്ടും അവതരിപ്പിച്ചിട്ടുണ്ട്. ഈ രണ്ടു ബില്ലുകളും സെലക്ററുകമ്മിററി കൂലങ്കഷമായി പരിശോധിച്ചതിനുശേഷം റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിച്ചിരിക്കയാണ്. അതുകൊണ്ട് ഓണം കഴിഞ്ഞയുടനെ ഒരു സെഷൻ വിളിച്ചുകൂട്ടി ഈ രണ്ടു ബില്ലുകളും പാസാക്കണം. അതേമാതിരിതന്നെ പബ്ലിക്ക്മെൻ എൻക്വയറീസ് ബില്ലും, കടനിവാരണ ബില്ലും പാസാക്കണം. ഈ നാലു ബില്ലുകളും പാസാക്കിയാൽ മാത്രമേ എന്തെങ്കിലും സാരമായ നിയമനിർമ്മാണങ്ങൾ നടപ്പിലാക്കി എന്നു നമുക്ക് അഭിമാനിക്കാൻ കഴിയുകയുള്ളു. ജനങ്ങൾ ആവേശത്തോടുകൂടി കാത്തിരിക്കുന്ന ഈ നാലു നിയമങ്ങളും അടുത്ത സെഷനിലെങ്കിലും പാസാക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ഇവിടെ പോലീസ് ഉദ്യോഗസ്ഥന്മാരുടെ കാര്യത്തെപ്പററി പറഞ്ഞു. ആരും ഏതു സമയത്തുചെന്നു വിളിച്ചാലും ഇറങ്ങിച്ചെന്നു കാര്യങ്ങൾ അന്വേഷിക്കേണ്ടവരാണ് പോലീസുകാർ. തൊഴിൽ പ്രശ്നമുണ്ടായാലും, മറേറതു പ്രശ്നമുണ്ടായാലും അവിടെയെല്ലാം ഇടപെട്ട് സമാധാനപരമായ അന്തരീക്ഷമുണ്ടാക്കാൻ പോലീസ് ആവശ്യമാണ്. ശ്രീ. പി. ഗംഗാധരൻ പറഞ്ഞതുപോലെ വേണ്ടത്ര വാഹനസൗകര്യങ്ങൾ യഥാസമയം ഇന്നു അവർക്ക് കിട്ടുന്നില്ലെന്നുള്ളതു് ഒരു വസ്തുതയാണ്. നമ്മുടെ ബ്ലോക്കുകളിലുള്ള ജീപ്പുകളെടുത്ത് പോലീസ് സ്റ്റേഷനുകൾക്ക് കൊടുക്കുകയാണെങ്കിൽ കൂടുതൽ വാഹനസൗകര്യമുണ്ടാകും. പോലീസുകാർ കുറച്ചുകൂടി കാര്യമായി വേലചെയ്യുകയും ചെയ്യും. ഗുരുതരമായ പ്രശ്നങ്ങളുണ്ടാകുമ്പോൾ ഇടപെട്ട് സമാധാനപരമായ അന്തരീക്ഷം സംജാതമാക്കാൻ പോലീസിനു് കർത്തവ്യമുണ്ട്. ആ കർത്തവ്യം ഇന്നു അവർ ഏകദേശം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത കാലംവരെ പോലീസുകാർക്ക് കിട്ടിക്കൊണ്ടിരുന്ന 35 രൂപയുടെ അലവൻസ് പേ കമ്മീഷന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നിറുത്തലാക്കിയിരിക്കുകയാണ്. പ്രകടനം നടത്താനും സത്യാഗ്രഹം നടത്താനും അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ ന്യായമായ ഈ അലവൻസ് നിറുത്തലാക്കിയതിനെതിരായി അവർ സത്യഗ്രഹം അനുഷ്ഠിക്കുമായിരുന്നു. ഈ കാര്യം ഗവൺമെന്റ് പരിശോധിക്കണം. ഇവിടെ പുതുതായി 12 സർക്കിൾ ആഫീസ് ഉണ്ടാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കണമെങ്കിൽ സ്റ്റാഫിന് ന്യായമായി കിട്ടേണ്ട അലവൻസും, വേണ്ട വാഹനസൗകര്യങ്ങളും അനുവദിച്ചുകൊടുക്കണം. ഏതായാലും സംതൃപ്തരായ ഒരു പോലീസ് വിഭാഗം ഇവിടെ നിലവിലില്ലെന്നു വരികയാണെങ്കിൽ ക്രമസമാധാന നില പാടേ തകരാറിലാകുമെന്നു ഞാൻ ഭയപ്പെടുകയാണ്.

ശ്രീ. ഇ. ജോൺജേക്കബ്ബ് : പോലീസുകാരുടെ ന്യായമായ അവകാശങ്ങൾ അനുവദിച്ചുകൊടുത്തില്ലെങ്കിൽ വെസ്റ്റ് ബംഗാൾ അസംബ്ലിയിൽ നടന്ന അപകടം ഇവിടെയും ഉണ്ടാകുമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നതു് ?

ശ്രീ. ജി. ഗോപിനാഥൻപിള്ള : അതു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണ്. നമ്മുടെ നിയമസഭയും പാർലമെന്റുമെല്ലാം അതിന്റെ അന്തസ് പരിപാലിച്ചുകൊണ്ടിരിക്കുകയാണ്. കേരള നിയമസഭ വളരെ അന്തസായി പെരുമാറുന്ന ഒരു സഭയാണ്. നിങ്ങൾ തമ്മിൽ വഴക്കുണ്ടാക്കി ഇവിടെ അത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടാക്കരുതെന്നാണ് എനിക്ക് പറയാനുള്ളതു്. അതുകൊണ്ടു പോലീസുകാർക്കുവേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണം. മലപ്പുറത്തെ കാര്യം എടുക്കുകയാണെങ്കിൽ അവിടെ ആംഡ് റിസർവ്വ് പോലീസുകാർക്ക് താമസിക്കാൻ സൗകര്യമില്ല. ഉള്ള ബാരക്ക്സുകൾതന്നെ വേണ്ട രീതിയിൽ മെയിൻറനൻസ് നടത്തിയിട്ടില്ല. നമ്മുടെ പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റ് തുക മുടക്കി വേണ്ട മെയിൻറനൻസ് പണികൾ നടത്തുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. നമ്മുടെ ഐ. ജി. ആഫ് പോലീസിനു് കുറച്ചു തുക അലോട്ടുചെയ്തു കൊടുക്കുകയാണെങ്കിൽ കുറേ ബാരക്ക്സുകൾ ഭംഗിയാക്കാൻ സാധിക്കും. പോലീസ് സ്റ്റേഷനുകളിലാണെങ്കിൽ സബ് ഇൻസ്പെക്ടറക്കുപോലും ഇരിക്കാൻ കസേരയില്ല. പണ്ടത്തെ വക്കീലാഫീസിലെ കഥപോലെയാണ്. മൂന്നുകാലുള്ള കസേരയും മററും ഒക്കെയാണ് അവിടെ ഉള്ളതു്. അതുകൊണ്ടു് പോലീസ് സ്റ്റേഷനുകളിൽ വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കേണ്ട ചുമതല നമുക്കുണ്ട്.

നമ്മുടെ ആശുപത്രികളിലെ കാര്യം പറയുകയാണെങ്കിൽ ആരോഗ്യമന്ത്രി മിന്നൽ പരിശോധനകളൊക്കെ നടത്തുന്നതു് കൊള്ളാം; അതു് നടത്തേണ്ടതാണ്. എല്ലാ സ്ഥലത്തും നടത്തണം. ആലപ്പുഴ ആശുപത്രിയിൽ കഴിഞ്ഞ വെള്ളപ്പൊക്കകാലത്തു് യഥാസമയം മരുന്നു എത്തിക്കാത്തതുകൊണ്ടു് ശരിയായ ചികിത്സ നടത്താൻ സാധിച്ചിട്ടില്ല. അതുകൊണ്ടു് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിലെങ്കിലും വേണ്ട സൗകര്യങ്ങൾ ഏർപ്പാടുചെയ്യണം. അതൊക്കെ ബഹു: മന്ത്രി മിന്നൽപരിശോധന നടത്തി ദൂരീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

നമ്മുടെ വനങ്ങളിൽ അനവധി കുടിയേററക്കാരുണ്ട്. അനധികൃതമായി കയ്യേറിയവരെ കുടിയൊഴിപ്പിച്ച് വസ്തു ന്യായമായി കിട്ടേണ്ട ആളുകൾക്ക് പതിച്ചു കൊടുക്കുന്നതിനു് വേണ്ട ഏർപ്പാട് ചെയ്യണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ സപ്ലിമെൻററി ഡിമാൻറുകളെ പിന്താങ്ങുന്നു.

ശ്രീ. എം. രാമുണ്ണി: ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ഈ നിയമസഭയിൽ അനേകം ആരോപണങ്ങൾ നമ്മുടെ മന്ത്രിമാരെപ്പററി വരികയുണ്ടായി. കഴിഞ്ഞ പ്രാവശ്യംതന്നെ ഈ ആരോപണങ്ങളെപ്പററി അന്വേഷിക്കുന്നതിനു് ഒരു ഇടക്കാല മെഷിനറി വേണമെന്നു ഈ അസംബ്ലിയിൽ പറഞ്ഞപ്പോൾ, ഈ സെഷനിൽതന്നെ പബ്ലിക്ക്മെൻ എൻക്വയറീസ് ബിൽ കൊണ്ടുവരുമെന്നു് ഞങ്ങളുടെ പാർട്ടിക്ക് രേഖാമൂലം ഉറപ്പു നൽകിയിരുന്നതാണ്. ദൗർഭാഗ്യവശാൽ ഇന്നുവരെ പബ്ലിക്ക്മെൻ എൻക്വയറീസ് ബിൽ ഇവിടെ കൊണ്ടുവന്നിട്ടില്ല. പബ്ലിക്മെൻ എൻക്വയറീസ് ബിൽ അവതരിപ്പിക്കുന്നതിനു് കാലതാമസം ഉണ്ടാകുകയാണെങ്കിൽ നമ്മുടെ മന്ത്രിമാരുടെ പേരിൽ വന്നിട്ടുള്ള ആരോപണങ്ങളെപ്പററി അന്വേഷിക്കുന്നതിനു് എന്തെങ്കിലും ഒരു ഇടക്കാല മെഷനറി ആവശ്യമാണെന്നു ഞങ്ങൾ ബലമായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. അങ്ങനെയൊരു ഇടക്കാല ഏർപ്പാട് ഉണ്ടാക്കിയിട്ടില്ലെങ്കിൽ ഇത്രയേറെ വ്യാപകമായ തോതിൽ അഴിമതി നടത്തിയ ഒരു ഭരണം ഈ നാട്ടിൽ വേറെ ഉണ്ടായിട്ടില്ലെന്ന ധാരണ തെററായോ ശരിയായോ സാധാരണക്കാരുടെ ഇടയിൽ പരക്കും. അതു് ദൂരീകരിക്കാനെങ്കിലും നിയമസഭാ സാമാജികന്മാരടങ്ങുന്ന ഒരു 'ഇടക്കാല ഏർപ്പാട്'' ഇത്തരം കാര്യങ്ങളെപ്പററി അന്വേഷിക്കുന്നതിനു് ഉണ്ടാക്കണമെന്നു് 'ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്''.

ഈ നിയമസഭയുടെ മുൻപിൽ ഇന്നു രണ്ടു പ്രധാനപ്പെട്ട ബില്ലുകളാണ് ചർച്ച ചെയ്തു പാസ്സാക്കാനായി വന്നിട്ടുള്ളതു്. ഒന്നു്, പഞ്ചായത്തു രാജ്ബില്ലും മററൊന്നു് ഭൂപരിഷ്കരണ ഭേദഗതി ബില്ലുമാണ്. ഇവിടത്തെ സാധാരണ ജനങ്ങൾക്ക്, പ്രത്യേകിച്ച് പിന്നണി വിഭാഗത്തിനു് വേണ്ടത്ര ആശ്വാസം നൽകാനുള്ളതാണ് ഭൂപരിഷ്കരണ ഭേദഗതി ബിൽ. ഈ നാട്ടിലെ ജന്മിമാരുടെ എല്ലാവിധ ചൂഷണങ്ങളിൽനിന്നും സാധാരണക്കാരൻ മുക്തമാകുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി ഇന്നത്തെ നിലയിൽ അടുത്ത കാലത്തു് ഉണ്ടാകുമെന്നുള്ള ആഗ്രഹം എനിക്കില്ലെങ്കിലും ഭൂപരിഷ്കരണ ഭേദഗതിബിൽ പാസ്സായാൽ നമ്മുടെ നാട്ടിലെ കുടികിടപ്പുകാർക്കും കുടിയാന്മാർക്കും കുറേയേറെ സംരക്ഷണം ലഭിക്കുമെന്നു് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അതുകൊണ്ടു് ഭൂപരിഷ്കരണ ഭേദഗതിബിൽ, ഏററവും വേഗം പാസ്സാക്കുകയും അതു നടപ്പാക്കാനാവശ്യമായ എല്ലാ സംവിധാനങ്ങളും പൂർത്തിയാക്കുകയും ചെയ്യണം. അതിനുവേണ്ടി ഈ നിയമസഭ ഓണം കഴിഞ്ഞതിനുശേഷം വിളിച്ചുകൂട്ടി ആവശ്യമായ നടപടികൾ എടുക്കണമെന്നു് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. പഞ്ചായത്തുരാജ് ബില്ലിൽ പല പോരായ്മകളും ഉണ്ടെന്നു് പറയുന്നുണ്ട്. എന്നിരുന്നാലും ആ ബില്ലിലും ആവശ്യമായ മാററങ്ങൾ വരുത്തി അതു് എത്രയും വേഗം പാസാക്കിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കഴിഞ്ഞ നിയമസഭയിൽ, ഗവണ്മെൻറു് സർവ്വീസിൽ ഹരിജനങ്ങൾക്ക് ശരിയായ പ്രാതിനിദ്ധ്യം ലഭിക്കുന്നില്ലെന്നുള്ളതിനെപ്പററി വളരെ ദീർഘമായി ഞാൻ സംസാരിക്കുകയുണ്ടായി. ഈ പ്രശ്നത്തെപ്പററി ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ടു് ഇവിടെ സംസാരിച്ചപ്പോൾ അതിനു മറുപടിയായി ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞതു്, ഇവിടത്തെ സർവ്വീസ് സംഘടനകൾ ഹരിജനങ്ങൾക്കും പട്ടികജാതിക്കാർക്കും പ്രമോഷൻ നൽകുന്ന കാര്യത്തിൽ സംവരണമേർപ്പെടുത്തുന്നതിനു് എതിരാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നാണ്. എന്നാലും സർവീസ് സംഘടനകൾ എതിരാണെന്നുള്ളതുകൊണ്ട് ഇവരുടെ അവകാശത്തെ പരിഗണിക്കാതിരിക്കുന്നത് ദൗർഭാഗ്യകരമാണെന്ന ഞാൻ പറയുകയാണ്. ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്മിററിയെ നിയമിക്കുകയുണ്ടായി. ആ കമ്മിററിക്കുടി ഈ കാര്യത്തിൽ ഒരു തീരുമാനമെടുത്തില്ലെന്നുള്ളത് ദൗർഭാഗ്യകരമാണ്. അതുകൊണ്ട് ഗവണ്മെൻറ് ഈ കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനമെടുത്ത് അവഗണിക്കപ്പെട്ട സമുദായത്തിന് പ്രാതിനിദ്ധ്യം നൽകുന്ന കാര്യം സഗൗരവം ചിന്തിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. സർ, വേറൊരു കാര്യം എനിക്കു പറയുവാനുള്ളത് മലബാറിലെ പുലയൻ സമുദായത്തെ പട്ടികവഗ്ഗക്കാരായിട്ടാണ് കണക്കാക്കിയിട്ടുള്ളതെങ്കിലും ഈ ഗവണ്മെൻറ് അവരെ പട്ടികവർഗ്ഗക്കാരായി നിജപ്പെടുത്തി അവർക്കു കിട്ടേണ്ട വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നില്ലെന്നു ഞാൻ ബോധിപ്പിക്കുകയാണ്. ഇതു തികഞ്ഞ ഭരണഘടനാ ലംഘനമാണ്. ഒരു വിഭാഗത്തിന് പട്ടികവഗ്ഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യം നിഷേധിക്കാൻ സ്റ്റേറ്റ് ഗവണ്മെൻറിന് അധികാരമില്ല. അതുകൊണ്ട് ഈ ഭരണഘടനാ ലംഘനം ഈ ഗവണ്മെൻറ് അവസാനിപ്പിക്കണമെന്ന് ഞാൻ വളരെ വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

സർ, അതുപോലെതന്നെ സഹകരണമേഖലയെപ്പററി ചില കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ല. സഹകരണ മേഖലകളിൽ പലപ്പോഴും ഉദ്യോഗസ്ഥദുഷ്പ്രഭുത്വം നടമാടുന്നുണ്ട്. പലപ്പോഴും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെ ധിക്കരിച്ചുകൊണ്ട് ഉദ്യോഗസ്ഥന്മാരെവച്ച് ഭരണം നടത്തുന്ന ഒരേർപ്പാട് വളരെക്കാലമായി കോഴിക്കോട്ട് നടന്നുകൊണ്ടിരിക്കുകയാണ്. കോഴിക്കോട്ട് മാത്രമല്ല. പല ഭാഗങ്ങളിലും ഇങ്ങനെ നടക്കുന്നുണ്ടെന്ന് ആരോപണം ഉണ്ട്. കോഴിക്കോട്ടുള്ള മലബാർ ഹോംസെയിൽ കോവപ്പറേററീവ് സൊസൈററിയിലെ ഡയറക്ടർ ബോഡ് പിരിച്ചുവിട്ടിട്ട് കുറെകാലമായി. അവിടെ തിരഞ്ഞെടുപ്പിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയും ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു ഭരണസമിതി രൂപീകരിക്കാൻ ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യാതെ ചില ഉദ്യോഗസ്ഥന്മാരെവച്ച് അവരുടെ ഇഷ്ടത്തിനനുസരിച്ച് കാര്യങ്ങൾ നിയന്ത്രിക്കുകയും ആ ഉദ്യോഗസ്ഥനെക്കൊണ്ട് എല്ലാ കാര്യങ്ങളും നടത്തിക്കുകയും ചെയ്യുന്ന ഏർപ്പാട് ശരിയല്ലെന്നാണ് എനിക്കു പറയാനുള്ളത്. ഉദ്യോഗസ്ഥന്മാരെപ്പററി പരാതി പറഞ്ഞിട്ടു കാര്യമില്ല. പാവപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്വാഭാവികമായി ഇങ്ങനെ ചെയ്തുപോകും. എനിക്കു മനസിലാകാത്തത് ഒരുകാര്യമാണ്. സഹകരണമേഖലയിൽ ഭരണം നടത്തേണ്ടത് ജനപ്രതിനിധികളാണ്. അവരെ തിരഞ്ഞെടുക്കാതെ ഉദ്യോഗസ്ഥന്മാരെ നിയമിച്ച് ഭരണം നടത്തുന്നതാണ് എനിക്ക് മനസിലാകാത്തത്. സഹകരണപ്രസ്ഥാനം നടത്തേണ്ടത് ജനപ്രതിനിധികളാണ്. അല്ലാതെ ഉദ്യോഗസ്ഥന്മാരല്ല. അതിനുള്ള ഏർപ്പാടുകൾ നടത്തണം. കോഴിക്കോട്ട് കോപ്പറേററീവ് കോളേജിൽ ഇൻഷിഫ്ററ് സമ്പ്രദായമാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥന്മാരെവച്ചു ഭരണം നടത്തിച്ച് വകുപ്പുമന്ത്രി ഇടപെടുന്ന ഏർപ്പാട് പ്രത്യേകിച്ചും സഹകരണമേഖലയിൽ ശരിയല്ല. മന്ത്രിമാരെപ്പററിയുള്ള ആരോപണങ്ങളെപ്പററി അന്വേഷിക്കാനുള്ള പബ്ലിക് മെൻ എൻക്വയറീസ് നിയമം കൊണ്ടുവരാൻ കാലതാമസം ഉണ്ടാകുന്നതുകൊണ്ട് നിയമസഭാ സാമാജികന്മാരുൾക്കൊള്ളുന്ന ഒരിടക്കാല ഏർപ്പാടുണ്ടാക്കി ഇതിനൊരു പരിഹാരം കാണണമെന്ന പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. വാമദേവൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുകയാണ്. ഞാനും എൻെറ കക്ഷിയും ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു എന്നു പറയുമ്പോൾ സ്ഥാനത്തും അസ്ഥാനത്തും ഒക്കെ ആരോപണങ്ങൾ ഉന്നയിക്കാറുള്ള ആളുകൾ ചിരിക്കേണ്ട കാര്യമില്ല. എനിക്കും എൻെറ കക്ഷിക്കും ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങാനുള്ള ബാദ്ധ്യത ഉണ്ടെന്നു മാത്രമല്ല അതിന് അഭിമാനമുണ്ടെന്നു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിക്കുകയാണ്. ഇതു പറയുമ്പോൾ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങാനുള്ള സാദ്ധ്യതയെപ്പററി പരിശോധിച്ചു നോക്കേണ്ടതുണ്ട്. വളരെ പ്രാധാന്യമേറിയ ഒരു രാഷ്ട്രീയ ചുററുപാടിലാണ് ഐക്യമുന്നണി ഗവണ്മെൻറ് ഇങ്ങനെയൊരു ധനാഭ്യർത്ഥനയുമായി ഈ നിയമസഭയെ അഭിമുഖീകരിക്കുന്നത്. ഇൻഡ്യയുടെ രാഷ്ട്രീയ രംഗത്ത് തീരെ ആകസ്മികമായ സംഭവങ്ങൾ പലതും നടന്നുകഴിഞ്ഞിരിക്കുന്നു. ഇൻഡ്യൻ ജനത ഈ പ്രത്യേക സാഹചര്യത്തിൽ നേതൃത്വത്തിനുവേണ്ടി ഐക്യമുന്നണി പ്രസ്ഥാനത്തെ ഉററു നോക്കിക്കൊണ്ടിരിക്കുകയാണ്. ഈ ചുററുപാടിൽ കേരളത്തിൽ നടക്കുന്ന ഈ രാഷ്ട്രീയ പരീക്ഷണം, ഐക്യമുന്നണി ഗവണ്മെൻറ് അതിജീവിച്ചു എന്നു പറയുന്നത് ഇൻഡ്യൻ ജനതയ്ക്കും ഇൻഡ്യൻ രാഷ്ട്രീയത്തിലും വളരെ ആവശ്യമാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതൊക്കെ മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം സ്ഥാനത്തും അസ്ഥാനത്തും ഈ ഗവണ്മെൻറ് തുടങ്ങിയ അന്നുമുതൽ എൻെറ മറുവശത്തിരിക്കുന്ന സുഹൃത്തുക്കൾ നിയമസഭയ്ക്കകത്തും പുറത്തും ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നത്. ഐക്യമുന്നണി ഗവണ്മെൻറിനും നിയമസഭാ സമാജികന്മാർക്കും എല്ലാ കാരണങ്ങളാലും ധനാഭ്യർത്ഥനയ്ക്കുവേണ്ടി വോട്ടു ചെയ്യണമെന്ന് ആവശ്യപ്പെടാനും അപേക്ഷിക്കാനുമുള്ള അവകാശമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നല്ല കാര്യങ്ങൾ ഒട്ടനവധി ഈ ഗവണ്മെൻറ് ഒന്നിനു പുറകെ ഒന്നായി ചെയ്തിട്ടുണ്ട്. ഈ ഗവണ്മെൻറിനെ നിലനിറുത്തുകയും അധികാരത്തിൽ കയററുകയും ചെയ്ത തൊഴിലാളികൾക്കും കർഷകർക്കും അദ്ധ്വാനിക്കുന്ന ജനതയ്ക്കും കുടികിടപ്പുകാർക്കും ഭൂരഹിതർക്കും ഒക്കെ എല്ലാ രീതിയിലും ഗുണം നൽകുന്ന ഒട്ടനവധി നിയമങ്ങൾ നിലവിലിരിക്കുന്ന ഭരണഘടനയ്ക്കകത്തുനിന്നുകൊണ്ട് ഒന്നുകിൽ അംഗീകരിച്ചു കഴിഞ്ഞു, അല്ലെങ്കിൽ സെലക്ററു കമ്മിററി സ്റ്റേജു കഴിഞ്ഞു വീണ്ടും പരിഗണനക്കു വരുന്ന ഘട്ടത്തിൽ ഇരിക്കുകയാണ്. ഇതൊക്കെക്കൂടി കഴിഞ്ഞാൽ ഐക്യമുന്നണിയിൽ ജനങ്ങൾക്കുള്ള പിൻതുണ വർദ്ധിക്കുമെന്നു ഉൽകണ്ഠ കൊണ്ടായിരിക്കണം ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത്. പക്ഷേ ഇന്നു നിയമങ്ങളൊക്കെ അംഗീകരിച്ചതുകൊണ്ടുമാത്രം ബഹുജനങ്ങൾ ഐക്യമുന്നണി ഗവണ്മെൻറിനെ നല്ലതായി കാണുന്നുണ്ടോ എന്നു പരിശോധിക്കണം. ഇന്ന് നിയമസഭയ്ക്കകത്തും പുറത്തും ഐക്യമുന്നണി ഗവണ്മെൻറിനെതിരായി ഒട്ടുവളരെ ആരോപണങ്ങൾ കേൾക്കുന്നുണ്ട്. ആരോപണങ്ങൾ ഉന്നയിക്കുന്നവരാരായാലും പിൻതിരിപ്പൻ ശക്തികളാകട്ടെ, ബൂർഷ്വാസികളാകട്ടെ ഈ ആരോപണങ്ങൾ ഞാൻ ബഹുമാനിക്കുന്ന നമ്മുടെ നേതാക്കന്മാർ ഉൾക്കൊള്ളുന്ന ഐക്യമുന്നണി മന്ത്രിമാർ ചെയ്തു എന്നു വിശ്വസിക്കാൻ പ്രയാസമുണ്ട്. ഈ ആരോപണങ്ങൾ ശരിയാണെന്നു വിധി ഉണ്ടാകാതിരിക്കട്ടെ എന്നു ഞാൻ ഹൃദയപൂർവ്വം ആശിക്കുകയാണ്. ഞാൻ ഈ നിയമസഭാതലത്തിൽ നിന്നുകൊണ്ട് എനിക്കു വിശ്വസിക്കാൻ പ്രയാസമാണ്, വിശ്വസിക്കാൻ പ്രയാസമാണ് എന്നു പറഞ്ഞതുകൊണ്ടുമാത്രം മതിയോ എന്നുള്ളത് പ്രസക്തമായ ചോദ്യമാണ്. ഒരു നിയമസഭാ സമാജികനായ എന്നെ സംബന്ധിച്ചിടത്തോളം ഇതിൻെറ വസ്തുതകളറിയാൻ വളരെ ആഗ്രഹമുണ്ട്. എൻെറ കക്ഷിക്കകത്തുനിന്ന് വ്യക്തമായ സ്വീകാര്യമായ മറുപടി കിട്ടുകയില്ല. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്കെതിരായി ആരോപണങ്ങൾ ഉന്നയിച്ചാൽ അതേപ്പററി അറിയാനുള്ള ബാദ്ധ്യത എനിക്കു കൂടിയുണ്ട്. ഞാൻ വെളിയിൽ പോകുമ്പോൾ ബഹുജനങ്ങളിലാരെങ്കിലും ഇതേപ്പററി ചോദിക്കുകയാണെങ്കിൽ അതു നിരാകരിച്ചുകൊണ്ട്, ഉന്നയിച്ചത് കരുണാകരനാണ് കാൺഗ്രസ് കക്ഷിയിൽപ്പെട്ട ആളാണെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ എന്നു സംശയമുണ്ട്. ഇങ്ങനെയുള്ള സാഹചര്യം വരുമ്പോൾ ആരോപണത്തെക്കുറിച്ച് അവരെ പറഞ്ഞു ധരിപ്പിക്കേണ്ടതു് ആവശ്യമാണെന്നു വിശ്വസിക്കുന്നവനാണ് ഞാൻ. അതുകൊണ്ട് ഈ ആരോപണങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തി ഈ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും രാഷ്ട്രീയ വിരോധംകൊണ്ടുമാത്രം ഉന്നയിച്ചിരിക്കുന്നതാണെന്നും ബഹുജനങ്ങളെ വിശ്വസിപ്പിക്കുവാനും ബോദ്ധ്യപ്പെടുത്തുവാനുമുള്ള ബാദ്ധ്യത ഈ ഗവണ്മെൻറിനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എന്തെങ്കിലും കക്ഷിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് പറഞ്ഞതുകൊണ്ടുമാത്രം ഇതൊക്കെ

2/2258/G.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിക്കാൻ സാദ്ധ്യമല്ല. ഐക്യമുന്നണിയെ ഒന്നായി കാണുന്നതിനു് ഇൻഡ്യയിലെ മുഴുവൻ ജനതയും പ്രതീക്ഷയോടുകൂടി നോക്കിനിൽക്കുകയാണു്. ആ സന്ദർഭത്തിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ വളരെ ഗുരുതരമായ പ്രശ്നമെന്നുള്ള നിലയിൽ കണക്കിലെടുക്കേണ്ടതു് ആവശ്യമാണെന്നു തുറന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഭരണം സംശുദ്ധമായിരിക്കണം. മുൻകാലങ്ങളിൽ കോൺഗ്രസ്സിനെതിരായി, മററു പിൻതിരിപ്പൻ ശക്തികൾക്കെതിരായി, അവർ കൈക്കൂലി വാങ്ങുന്നു എന്നും, മററു് അവിഹിതമായുള്ള നടപടികളിൽ ഇടപെടുന്നു എന്നും ആരോപണങ്ങൾ ഉണ്ടായപ്പോൾ അതിനെപ്പററി അന്വേഷിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഞാനും എന്റെ കക്ഷിയും കൈപൊക്കിയിട്ടുണ്ടു്; സമരം ചെയ്തിട്ടുമുണ്ടു്. ആ ആരോപണങ്ങളെ അടിസ്ഥാനമാക്കി മന്ത്രിമാരെ ചവുട്ടി പുറത്താക്കണമെന്നു് ഞങ്ങളും ആവശ്യപ്പെട്ടിട്ടുണ്ടു്. ആ ആരോപണങ്ങളെ നമ്മൾ നോക്കിക്കണ്ട അതേ കുഴൽക്കണ്ണാടിയിൽ കൂടിത്തന്നെ ഐക്യമുന്നണി മന്ത്രിമാർക്കെതിരായി ഉണ്ടായിട്ടുള്ള ആരോപണങ്ങളെയും കാണാൻ ശ്രമിക്കണം. അതിനുള്ള ബാദ്ധ്യത ഐക്യമുന്നണി ഗവണ്മെന്റിനുണ്ടെന്നു ഞാൻ ഓർമ്മിപ്പിക്കുകയാണു്. നാം നല്ലതു പലതും ചെയ്തിട്ടുണ്ടു്. നാം ചെയ്തിട്ടുള്ള ഈ നല്ല കാര്യങ്ങളെയെല്ലാം മറച്ചുപിടിച്ചുകൊണ്ടു് ഈ ആരോപണങ്ങൾ ഇന്നു് ജനങ്ങളുടെ ഇടയിൽ സംസാരവിഷയമായിത്തീർന്നിരിക്കുകയാണു്. ഇതൊരു ഗുരുതരമായ പ്രശ്നമായി കണക്കിലെടുത്തുകൊണ്ടു് ഇതിനു വിരാമമിടുന്നതിനു് നിഷ്പക്ഷമായ അന്വേഷണം നടത്തണം. അഴിമതിയുടെയും ആരോപണത്തിന്റെയും കൈക്കൂലിയുടെയും പേരിൽ ഇതൊക്കെ ഇങ്ങനെ രാഷ്ട്രീയാന്തരീക്ഷത്തിൽ പുകച്ചുവിട്ടുകൊണ്ടു് ഉത്തരവാദിത്വമുള്ള അംഗങ്ങൾതന്നെ ഉന്നയിച്ചു കഴിഞ്ഞാൽ അതു നിലനിൽക്കെ വീണ്ടും വീണ്ടും ധനാഭ്യർത്ഥനകൾ പിൻതുണ നൽകണമെന്നു പറഞ്ഞാൽ, ഒരു കക്ഷിയിലെ അച്ചടക്കമുള്ള പ്രവർത്തകനാണെങ്കിലും അതേപ്പററി ചിന്തിക്കാൻ നിർബന്ധിതനായിത്തീരുമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. നല്ലതു് നല്ലതുപോലെ യഥാസമയം ചെയ്യണം. ഞാൻ മനസ്സിലാക്കുന്നതു് ശരിയാണെങ്കിൽ ഐക്യമുന്നണി ഗവണ്മെന്റു് 18 കോടി രൂപയുടെ ബാദ്ധ്യത വരുന്ന ചെലവു് വെറും രണ്ടരശതമാനം മാത്രം വരുന്ന സർവ്വീസിലുള്ള ആളുകൾക്കു് ചെയ്തിട്ടുണ്ടെന്നാണു്. എന്നിട്ടും പല സംഘടനകളും സെക്രട്ടറിയേററിന്റെ പടിക്കൽ നിരാഹാര സത്യാഗ്രഹവും പിക്കററിംഗുമാണു് അനുദിനം നടത്തുന്നതു്. 18 കോടി ഉറുപ്പിക വിതരണം ചെയ്തതു് നീതിപൂർവ്വകമായിട്ടല്ലായിരുന്നു എന്നാണു് ഈ പിക്കററിംഗും സത്യാഗ്രഹവും കാണിക്കുന്നതു്. നല്ല നിയമങ്ങളുണ്ടാക്കി, ഭൂപരിഷ്ക്കരണബില്ലും പഞ്ചായത്തുരാജ് ബില്ലും കുടിഒഴിപ്പിക്കൽ നിരോധനബില്ലും മററു നിയമങ്ങളുമുണ്ടാക്കി കൃഷിക്കാർക്കും തൊഴിലാളികൾക്കും ആശ്വാസം കൊടുക്കാനുള്ള നടപടികൾ എടുത്തപ്പോൾ ആ സൽപ്പേരിനെ കരിതേച്ചു കാണിക്കാനുള്ള ഏർപ്പാടാണു് ഈ ശമ്പളപരിഷ്ക്കരണവും ആരോപണങ്ങൾ വഴിയും ഉണ്ടായിരിക്കുന്നതു്. 18 കോടി രൂപ ചെലവുവരുന്ന ശമ്പളപരിഷ്ക്കരണത്തെപ്പററി പരിശോധിക്കുമ്പോൾ പാവപ്പെട്ട പോലീസുകാരന്റെ പി. ടി. എ യും നെഴ്സുമാരുടെ അലവൻസും വെട്ടിക്കുറച്ചതായി കാണാം. 18 കോടി രൂപയുടെ അധികച്ചെലവുണ്ടാക്കിയിട്ടു് അതിന്റെ പ്രയോജനം താഴേക്കിടയിലുള്ള ജീവനക്കാർക്കു ലഭിച്ചിട്ടില്ലെന്നു മാത്രമല്ല അവരുടെ ആനുകൂല്യങ്ങൾ എടുത്തുകളഞ്ഞിരിക്കുകയുമാണു്. ഉദ്യോഗമണ്ഡലത്തിലെ പ്രമാണിമാർക്കാണു് ശമ്പളപരിഷ്ക്കരണം കൊണ്ടു് ഗുണം ഉണ്ടായിട്ടുള്ളതു്. രൂപ ചെലവാക്കി എന്നു വരുത്തിയാൽ മാത്രം പോരാ. അതു് സാധാരണക്കാരനു് പ്രയോജനകരമായ രീതിയിൽ ആയിരിക്കണം.

അതുപോലെതന്നെ വെള്ളോടിക്കമ്മിററി റിപ്പോർട്ടിനെപ്പററി പല പ്രാവശ്യം ഞാൻ പറഞ്ഞു. ചില മണ്ഡലങ്ങളിൽ പരീക്ഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കി. അതനുസരിച്ചു ഡി. എസ്. പി മാരുടെ പി. എ. മാരായുള്ള ഡി വൈ. എസ്. പി. മാരുടെ തസ്തികൾ നിറുത്തൽ ചെയ്തു. ഏതാനും മാസം കഴിഞ്ഞിട്ടു് സർക്കിൾ പോരാ എന്നു പറഞ്ഞു് വീണ്ടും ഡി. വൈ എസ്. പി. മാരുടെ തസ്തികയുണ്ടാക്കി. ആരുടെയെങ്കിലും സമ്മർദ്ദത്തിനു വഴങ്ങി ഇങ്ങനെയൊക്കെ ചെയ്യുന്നതു്

എന്നന്നേക്കുമായി നിറുത്തണമെന്നു് ഞാനഭ്യർത്ഥിക്കുകയാണു്. ഈ ധനാഭ്യർത്ഥനയെ ഞാനും എന്റെ കക്ഷിയും പിൻതാങ്ങുന്ന ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നതിനാൽ പിന്നിൽ അഴിമതിആരോപണത്തിനുവിധേയരായവക്കെതിരെ ആണെന്നു് ധരിക്കാതെ ആവശ്യമായ, നിഷ്കൃഷ്ടമായ നടപടികൾ സ്വീകരിക്കണമെന്നു് അധികാരികളെ ഞാനെന്ന, ഐക്യമുന്നണി ഗവണ്മെൻറിനെതന്നെ ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കേളു: സർ, ഈ ഉപധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണു്. ഈ സംഖ്യ വിനിയോഗിക്കുമ്പോൾ അടിയന്തിരമായും ഏതെല്ലാം കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നുള്ളതു് ഓർമ്മിപ്പിക്കുക മാത്രമാണു് ഞാൻ ചെയ്യുന്നതു്. ഇവിടെ പല മെമ്പറന്മാരും പറഞ്ഞതുപോലെ പേകമ്മീഷൻ റിപ്പോർട്ടുവന്നു് അതു നടപ്പിലാക്കിയപ്പോൾ ചില ഉദ്യോഗസ്ഥന്മാർക്കു് ഇതുവരെ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ കുറഞ്ഞുപോയി എന്നുള്ളതു് പ്രധാനമായും കാണാൻ സാധിക്കുന്നതു്. പോലീസുകാരെ സംബന്ധിച്ചും നേഴ്സുമാരെ സംബന്ധിച്ചുമാണു്. പോലീസുകാർക്കു കിട്ടിക്കൊണ്ടിരുന്ന അലവൻസു് വെട്ടിക്കുറച്ചിരിക്കുകയാണു്. അതുകൊണ്ടു കുറവു വന്നകാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നാണു് ആദ്യമായി ഞാൻ ഓർമ്മിപ്പിക്കുന്നതു്.

അതുപോലെതന്നെ മററൊരുകാര്യം കഴിഞ്ഞ ബഡ്ജററു സമ്മേളന കാലത്തുതന്നെ പല സ്ഥലങ്ങളിലും പോലീസു് ഔട്ട പോസ്റ്റുകൾ ഉണ്ടാക്കാമെന്ന സമ്മതിച്ചിട്ടുള്ളതു് ഇത്രയും കാലമായിട്ടും നടപ്പിൽവരുത്തിയിട്ടില്ലെന്നുള്ളതാണു്. അതു് വളരെ വിഷമങ്ങൾ ഉണ്ടാക്കുന്ന കാര്യമാണു്. മലയോര പ്രദേശങ്ങളിലും അതുപോലെതന്നെ ഗതാഗതസൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലും തക്കസമയത്തു് എത്തിച്ചേരാൻ സാധിക്കുന്നില്ല. പോലീസ് സ്റ്റേഷനുകൾ ഉണ്ടാക്കാമെന്ന സമ്മതിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായിട്ടും അതു നടപ്പിലാക്കിയിട്ടില്ല. പ്രധാനമായും വടകര താലൂക്കിൽ തൊട്ടിൽപ്പാലം, കൊയിലാണ്ടി താലൂക്കിൽ മേപ്പയ്യൂർ എന്നീ സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികളുണ്ടാകണം.

മററൊരു കാര്യം ഗവണ്മെൻറു സർവ്വീസിൽ ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ അപകടമരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്കു് സംരക്ഷണം നൽകുകയെന്നുള്ളതു് സാധാരണ പതിവാണു്. എന്നാൽ കഴിഞ്ഞ ജൂൺമാസത്തിൽ എം. എസ്. പി. വാൻ ഡ്രൈവറായിരുന്ന മാധവൻനായർ വാൻ ഓടിച്ചുകൊണ്ടിരിക്കുമ്പോൾ വാൻ അപകടത്തിൽ മരിക്കുകയുണ്ടായി. അദ്ദേഹത്തിനു മൂന്നുനാലു ചെറിയ കുഞ്ഞുങ്ങളുണ്ടു്. ആ പിഞ്ചുകുഞ്ഞുങ്ങൾക്കും വിധവയായ ഭാര്യയ്ക്കും വേറെ വരുമാനമാർഗ്ഗമൊന്നുമില്ല. അവരുടെ ജീവിതത്തിനാവശ്യമായ സഹായം അടിയന്തിരമായി എത്തിച്ചുകൊടുക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്.

ഇന്നു പോലീസുകാർ താമസിക്കുന്ന ക്വാർട്ടേഴ്സ് വളരെയധികം തകരാറിലായതുകൊണ്ടു് അതിന്റെ റിപ്പയർ അടിയന്തിരമായി ചെയ്യേണ്ടതാണു്. മാററിപ്പണിയേണ്ടവ മാററിപ്പണിയുന്നതിനും ആവശ്യമായ അടിയന്തിരനടപടികൾ എടുക്കണമെന്നു് ഞാൻ ഗവണ്മെൻറിനെ ഓർമ്മിപ്പിക്കുകയാണു്.

മററൊരു കാര്യം, 1957-ൽതന്നെ വടകര ഒരു ഫയർ സ്റ്റേഷൻ തുടങ്ങാമെന്നു് ഗവണ്മെൻറു് സമ്മതിച്ചിട്ടുള്ളതിനെപ്പററിയാണു്. അവിടെ ഫയർ സ്റ്റേഷൻ ഉണ്ടാക്കാനുള്ള സ്ഥലം കാണിച്ചുകൊടുക്കണമെന്നുള്ള കല്പന മുനിസിപ്പാലിററിക്കു് കിട്ടിയതനുസരിച്ചു് അതിനുള്ള സ്ഥലം മുനിസിപ്പാലിററി കാണിച്ചുകൊടുക്കുകയുമുണ്ടായി. എന്നിട്ടു് ഇതുവരെയും ആവശ്യമായ നടപടിയെടുത്തിട്ടില്ല. ഫയർ സ്റ്റേഷൻ ഉണ്ടാക്കിയിട്ടില്ലെന്നുള്ളതു് ഖേദകരമാണു്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ എടുക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളതാണ്. പല സ്ഥലത്തും സ്കൂളുകൾ തകരാറിലാണെന്നും സ്കൂൾ കെട്ടിടങ്ങൾ വീഴാറായെന്നും പറയാറുണ്ട്. എന്നാൽ നിലത്തിന്റെ സാധാരണ ലെവലിൽ മൂന്നുനാലടി താഴെയുള്ള ഷെഡ്ഡുകളിലാണ് ചില സ്ഥലത്ത് ഗവണ്മെന്റ് സ്കൂളുകൾ നടത്തുന്നത്. പ്രത്യേകിച്ചും കൊയിലാണ്ടി താലൂക്കിലെ വെളയാട്ടൂർ ഗവണ്മെന്റ് ലോവർപ്രൈമറിസ്കൂൾ ബിൽഡിംഗ് 3 അടി താഴെയുള്ള ഷെഡ്ഡിലാണ് നടത്തുന്നത്. ഷെഡ്ഡിന്റെ തൂണുകളെല്ലാം ചെരിഞ്ഞുനിൽക്കുകയാണ്. അതുകൊണ്ടു അവിടെ കുട്ടികളെ അയയ്ക്കുവാൻ രക്ഷകർത്താക്കൾ ഭയപ്പെടുകയാണ്. അടുത്തെങ്ങും മററു സ്കൂളുകൾ ഇല്ലാത്തതുകൊണ്ടും ഗതാഗതസൌകര്യമില്ലാത്തതുകൊണ്ടും വളരെയധികം വിഷമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കുന്നുമ്മൽ സബ് ഡിസ്ട്രിക്റ്റിൽ ചെറുകുന്ന് ഗവണ്മെന്റ് അപ്പർ പ്രൈമറിസ്കൂളിന്റെ കാര്യത്തെ സംബന്ധിച്ചും വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതാണ്. തോടന്നൂർ എഡ്യൂക്കേഷൻ സബ് ഡിസ്ട്രിക്റ്റിൽ പറമ്പിൽ ഗവണ്മെന്റ് മാപ്പിള ലോക്കൽ പ്രൈമറിസ്കൂൾ നിൽക്കുന്നതു തകരാറിലാണെന്ന് വെൽഫേർകമ്മിററി പലപ്പോഴും ആക്ഷേപിച്ചിട്ടുമുണ്ട്. വേറൊന്ന് വടകര ബി. ഇ. എം. ഹൈസ്കൂളിന്റെ കാര്യമാണ്. സാധാരണയായി ഹൈസ്കൂളുകൾക്ക് കളിസ്ഥലം വേണമെന്നുള്ളത് വിദ്യാഭ്യാസനിയമപ്രകാരം നിർബന്ധമുള്ള കാര്യമാണ്. എന്നാൽ ബി. ഇ. എം. ഹൈസ്കൂളിനെ സംബന്ധിച്ചിടത്തോളം കളിസ്ഥലമില്ലാത്തതുകൊണ്ട് വിദ്യാർത്ഥികൾ അസംതൃപ്തരാണ്. 1927-ൽ തന്നെ കളിസ്ഥലത്തിനുവേണ്ടി സ്കൂൾപറമ്പിൽ സ്ഥലമെടുത്തിട്ടുണ്ട്. അവിടെയുള്ള നാളികേരം പറിച്ച് ഉപയോഗിക്കുകയാണ്. കളിസ്ഥലമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധിച്ചുകൊണ്ട് ആവശ്യമായ കളിസ്ഥലം ഉണ്ടാക്കുന്നതിന്നു അടിയന്തിരനടപടിയെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

വടകര ജൂനിയർ ടെക്നിക്കൽ സ്കൂളിന് കഴിഞ്ഞവർഷംതന്നെ സ്ഥലമെടുക്കാമെന്നു പറഞ്ഞിട്ട് ഇതുവരെയും സ്ഥലം എടുത്തിട്ടില്ല. അതിനാവശ്യമായ നടപടിയെടുക്കണം. അതുപോലെതന്നെ അവിടെ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾ പഠിപ്പിക്കാനുള്ള അദ്ധ്യാപകരെ നിശ്ചയിച്ചിട്ടില്ല. ഉള്ള അദ്ധ്യാപകർക്ക് തന്നെ സാംഗ്ഷൻ കൊടുക്കാത്തതുകൊണ്ട് അവർക്ക് രണ്ടുമൂന്നു മാസങ്ങളായി ശമ്പളം കിട്ടിയിട്ടുമില്ല. മറ്റൊന്ന് പാർട്ട്ടൈം അദ്ധ്യാപകരുടെ കാര്യമാണ്. എസ്. എസ്. എൽ. സി.യും ഹിന്ദി വിദ്വാനും വിശാരദും പാസ്സായിട്ടുള്ളവർ ഇന്നും പാർട്ട്ടൈം അദ്ധ്യാപകരായിട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധപതിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അടിയന്തിരശ്രദ്ധ പതിയേണ്ടമറ്റൊരുകാര്യം വില്ലേജു റോഡുകളെസംബന്ധിച്ചുള്ളതാണ്. മുഴവൻപണിയും ചെയ്തുതീർക്കുവാൻ ആവശ്യമായ പണം പഞ്ചായത്തുകൾക്ക് ഇല്ലാത്തതുകൊണ്ട് പല റോഡുകളും ഒന്നുംചെയ്യാതെ ഇട്ടിരിക്കുകയാണ്. ഇന്നാണെങ്കിൽ പഞ്ചായത്തുരാജ് ബിൽ വരുന്നു എന്നുള്ളതിന്റെ പേരിൽ വില്ലേജു റോഡുകൾ പി. ഡബ്ലിയു. ഡി. എടുക്കുന്നുമില്ല. പഞ്ചായത്തുകൾക്ക് റോഡുകളുടെ പണി നടത്താൻ സാധിക്കാത്ത അവസ്ഥയാണ്. അതുകൊണ്ട് യാതൊരു ഗതാഗതസൗകര്യവുമില്ലാത്ത സ്ഥലങ്ങളിൽ പ്രത്യേകിച്ചും മേപ്പയ്യൂർ—ആവള മുയിപ്പോത്ത് റോഡും വടകരനിന്നുപോകുന്നറോഡും ആയഞ്ചേരി തിക്കോടി കുററിയാടി റോഡും, ഇൻവെസ്റ്റിഗേഷനിലിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഇങ്ങനെയുള്ള റോഡുകളുടെ പ്രവർത്തനങ്ങൾ വളരെജാഗ്രതയായി നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

<u>ശ്രീ. പി. എസ്. ശ്രീനിവാസൻ:</u> സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഇതിൽ റവന്യൂവിനുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ള തുക കുർഡമം

LIBRARY ARCHIVES Kerala Legislative Assembly

ലാൻഡ് സെറ്റിൽമെന്റിനു വേണ്ടിയുള്ളതാണു്. അതു് വളരെ അത്യാവശ്യമായി ചെയ്യേണ്ട ഒരു കാര്യമാണു്. നമ്മുടെ രാജ്യത്തിലെ പതിനായിരക്കണക്കിനേക്കർ ഭൂമി ചില ആളുകൾ കൈവശപ്പെടുത്തി അനുഭവിച്ചുകൊണ്ടു കഴിയുന്നുണ്ടു്. അവരിൽനിന്നും നമുക്കു് ടാക്സ്പോലും കിട്ടുന്നില്ല. അതുകൊണ്ടു് അടിയന്തിരമായും ഈ സെറ്റിൽമെന്റു് പൂർത്തിയാക്കേണ്ടതു് അത്യാവശ്യമാണു്. അതുപോലെതന്നെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും രാജ്യത്താകെയും ഭൂമിയുടെ സർവ്വേ നടത്തി ഭൂപരിഷ്ക്കരണ ബിൽ നടപ്പിലാക്കുന്നതിനു സഹായകമായ രൂപത്തിൽ കാര്യങ്ങൾ ശരിപ്പെടുത്തേണ്ടതു് അത്യാവശ്യമാണു്. അതുകൊണ്ടു് ഇക്കാര്യത്തിൽ കൂടി ജാഗ്രത കാണിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. കാരണം കോട്ടയത്തുള്ള സർവ്വേയുടെ കാര്യമാണെങ്കിൽ വളരെ മന്ദഗതിയിലാണു് നടക്കുന്നതു്.

ഭൂനയബില്ലിനെ സംബന്ധിച്ചു പറയുമ്പോൾ ഒരു കാര്യം പ്രത്യേകമായി എനിക്കു പറയാനുണ്ടു്. ഈ ഭൂനയബിൽ ഇവിടെ വരാതിരിക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നുവെന്നും അതിനു് തടസ്സമായി നിൽക്കുന്നുവെന്നുമുള്ള ആരോപണങ്ങൾ ചില കേന്ദ്രങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ടു്. അതു് പന്നുകൂടാത്ത കേന്ദ്രങ്ങളിൽനിന്നുമാണെന്നുള്ളതാണു് വിശേഷമായിട്ടുള്ളതു്. അതുകൊണ്ടു് അതിനെപ്പററി പറയാതിരിക്കുന്നതു് ശരിയാണെന്നു ഞാൻ കരുതുന്നില്ല. ഭൂപരിഷ്ക്കരണബില്ലിനെ സംബന്ധിച്ചിടത്തോളം എന്റെ പാർട്ടി വളരെ ശക്തിയായ ഒരു നിലപാടാണു് സ്വീകരിച്ചിരിക്കുന്നതു്. അതു് വളരെവേഗം നടപ്പിലാക്കണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടു്. അതിനുവേണ്ടി വളരെ ഗംഭീരമായ പ്രക്ഷോഭണങ്ങൾ രാജ്യത്താകെ നടത്തിയിട്ടുമുണ്ടു്. ഈ ബിൽ സമൂലമായ വ്യത്യാസങ്ങളോടെ വേഗം പാസ്സാക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും ഞങ്ങൾ സെലക്ററ്കമ്മിററി സ്റ്റേജിലും അതിനു മുൻപും കൊടുത്തിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ബിൽ പാസ്സാക്കുന്നതിനു നേരിടുന്ന കാലതാമസത്തിന്റെ ഉത്തരവാദിത്വം ഞങ്ങളുടെ തലയിൽ ആരോപിക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടു്. അതൊന്നു് അവസാനിപ്പിക്കണം. 'അരിയും തിന്നു് ആശാരിച്ചിയേയും കടിച്ചു് പിന്നെയും നായ്ക്കാണു് മുറുമുറുപ്പ്' എന്നതുപോലെയാണു്. ഭൂപരിഷ്ക്കരണ ബില്ലിന്റെ സെലക്ററ്കമ്മിററി റിപ്പോർട്ടു് അടക്കമുള്ള നടപടികൾ രണ്ടരക്കൊല്ലമായിട്ടാണു് തീർന്നതെന്നുള്ള കാര്യം മറച്ചുവെക്കരുതു്. രണ്ടരക്കൊല്ലം കഴിഞ്ഞതിനു ശേഷവും അതു് അവതരിപ്പിച്ചു പാസ്സാക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യവും മറക്കരുതു്. ഈ അസംബ്ലി സമ്മേളനത്തിൽ എന്തെല്ലാം വിഷയങ്ങളാണു് വരേണ്ടതെന്നും എന്തെല്ലാം ബില്ലുകളാണു് പാസ്സാക്കേണ്ടതെന്നും പോലും തീരുമാനിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യവും മറക്കരുതു്. അങ്ങനെയുള്ള ആളുകൾ ലാൻഡ് റിഫോംസ് ബിൽ പാസ്സാക്കാത്തതിന്റെ കുററം ഞങ്ങളുടെ മേൽ ചുമത്താൻ ശ്രമിക്കുന്നതു് 'ധിക്കാരം' എന്നല്ലാതെ വേറൊന്നും പറയാൻ നിവൃത്തിയില്ല. പഞ്ചായത്തുരാജ് ബിൽ പാസ്സാക്കാൻ ഇനി ഏതാനും മണിക്കൂറുകളോ ദിവസങ്ങളോ മതിയാകുമായിരുന്നു. പക്ഷേ പഞ്ചായത്തുരാജ് ബില്ലിനെ എന്തു ചെയ്യണമെന്നുപോലും ഇപ്പോൾ അറിയാൻ നിവൃത്തിയില്ല. ഈത്തരത്തിലുള്ള ഒരു അനിശ്ചിതത്വമാണു് ഇന്നു നിലവിലുള്ളതു്. എന്റെ ചില സുഹൃത്തുക്കൾ ആവശ്യപ്പെട്ടതുപോലെ ഈ സെഷൻ പിരിച്ചുവിടാതെ താൽക്കാലികമായി നിർത്തിവച്ചിട്ടു് ഓണം കഴിഞ്ഞു കൂടുകയും അഴിമതി നിവാരണബിൽ, ഭൂപരിഷ്ക്കരണബിൽ, കടനിവാരണബിൽ, പഞ്ചായത്തുരാജ് ബിൽ തുടങ്ങിയവ പാസ്സാക്കുകയും ചെയ്തശേഷം പിരിയണമെന്നാണു് എനിക്കു പറയുവാനുള്ളതു്. വേണമെങ്കിൽ അതിനുവേണ്ടി രാത്രിയും ഇരിക്കാൻ ഞങ്ങൾ തയ്യാറാണു്. ഈ ബില്ലുകൾ പാസ്സാക്കാൻവേണ്ടി എന്തു ദുഃഖവും എന്തു ത്യാഗവും സഹിക്കാൻ ഞങ്ങൾ തയ്യാറാണു് എന്നു് ഈ രാജ്യത്തെ മുഴുവൻ ജനങ്ങളെയും അറിയിക്കാൻ ഞാനീയവസരം വിനിയോഗിക്കുകയാണു്.

പിന്നൊരു കാര്യം പറയാനുള്ളതു് പോലീസിനെ സംബന്ധിച്ചാണു്. ആദ്യമായി അഴിമതിയെ സംബന്ധിച്ചു പറയാം. തെററായാലും ശരിയായാലും നമ്മുടെ രാജ്യത്തു് വമ്പിച്ച തോതിലുള്ള അഴിമതിയും കൈക്കൂലിയും നടമാടുന്നുണ്ടെന്നു് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ധാരണ പൊതുവേ ജനങ്ങളുടെയിടയിലുണ്ട്. പണ്ടൊക്കെ കാറിൽ ആളുകളെ വിളിച്ചുകൊണ്ട് തിരുവനന്തപുരത്തു വന്ന് കൈക്കൂലിയും മററും കൊടുത്ത് കാര്യങ്ങൾ സാധിക്കണമായിരുന്നെങ്കിൽ ഇന്ന് വീട്ടിൽചെന്ന് കൈക്കൂലി വാങ്ങിച്ച് കാര്യങ്ങൾ നടത്തുന്നുണ്ടെന്ന് ഒരു ആരോപണമുണ്ട്. അതു തെററാണോ ശരിയാണോ എന്നെനിക്കറിയില്ല. ഏതായാലും അത് ശരിയാകാതിരിക്കട്ടെ എന്നാണ് ഞാൻ പറയുന്നത്. ഈ ഐക്യമുന്നണി ഗവണ്മെൻറ് സംശുദ്ധമായിരിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സീസറിൻെറ ഭാര്യ സംശയാതീതയായിരിക്കണമെന്നു പറയുന്നതുപോലെ നമ്മുടെ ഗവണ്മെൻറിൻെറ സൽപ്പേരു നിലനിറുത്തണം. ശരിയായാലും തെററായാലും അഴിമതിയെ സംബന്ധിച്ച് ഈ രാജ്യത്ത് വളരെ വലിയ പ്രചരണങ്ങൾ നടക്കുന്നുണ്ട്. അത് എതിരാളികളുടെ ഭാഗത്തുനിന്നു മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അഴിമതി ഇല്ല എന്നു ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. അതുകൊണ്ട് എൻെറ പാർട്ടി വളരെ ശക്തിയായി ആവശ്യപ്പെടുന്നത് ഇന്നിവിടെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ ഉൾപ്പെടെ നമ്മുടെ മന്ത്രിമാരുടെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് അടിയന്തിരമായി അന്വേഷണം നടത്തണമെന്നാണ്. അതിന് എന്തു മെഷീനറി വേണമെന്നുള്ള കാര്യത്തിലൊന്നും തർക്കിക്കേണ്ട കാര്യമില്ല. അന്വേഷണം നടത്തി ഈ ഐക്യമുന്നണി ഗവണ്മെൻറ് പരിശുദ്ധമാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണമെന്ന് മററു പാർട്ടികൾ പ്രകടിപ്പിച്ച വികാരത്തോട് എൻെറ പാർട്ടിക്കുവേണ്ടി ഞാനും പൂർണ്ണമായും യോജിക്കുന്നു.

പോലീസിനെ സംബന്ധിച്ച പറയുമ്പോൾ നമ്മുടെ പോലീസ് ഇപ്പോൾ എന്തുചെയ്യണമെന്ന് അറിഞ്ഞുകൂടാതെ കഴിയുന്ന ഒരവസ്ഥയാണുള്ളതെന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇതിനു മുൻപുണ്ടായിരുന്നഗവണ്മെൻറുകൾ, സ്ഥാപിത താല്പര്യക്കാരുടെ ഗവണ്മെൻറുകൾ അവരുടെ പോലീസ് നയം ഉപയോഗപ്പെടുത്തിയിരുന്നത് സ്ഥാപിതതാല്പര്യക്കാരെ സംരക്ഷിക്കുവാൻ വേണ്ടിയാണ്. കൃഷിക്കാരുടെയും തൊഴിലാളികളുടെയും സമരങ്ങൾക്കെതിരായാണ് അവർ പോലീസിനെ ഉപയോഗിച്ചിരുന്നത്. എന്നാൽ ഈ ഗവണ്മെൻറിൻെറ പോലീസ്നയം അതിൽനിന്നും വ്യത്യസ്തമാണ്. നമ്മുടെ രാജ്യത്തെ സ്ഥാപിതതാല്പര്യക്കാരുടെ പിടിയിൽനിന്നും തൊഴിലാളികളെയും കർഷകരെയും പരമാവധി സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും സാമൂഹ്യവിരുദ്ധശക്തികളെ അമർച്ച വരുത്തുന്നതിനും സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ഉള്ള പോലീസ് നയമാണ് ഐക്യമുന്നണി ഗവണ്മെൻറിൻേറത് ഒരു പരിധിവരെ അതെല്ലാം നടന്നിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. രാജ്യത്തെ സാധാരണ ജനങ്ങൾക്ക്, തൊഴിലാളികൾക്ക് തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി മുൻപ് എന്നത്തേക്കാളും ധീരമായി പോരാടുന്നതിനുള്ള അവസരം ഇന്നുണ്ട്. തൊഴിൽ സമരങ്ങളിൽ പോലീസ് അന്യായമായി ഇടപെട്ട് തൊഴിലാളികളെ ദ്രോഹിക്കുന്ന സ്ഥിതിയും ഇല്ല. പക്ഷേ നമ്മുടെ പോലീസിന് എന്തുചെയ്യണമെന്നറിഞ്ഞുകൂടാ. 'ഒന്നുകിൽ കളരിക്കു പുറത്ത്' അല്ലെങ്കിൽ 'കുറുപ്പിൻെറ നെഞ്ചത്ത്'' എന്നുള്ള നിലയിലാണ് അവർ ഇന്നു പ്രവർത്തിക്കുന്നത്. നമ്മുടെ പോലീസിൻെറ ആകെയുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ഇതു മനസ്സിലാകും. ഉദാഹരണത്തിന് കൊല്ലത്തു നടന്ന വിദ്യാർത്ഥിസമരത്തിൽ പോലീസ് 'കുറുപ്പിൻെറ നെഞ്ചത്ത്'' എന്ന സമീപനമായിരുന്നു കൈക്കൊണ്ടത്. അതുപോലെ തന്നെ നമ്മുടെ രാജ്യത്ത് ഇപ്പോൾ രാഷ്ട്രീയപ്രവർത്തകന്മാരെ കൊലപ്പെടുത്തുക എന്ന സ്ഥിതിവരെ സംജാതമായിട്ടുണ്ട്. ഇങ്ങനെയുള്ള സ്ഥിതിവിശേഷത്തെ നേരിടുന്നതിനുപകരം പലപ്പോഴും അവർ പകച്ചുനിൽക്കുകയാണ്. അവർ പലപ്പോഴും അകമ്പടി സേവിക്കുകയാണ്. ഉദാഹരണത്തിന് വൈക്കത്തുനടന്ന സംഭവം തന്നെ നോക്കാം. വൈക്കത്ത് ശ്രീ. സി. കെ. വിശ്വനാഥൻ എക്സ്.എം.എൽ.എ.യെ വധിക്കുമെന്നു പറഞ്ഞുകൊണ്ട് ഉദ്ദേശം നൂററിയമ്പതോളം വരുന്ന ഒരു ജാഥ പോയി. അതിന് പോലീസുകാർ അകമ്പടി സേവിക്കുന്നു. അവർ ടൗൺ മുഴുവൻ ചുററുന്നു; അവിടെയെല്ലാം പോലീസ് അകമ്പടി സേവിക്കുന്നു. എന്നിട്ട് അവർ വന്ന്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയാഫീസ് ആക്രമിക്കുന്നു, പിന്നീട് കാർ ആക്രമിക്കുന്നു. കാറിൽ വിശ്വനാഥമേനോ ഞാനോ ഉണ്ടോ എന്നന്വേഷിക്കുന്നു. ആരുമില്ല എന്നു കണ്ടപ്പോൾ കാർ തല്ലിത്തകർക്കുന്നു. അതിനുശേഷം ചെത്തുതൊഴിലാളി ആഫീസ് ആക്രമിക്കുന്നു. ചെത്തുതൊഴിലാളി യൂണിയൻ വൈസ് പ്രസിഡൻറ് ശ്രീ. കരുണാകരനെ അടിച്ച് തല പൊട്ടിക്കുന്നു. ഇതിനെല്ലാം പോലീസ് ഉദ്യോഗസ്ഥന്മാർ അകമ്പടി സേവിക്കുന്നു. ഏററവും ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ അടക്കമുള്ള മുഴുവൻ ആളുകളെയും ഞാൻ കണ്ട് അപ്പപ്പോൾ വിവരം അറിയിച്ചു. അപ്പോൾ അവർ പറഞ്ഞത്, ഞങ്ങളുടെ കഴിവനുസരിച്ച് എല്ലാം ചെയ്യാം, ബാക്കിയുള്ളതിന് പൊതുജനാഭിപ്രായം സംഘടിപ്പിക്കണം എന്നാണ്. അതുപോലെതന്നെ സഖാവ് കുഞ്ഞമ്പാപ്പയെ കൊലപ്പെടുത്തിയതും സഖാവ് കെ. എസ്. നായരെ തൃശ്ശൂർ ജില്ലയിൽ ഇട്ട് പട്ടിയെപ്പോലെ തല്ലിയതും എല്ലാം നാം പ്രത്യേകം ചിന്തിക്കേണ്ട കാര്യങ്ങളാണ്. രാഷ്ട്രീയപ്രവർത്തനത്തിൻെറയും പ്രക്ഷോഭണങ്ങളുടെയും ജനകീയ സമരങ്ങളുടേയും വേഷവിധാനത്തിന് ഭീകരസംഘങ്ങളുടെ പ്രവർത്തനംപോലെ അനാശാസ്യമായ രൂപം നൽകാൻ ശ്രമിക്കുന്നത് ഉത്തരവാദപ്പെട്ട ആളുകളാണെന്നു കാണുന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്. പോലീസുകാർക്ക് അവരുടെ കൃത്യം സ്വതന്ത്രമായി നിർവ്വഹിക്കാൻ സാധിക്കുന്നില്ല. അതിൽ ഞാൻ അവരെ കുററംപറയുന്നില്ല. പക്ഷെ, ഈ കാര്യങ്ങളെല്ലാം ശരിയായ നിലയിൽ നിർവ്വഹിക്കാൻ ചുമതലപ്പെട്ട പോലീസുകാർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും കൊടുക്കേണ്ടതു് ഈ ഐക്യമുന്നണി ഗവൺമെൻറിൻെറ കടമയാണ്. ഈ ഐക്യമുന്നണി ഗവൺമെൻറ് നേരായവഴിക്കാണ് പോകുന്നതെന്ന അഭിപ്രായം എനിക്കില്ല. അതു് നമ്മുടെ പ്രത്യേക രാഷ്ട്രീയസംവിധാനത്തിൽ ചില വളവുകളും തിരിവുകളും ഒക്കെ കടന്നാണ് മുന്നോട്ടുപോകുന്നതു്. അപ്പോൾ സ്വാഭാവികമായും ചില പൊട്ടലുകളും ചീററലുകളുമൊക്കെ വരാം. അതെല്ലാം ഐക്യമുന്നണിക്ക് എതിരായിട്ടുള്ളതാണെന്ന് കരുതരുതു്. ഐക്യമുന്നണി ഭരണത്തിൻെറ കുറവുകളും കുററങ്ങളും എടുത്തുകാണിച്ച് അവയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് എനിക്കു പറയാനുള്ളതു് ഇന്നത്തെ ഈ നിലപാടിൽ ഒരു മാററംവരുത്തി പോലീസ്ഭരണം കാര്യക്ഷമമാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാകും. എത്രതന്നെ സർക്കാരാഫീസുകൾ പുതുതായി തുറന്നതുകൊണ്ടുമാത്രം യാതൊരു പ്രയോജനവുമില്ല. എനിക്കു മുമ്പു സംസാരിച്ച എൻെറ സ്നേഹിതന്മാർ പറഞ്ഞതുപോലെ പോലീസുകാർ ഇന്ന് വളരെയേറെ അസംതൃപ്തരാണ്. എങ്കിലും മററു സ്റ്റേററുകളിലെ പോലീസുകാരെ അപേക്ഷിച്ച് അവർ ഭേദപ്പെട്ട നിലയിലാണ് പെരുമാറുന്നതു്. രാജ്യത്തെ ജനാധിപത്യത്തിൻെറ വളർച്ചയ്ക്കും അതിൻെറ പുരോഗതിക്കും കാലത്തിൻെറ മാററത്തിനും അനുസരിച്ച് പ്രവർത്തിക്കാനും ചിന്തിക്കാനും കഴിവുള്ള പോലീസുകാരാണ് ഇവിടെ ഉള്ളതു്. എങ്കിലും അവരുടെ മനസ്സാക്ഷിക്കനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുന്നില്ല. അതിനുപുറമെ വളരെയേറെ അസംതൃപ്തിയുമുണ്ട്. ശമ്പളപരിഷ്ക്കാരകമ്മീഷൻെറ റിപ്പോർട്ടും അതിന്മേലുള്ള ഗവൺമെൻറുതീരുമാനവും പുറത്തുവന്നപ്പോൾ അവർ കൂടുതൽ അസംതൃപ്തരായിത്തീർന്നു. ഈ അസംതൃപ്തി അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താൻ അവർക്ക്, സംഘടിക്കാൻ സ്വാതന്ത്ര്യമില്ല. അതുകൊണ്ട് സംഘടിക്കാൻ സ്വാതന്ത്ര്യമില്ലാത്ത അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കാനും ഉതകുന്ന ഒരു സമീപനം ഈ ഗവൺമെൻറ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ പിൻതാങ്ങുകയാണ്.

<u>ശ്രീ. ഇ. ടി. കുഞ്ഞൻ:</u> സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. അതോടൊപ്പംതന്നെ ഓരോ വകുപ്പും കൂടുതൽ സുരക്ഷിതമാക്കണമെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ആദ്യമായി എനിക്കു പറയാനുള്ളത് പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൻെറ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

മാണ്. പല വർക്കുകളും തുടങ്ങാൻ ഗവൺമെൻറു സാംഗ്ഷൻ കൊടുത്തിട്ടും, ബഡ്ജററിൽ അതിനാവശ്യമായ തുക വകയിരുത്തിയിട്ടും ഇനിയും പൂർത്തിയാകാതെ കിടക്കുകയാണ്. അതിന് ഞാൻ ഒരു ഉദാഹരണം പറയാം. എൻെറ നിയോജകമണ്ഡലത്തിൽ, ഇപ്പോൾ മലപ്പുറം ജില്ലയിൽപ്പെട്ട എടപ്പാൾ—തവനൂർ റോഡ് 1959–60-ൽ ഡിപ്പാർട്ടുമെൻറ് പുതുതായി ഉണ്ടാക്കിയിട്ട് മുഴുമിക്കാതെ കിടന്നിരുന്നതും, അതേറോഡിലുള്ള കുണ്ടയാർ പാലം തീർന്നിട്ടില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഉള്ള 67–68-ലെ ബഡ്ജററിലും ഇതിനാവശ്യമായ പണം നീക്കിവച്ചിരുന്നു. പക്ഷെ, ഇന്നുവരെ അതിൻെറ പണി ആരംഭിച്ചിട്ടില്ല. അതുപോലെതന്നെ പാലക്കാട്ട ജില്ലയിൽപ്പെട്ട എൻെറ നിയോജകമണ്ഡലത്തിൽ തണ്ണീർക്കോർഡ്—കാഞ്ഞിരത്താണി കോക്കൂർ റോഡ് 65–66-ലെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഒടുവിൽ അതിൻെറ അഡ്രസ്സുപോലും ഇല്ലാതായി. അടുത്തകാലത്ത് ഡി. ഡി. സി.യുടെ ശ്രദ്ധയിൽ ഇതു വരുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ പ്രയോരിട്ടി ലിസ്റ്റിൽ ഈ റോഡിൻെറ കാര്യം വിട്ടുപോയി എന്നു പറഞ്ഞുകൊണ്ട് അതിൽ തിരുത്തുകയുണ്ടായി. ഇങ്ങനെ പല പണികളുടെയും കാര്യം ആരും ശ്രദ്ധിക്കാതെ പോകുന്നുണ്ട്. അതുകൊണ്ട് ഈ വക കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

അടുത്തതായി എനിക്കു പറയാനുള്ളത് മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചാണ്. അതിൻെറ പ്രവർത്തനത്തിൽ പല പോരായ്മകളുമുണ്ടെന്നു പറയുന്നുണ്ടെങ്കിലും അത്രയധികം പോരായ്മകളൊന്നുമില്ല. കുറെയൊക്കെ കാര്യമായിട്ടുതന്നെ നടക്കുന്നുണ്ട്. എങ്കിലും ചില കാര്യങ്ങൾ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. തീരെ ചികിത്സാസൗകര്യമില്ലാത്ത പ്രദേശങ്ങളുടെ കാര്യം പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്. അതായത് മലപ്പുറം ജില്ലയിലുള്ള നന്നമുക്ക പഞ്ചായത്തിൽ ഡി. ഡി. സി. മുഖാന്തിരം പ്രയോറിററി ലിസ്റ്റിൽ ഒരു ഡിസ്പെൻസറി ഉൾപ്പെടുത്തിയിരുന്നു. പ്രയോറിററി ലിസ്റ്റിൽ ഏഴാമത്തേതാണ് അത്. എന്നാൽ ഇന്നുവരെ അതു സ്ഥാപിച്ചിട്ടില്ല. അവിടെയുള്ള ആളുകൾ 10 നാഴിക ദൂരം നടന്നാൽപോലും ഒരു ആശുപത്രിയിൽ എത്താൻ കഴിയുകയില്ല. അതുകൊണ്ട് ഈ സ്ഥലത്ത് ഒരു ഡിസ്പെൻസറി സ്ഥാപിക്കാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

അടുത്തതായി ഹരിജൻ വെൽഫെയറിനെ സംബന്ധിച്ചാണ് എനിക്കു പറയാനുള്ളത്. ലാൻഡ് അക്വിസിഷൻെറ കാര്യമാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. തീരെ ഭൂമിയില്ലാത്ത ആളുകൾക്ക്, ശവം സംസ്കരിക്കാൻപോലും സ്ഥലമില്ല. ഹരിജനങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കാനുള്ള ഒരു പരിപാടിയുണ്ട്. എന്നാൽ 1957–58-ലെ ഗവൺമെൻറ് ഹരിജനങ്ങളുടെ പാർപ്പിടത്തിനുവേണ്ടി അക്വയർ ചെയ്തിട്ടുള്ള ഭൂമിപോലും ഇതുവരെ അവർക്ക് കൊടുക്കാൻ സാധിച്ചിട്ടില്ല. അത് വിതരണം ചെയ്തിട്ടില്ലെന്ന് പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പക്ഷെ ഇതുവരെ അതു വിതരണം ചെയ്യാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇതു ഹരിജനങ്ങൾക്കു പതിച്ചുകൊടുക്കാൻ കർശനമായ നടപടികൾ സ്വീകരിക്കണം. അതുപോലെ ഹരിജനങ്ങളുടെ ഉദ്യോഗനിയമനത്തിൻെറ കാര്യവും. അതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുണ്ടെങ്കിലും ഹരിജനങ്ങൾക്ക് അനുവദിച്ചിട്ടുള്ള റിസർവ്വേഷൻ വ്യവസ്ഥകൾപോലും പാലിക്കാൻ ഗവൺമെൻറ് തയ്യാറാകുന്നില്ലെന്നും, പ്രത്യേകിച്ചും ട്രാൻസ്പോർട്ടുവകുപ്പ് തയ്യാറില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. എന്തോ ഒരു അലസത കാണുന്നുണ്ട്. അതുകൊണ്ട് ഹരിജനങ്ങൾക്ക് അർഹമായ നിയമനം ഇനിമേലെങ്കിലും കൊടുക്കണമെന്നും ഇതുവരെ ഉണ്ടായിട്ടുള്ള പോരായ്മകൾ നികത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. മററുപല ഡിപ്പാർട്ടുമെൻറുകളുടെ കാര്യത്തിലും ഇതുപോലെ പരാതികൾ ഉണ്ടായിട്ടുണ്ട്. കാളേജ് അഡ്മിഷൻെറ കാര്യത്തിൽ പരാതികൾ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാളേജിൽ അഡ്മിഷനുവേണ്ടി ചെന്നാൽ സീററില്ലെന്നു പറയും. ഇങ്ങനെ പല തുറകളിലും ഹരിജനങ്ങളെ അവഗണിക്കുകയാണ്. അതുകൊണ്ട് ഈ അവഗണന അവസാനിപ്പിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

റവന്യൂ ഡിപ്പാർട്ടുമെൻറിൽ പ്രമോഷൻ കിട്ടാൻ അർഹതയുള്ള പല ആളുകൾക്കും പ്രമോഷൻ കിട്ടാതെവരുന്നുണ്ടെന്നു മാത്രമല്ല റിവർട്ടുചെയ്യുകകൂടി ചെയ്യുന്നുണ്ട്. അതുസംബന്ധിച്ച് പല നിവേദനങ്ങളും ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്. അതിൽ ഒന്നിലും നടപടിയുണ്ടായിട്ടില്ല. അതുകൊണ്ട് ഈ വക കാര്യങ്ങളിൽ, പ്രത്യേകിച്ചും ഹരിജനങ്ങളുടെ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കണമെന്നും അവരുടെ ഉന്നമനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

[Shri E. Chandrasekharan Nair in the Chair.]

Shri S. P. Luiz : Sir, I am very pleased to have an opportunity to speak on the Demands for Supplementary Grants. I shall confine my remarks to the Demand IX—Heads of States, Ministers and Headquarters staff.

Shri K. T. George : May I know whether the hon. Member is supporting or opposing the Demands ?

Shri S. P. Luiz : I just want to bring certain matters to the notice of the hon. Ministers and to the Government.

ശ്രീ. കെ. ടി. ജോർജ് : സർ, ഡിമാൻറിനെക്കുറിച്ച് സംസാരിക്കുമ്പോൾ ആദ്യമായി സപ്പോർട്ടു ചെയ്യുകയോ ഒപ്പോസ് ചെയ്യുകയോ ചെയ്യണ്ടേ ?

മി: ചെയർമാൻ : അതാവശ്യമില്ല.

Shri S. P. Luiz : I wish to make some observations. I don't want to be critical of anybody also I don't want to attack the Ministers or to point out the good points or the bad points of Ministers prominently. I would just like to give a few suggestions which will be useful to the House, the Members and also to the Government.

Sir, I will first speak about the State Trading Corporation. It will be useful if the policy of the State Trading Corporation is revised. Furthermore it is very unfortunate that the condition of the car is very very poor and it is neglected. That has to be looked into.

Coming to the police administration, Sir, I do feel that there is slight improvement as far as the police administration is concerned. But the fact remains that they are stil very negligent in their duties. I can point out hundreds of cases where the police have registered cases of theft, arson and looting, but have given them up later. The police are very very careless to see that the prosecutions are conducted properly and cases settled peacefully and the cases are discharged or dismissed. This attitude of the police has to be definitely rectified and amended by the Minister concerned.

Coming to Education, Sir, I wish to draw the attention of the hon. Minister for Education to the utter injustice done to the Anglo Indian Community in the Kumara Pillai Commission Report. I have brought the

LIBRARY ARCHIVES Kerala Legislative Assembly

matter to the attention of the House and the Hon. Education Minister on several occasions. I hope, the hon. Minister will be pleased to consider the matter and make some concession to the poor community.

Then again, there have been solemn assurances and promises made by the Minister regarding the establishment of a University at Ernakulam. At Ernakulam, we have already a full-fledged building site selected and everything is ready to start a University, unlike what was in Calicut. Considering the depressed and backward condition of the Malabar area, we gladly consented to the starting of the second University at Calicut. But I hope the matter will be taken up with the right earnest and the desire of the people of Ernakulam fulfilled without delay. Recently a committee of the public has been selected for this purpose and I do hope that the Hon. Minister will take keen interest in starting the third University at Ernakulam.

Coming to the most important factor, viz., land acquisition—I am myself involved in some of the acquisitions either directly or indirectly—I should say, sir that huge amounts have been disbursed by way of interest to the parties. Here is a judgment which directly concerns me and my institution. The judgment was passed in August 1968. Now one year has passed and the Government have also said that interest have to be paid to the parties concerned. The Demand here is actually for two lakhs and five thousand. It is a wrong figure. The judgment itself is for Rs. 2,64,315. The interest payable will alone come to about Rs. 70,000. This interest has been accrued by sheer carelessness on the part of the Government Officers, who could have very well disposed of these cases much earlier even after the decree was passed or even by compromise of the parties concerned.

As regards land acquisition at Kalamassery, a public Committee put forward certain formal suggestions to the Government. The Land Acquisition Officer did not accept it. He awarded compensation according to his whims and fancies and the net result is that in the decree of the court the amount went upto double the amount suggested by the public committee. This procedure of wasting public fund I would say, is scandalous and at any cost should be stopped by the United Front. I wish all success to the Government. I hope that the House would give full support to my views.

ശ്രീ വി. വി. കുഞ്ഞമ്പു: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ മൊത്തത്തിൽ സ്വാഗതംചെയ്യുകയാണ്. പ്രതിപക്ഷത്തുനിന്നും ഉപധനാഭ്യർത്ഥനകളെക്കുറിച്ച് സംസാരിച്ചപ്പോൾ നിർമ്മാണാത്മകമായ യാതൊരു നിർദ്ദേശങ്ങളും ഈ സഭയുടെ മുൻപാകെവച്ചില്ല എന്നുള്ളിൽ എനിക്കു ഖേദമുണ്ട്. കിട്ടിയ വടിയെടുത്ത് രാഷ്ട്രീയപ്രതിയോഗികളെ അടിക്കുക എന്നുള്ള സമ്പ്രദായം അത്ര നല്ല കാര്യമാണ് എന്നു ഞാൻ വിശ്വസിക്കുന്നില്ല. ആടിനെ പട്ടിയാക്കുക എന്നുള്ള നയം സ്വീകരിക്കുന്നതു് ആരെയും സഹായിക്കാൻ പോകുന്നില്ല എന്നുള്ളതു മാത്രമേ എനിക്ക് അതിനെസംബന്ധിച്ചു പറയാനുള്ളു. ഒരു കാർഷികരാജ്യമായ നമ്മുടെ സംസ്ഥാനത്തിലെ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള പരിപാടികളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് നാം ആലോചിക്കുമ്പോൾ ഇറിഗേഷൻ പദ്ധതികൾക്ക് അമിതമായ പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നു കാണാം. അടുത്ത ഏതാനും ദിവസങ്ങൾക്കുമുൻപ് ചില ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചപ്പോൾ ഈ സംസ്ഥാനത്തിലെ മിക്ക മേജർ ഇറിഗേഷൻ പദ്ധതികളും പണമില്ലാത്തതിന്റെ ഫലമായി ഇന്ന് സ്തംഭനത്തിലാണെന്നു മനസ്സിലാക്കാൻകഴിഞ്ഞു. കാക്കടവ് ഡാമിന്റെ സ്ഥിതി എന്തായി എന്നറിയാൻ നീലേശ്വരം പയ്യന്നൂർ മണ്ഡലങ്ങളിലെ മുഴുവൻ ജനങ്ങളും വളരെ ആഗ്രഹത്തോടുകൂടിയിരിക്കുകയാണ്. കഴിഞ്ഞവർഷം പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളിൽ ഒന്നാംസ്ഥാനം ഈ പദ്ധതിക്ക് കൊടുത്തിട്ടുണ്ട് എന്നുള്ളതു ശരിയാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ഇന്ന് വളരെ മന്ദഗതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇന്നത്തെ നിലയിൽതന്നെ പോകുകയാണെങ്കിൽ എത്രകാലംകൊണ്ടായിരിക്കും അതു തുടങ്ങാൻസാധിക്കുക എന്നുള്ളതിനെക്കുറിച്ച് ഞങ്ങൾക്ക് വളരെ ഭയമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ പദ്ധതിയുടെ പ്രവർത്തനം ജാഗ്രതപ്പെടുത്തുന്ന കാര്യത്തിൽ അങ്ങേയററം പരിശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ മൈനർ ഇറിഗേഷൻ പദ്ധതികളുമുണ്ട്. പക്ഷേ ആ പദ്ധതികൾ മിക്കതും ശരിയായ രീതിയിലല്ല നടത്തുന്നതു്. പലതും പരാജയത്തിലാണ്. കണ്ണൂർ ജില്ലാ ഡെവലപ്പ്മെൻറ് കൗൺസിലിൽ ഇതിനെസംബന്ധിച്ച് പല പരാമർശങ്ങളും വന്നിട്ടുണ്ട്. പരാജയത്തിന്റെ കാരണം എന്താണെന്ന് അന്വേഷിക്കുന്നതിനുവേണ്ടി ഒരു കമ്മിററിയെത്തന്നെ ഡി.ഡി.സി. നിശ്ചയിച്ചിട്ടുണ്ട്, അതിന്റെ റിപ്പോർട്ട് എന്താണെന്ന് അറിഞ്ഞില്ല. ഏതായാലും മിക്ക പദ്ധതികളും പരാജയത്തിലാണ്. മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് ചെലവഴിക്കുന്ന പണം മേജർ ഇറിഗേഷൻ പദ്ധതികൾക്ക് ചെലവാക്കുന്നതു കൂടുതൽ നന്നായിരിക്കുമെന്നാണ്. എന്റെ അഭിപ്രായം. എന്റെ നിയോജകമണ്ഡലത്തിൽ ഇരുപത്തെണ്ണായിരം ഏക്കർ സ്ഥലത്തു് വെള്ളം എത്തിച്ചുകൊടുക്കാനുള്ള ഒരു പദ്ധതിയാണ് കാക്കടവു ഡാം. ഈ ഡാം പൂർത്തിയായാൽ ഇന്നു കിട്ടുന്ന വിളവിനെക്കാൾ പതിനാലുലക്ഷത്തോളം പറ നെല്ലുകൂടി ഉല്പാദിപ്പിക്കാൻകഴിയും. അതുകൊണ്ട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: ഇനി ഒരു മിനിട്ടേ ഉള്ളൂ.

ശ്രീ. വി. വി. കുഞ്ഞമ്പു: അതുപോലെതന്നെ നീലേശ്വരത്തുനിന്ന് കിഴക്കുഭാഗംവരെ രണ്ടു റോഡുകളുണ്ട്, രണ്ടു പാലങ്ങൾക്കും പദ്ധതിയുണ്ട്. അതിൽ ഒന്ന് ക്ലൂവാററിപ്പാലം മറേറതു പരപ്പച്ചാൽ പാലം, പരപ്പച്ചാൽ പാലം പണിയാരംഭിക്കുന്നതിനു് എസ്റ്റിമേററൊക്കെ തയ്യാറാക്കിയിട്ടുണ്ടെന്നുപറഞ്ഞു. പക്ഷേ ഇതുവരെയും പണി ആരംഭിച്ചിട്ടില്ല. അതിന്റെ ഫലമായിട്ടു നീലേശ്വരംവഴി പോകുന്ന ബസ്സുകളെല്ലാം പരപ്പച്ചാലിൽവന്നു നിൽക്കുകയാണ്. അതുപോലെതന്നെ മറ്റേതാട്ടു പാലം. ആ പാലത്തിൽക്കൂടി റേഷൻ സാധനങ്ങൾപോലും കൊണ്ടുവരാൻസാധിക്കുന്നില്ല. അതു് ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ടു കണ്ടിട്ടുള്ളതാണ്. അതിന്റെ എസ്റ്റിമേററുപോലും തയ്യാറാക്കിയിട്ടില്ല. ഈ രണ്ടു റോഡുകളും നന്നാക്കി രണ്ടു പാലങ്ങളും പണിതീർന്നുകഴിഞ്ഞാൽ നീലേശ്വരം പട്ടണത്തിന്റെ മുഖച്ഛായതന്നെ മാറുമെന്നുള്ളകാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ആ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ (ശ്രീ. ഇ. ചന്ദ്രശേഖരൻനായർ); സമയമായി.

ശ്രീ. വി. വി. കുഞ്ഞമ്പു: സർ, വിദ്യാഭ്യാസരംഗത്തു് ഹിന്ദി ട്രെയിനിംഗ് കോളേജുകൾ നിറുത്തലാക്കുന്നതിനു ഗവണ്മെൻറ് തീരുമാനമെടുത്തിട്ടുണ്ട്. ആക്കാര്യത്തിൽ ഗവണ്മെൻറിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ ഈ ഹിന്ദി ട്രെയിനിംഗ് കോളേജുകൾ നിറുത്തലാക്കുന്നതിനുപകരം ഇൻസ്റ്റിററ്യൂട്ടുകൾ തുടങ്ങാൻ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചെങ്കിലും അവ തുടങ്ങിക്കാണാത്തതിൽ ജനങ്ങൾക്ക് വളരെ ഉൽക്കണ്ഠയുണ്ട്. അതുകൊണ്ട് എത്രയും വേഗം അവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും സമയമില്ലാത്തതുകൊണ്ടും ഞാൻ നിറുത്തുന്നു.

ശ്രീ. എം. എം. തോമസ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ ശ്രദ്ധയിൽ ഒന്നുരണ്ടുകാര്യങ്ങൾ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഹൈറേഞ്ചിൽ വളരെ ത്വരിതഗതിയിൽ പട്ടയംകൊടുത്തുകൊണ്ടിരുന്നതിന് കാലവിളംബം നേരിട്ടിരിക്കുകയാണ്. അത് അടിയന്തിരമായി അന്വേഷിക്കണം. മലബാറിലെ കൊട്ടിയൂർപോലുള്ള പ്രദേശങ്ങളിലെ സർവ്വേയും ഇതുവരെ നടന്നിട്ടില്ല. അവിടെ സർവ്വേ നടത്താനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. കീരിത്തോട്ടിൽനിന്നും കുടിയിറക്കിയവരെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും റവന്യൂ ഡിപ്പാർട്ടുമെന്റ് ഭൂമി ഏറ്റെടുത്തു പുനരധിവസിപ്പിക്കണം. അതുപോലെതന്നെ മറ്റു പല സ്ഥലങ്ങളിലും ആളുകൾ കുടിയേറിപ്പാർത്തിട്ടുണ്ട്. അവരെ ഇറക്കിവിടുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കണം.

അടുത്തതായി മെഡിക്കൽ വകുപ്പിനെപ്പററിയാണ് എനിക്കു പറയാനുള്ളത്. അക്കാര്യം പറയുമ്പോൾ എനിക്കു ഒരു പദ്യം ഓർമ്മവരികയാണ്. "കണ്ടാൽ ഇരക്കുന്ന ജനങ്ങളുണ്ടോ കപ്പാൻമടിക്കുന്ന തരം വരുമ്പോൾ" എന്നുള്ള ആ പദ്യത്തിൽ പറയുന്ന കാര്യങ്ങൾ വളരെ അർത്ഥവത്തായ രീതിയിൽ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. മാർക്കില്ലാത്തവർക്ക് അഡ്മിഷൻ കൊടുക്കുക, യൂണിവേഴ്സിററിയിൽ മാർക്ക് കൂടുതലുള്ളവർക്ക് അഡ്മിഷൻ കൊടുക്കാതിരിക്കുക, മന്ത്രി നേരിട്ട് അഡ്മിഷൻ കൊടുക്കണമെന്ന് ഉത്തരവിടുക, അതുപോലെ പ്രൈവററ് കോളേജിൽനിന്ന് ഗവൺമെൻറ് കോളേജിലേക്കു മാററുന്നതിന് യാതൊരു അടിസ്ഥാനതത്വവും സ്വീകരിക്കാതിരിക്കുക ഇങ്ങനെയുള്ള ഭീകരമായ അഴിമതി മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഡോക്ടർമാരുടെ സ്ഥലംമാററം...........

ശ്രീ. കെ. ടി. ജോർജ്: ഇത് കുറേക്കാലമായി ഉള്ളതാണെന്നറിയാമോ?

ശ്രീ. എം. എം. തോമസ്: ഞാൻ കൂടുതൽ അന്വേഷിച്ചില്ല. അന്വേഷിച്ചപ്പോൾ കിട്ടിയത് ഇതാണ്. എന്റെ അറിവു ശരിയാണെങ്കിൽ ഈ പ്രാവശ്യം 200 ഡോക്ടർമാർക്കു ജനറൽ ട്രാൻസ്ഫർ നൽകിയതിൽ 150-ൽ ചില്ലാനം പേരുടെ പേരു് ക്യാൻസൽചെയ്തിട്ടുണ്ട്. ഇപ്പോൾ ഒരു ട്രാൻസ്ഫറിന് റേററ് ഇത്രയെന്നു വ്യവസ്ഥയുണ്ട്. ഈ ട്രാൻസ്ഫറിന്റെയെല്ലാം പുറകിൽ ഭീകരമായ അഴിമതിയുണ്ട്. അതുപോലെതന്നെ ഹൗസ് സർജൻസി പാസായി ജോലിയില്ലാത്ത ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കെ അയൽസംസ്ഥാനങ്ങളിലുള്ളവരെ ഇവിടെ നിയമിക്കുകയും ഇവിടെയുള്ളവർക്കു ജോലി കൊടുക്കാതിരിക്കുകയുംചെയ്യുകയാണ്. സർ, മാർക്കില്ലാത്ത അനേകം കുട്ടികൾക്ക് മെഡിക്കൽ കോളേജിൽ അഡ്മിഷൻകൊടുത്തിട്ടുണ്ട്. ഇതിനു് ഉദാഹരണമാണു് കെ. ടി. പി.യുടെ പത്രമായ 'തൊഴിലാളി' ദിനപ്പത്രത്തിന്റെ തിരുവനന്തപുരം പ്രതിനിധിയായ പുത്തൂർ നാരായണൻനായരുടെ പുത്രി കെ. ജയശ്രീയും തൃശ്ശൂരിലെ എലൈററ് ഫേബ്രിക്സ് ഉടമസ്ഥന്റെ വീട്ടിലെ പി. ആർ. രേണുകയും. മാർക്ക് കൂടുതലുള്ള ആളുകൾ വേറെ ഉണ്ടായിരിക്കെ മാർക്കില്ലാത്ത കുട്ടികൾക്ക് എന്തിനുവേണ്ടി യൂണിവേഴ്സിററിക്ക് മന്ത്രി എക്സംപ്ഷനു് എഴുതി എന്നു ഞാൻ ചോദിക്കുകയാണ്.

ശ്രീ. ജെ. കമാലിയാസ് മൊറൈസ്: യൂണിവേഴ്സിററിയുടെ എക്സംപ്ഷൻ വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെയാണോ എഴുതിയത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. തോമസ്: അത് ഇവിടെ വായിച്ചതല്ലേ? പിന്നെ എന്തിനാണ് ചോദിക്കുന്നത്? ഏതായാലും ഒരു കാര്യം ഞാൻ പറയാം. ഇതിനെ സംബന്ധിച്ച് വ്യക്തമായ തെളിവുകൾ ഞാൻ വച്ചാം. പക്ഷേ ഇവിടെ തെളിവുകൾ വച്ചാലും അന്വേഷിക്കാൻ ആളുകളില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കാൻ തയ്യാറാണെങ്കിൽ തെളിവുകൾ ഹാജരാക്കാൻ ഞാൻ തയ്യാറാണെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

[Mr. Speaker in the Chair]

ശ്രീ. വി. കുട്ടികൃഷ്ണൻനായർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഐക്യമുന്നണി വളരെ സുശക്തമായി പ്രവർത്തിക്കുന്ന ഒരു സാഹചര്യമാണ് ഇന്നു നമുക്കു കാണാൻസാധിക്കുന്നത്. കേരളത്തിൽ രൂപം കൊണ്ടിട്ടുള്ള ഐക്യമുന്നണിയുടെ മാതൃകാപരമായ പ്രവർത്തനം ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലേയ്ക്കു വ്യാപിക്കുകയും, അങ്ങനെ വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ (1972-ൽ) ഐക്യമുന്നണിക്ക് അധികാരം പിടിച്ചെടുക്കാൻ സാധിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് നമ്മുടെ മുൻപിലുള്ളത്. നമ്മുടെ ഐക്യമുന്നണിയിൽ അഭിപ്രായവ്യത്യാസങ്ങളും ചീററലും പൊട്ടലുമൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുകാരണം മന്ത്രിമാരുടെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷണംനടത്താൻ തയ്യാറാകാത്തതാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സമ്പ്രദായത്തിനു ഒരു അറുതിവരുത്തുന്നതിനുവേണ്ടി പബ്ലിക്കുമെൻ (ഇൻക്വറീസ്) ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നു. നിർഭാഗ്യവശാൽ അതു സാധിച്ചില്ല. ഏതായാലും വ്യക്തമായ തെളിവുകളോടുകൂടി പല മന്ത്രിമാരെസംബന്ധിച്ച് ഇന്നും ഇവിടെ പൊന്തിവന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനു് അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നും അങ്ങനെ ഐക്യമുന്നണിയെ നിലനിറുത്തണമെന്നും ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. സർ, പോലീസ് ഡിപ്പാർട്ടുമെൻറിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനയിൽ 12 സർക്കിളാഫീസുകൾ തുറക്കാൻ ഉദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. അതിൽ എനിക്കു സന്തോഷമുണ്ട്. അതിൽ ഒന്നു്, കുന്നമംഗലത്താണ്. കുന്നമംഗലം പോലീസ് സ്റ്റേഷനിൽ ഇന്നു് പരിമിതമായ സ്ഥലമേയുള്ളു. അവിടെയുള്ള പോലീസുകാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സുകളില്ല. കഴിഞ്ഞ എല്ലാ ബഡ്ജററു സമ്മേളനങ്ങളിലും ഇക്കാര്യം ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ് അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തണമെന്നു് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കഴിഞ്ഞതവണ അനൗദ്യോഗികപ്രമേയത്തെക്കുറിച്ച് ചർച്ചനടന്നുകൊണ്ടിരുന്ന അവസരത്തിൽ മെഡിക്കൽകോളേജ് ആശുപത്രിയിലെ വിഷമങ്ങളെസംബന്ധിച്ച് ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ പ്രധാനമായിട്ടുള്ളതു് രോഗികളുടെ ഭക്ഷണം വെട്ടിക്കുറച്ചതും ആശുപത്രികളിൽ ആവശ്യത്തിനു മരുന്നില്ലാത്തതുമാണ്. ഈ പ്രശ്നത്തിനു്. പരിഹാരമുണ്ടാക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയെ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. സർ, കോഴിക്കോട്ട് ടി. ബി. വാർഡിലുള്ള ഒരു ഡാക്ടറെസംബന്ധിച്ച് ഇവിടെ ഗുരുതരമായ ആരോപണങ്ങൾ പൊന്തിവന്നിട്ടുണ്ട്. കളക്ടറുടെക്കൂടെയുള്ള ഹോസ്പിററൽ അഡ്വൈസറിക്കമ്മിററികൂടി, അദ്ദേഹത്തെ മാററണമെന്നു് പ്രമേയം പാസാക്കിയിട്ടുണ്ട്. ഇതുവരേയും അതിനു യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അനുസ്മരിപ്പിക്കുകയാണ്.

അടുത്തതായി എനിക്കു് പറയാനുള്ളതു്, പബ്ലിക്കുവർക്സിനെ സംബന്ധിച്ചാണ്. ഞങ്ങളുടെ പ്രദേശങ്ങളിലെല്ലാം റോഡുകളുടേയും പാലങ്ങളുടേയും അപര്യാപ്തത വളരെ കൂടുതലാണ്. ഏതെങ്കിലും ഒന്നോ രണ്ടോ റോഡുകളുടെ എസ്റ്റിമേററു സാംങ്ഷൻ ചെയ്താൽത്തന്നെയും പണി ആരംഭിക്കാൻ വളരെ കാലതാമസംവരുന്നുണ്ട്. എൻെറ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

റോഡാണ് കുന്നമംഗലം—അരീക്കോട്ട് റോഡ്. ഇന്നുവരെയും അതിന്റെ പണി പൂർത്തിയായിട്ടില്ല. ലാൻഡ് അക്വിസിഷന്റെ കാലതാമസമാണ് ഇതിനു കാരണം. ലാൻഡ് അക്വിസിഷനിൽ വരുന്ന ഈ കാലതാമസം അടിയന്തിരമായി അവസാനിപ്പിക്കണം. സർ, എന്റെ നിയോജകമണ്ഡലത്തിൽ പി. ഡബ്ലിയു. ഡി.-യുടെ കീഴിലുള്ള റോഡുകളുടെ പണി പൂർത്തിയാക്കുന്നതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ടായിരുന്നു. അതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നതു് ആ റോഡുകൾ സപ്ലിമെൻററി ഡിമാൻഡ്സ് കൊണ്ടുവരുമ്പോൾ അതിൽ ഉൾക്കൊള്ളിക്കാമെന്നാണ്. പക്ഷെ ഇപ്പോൾ ഈ സപ്ലിമെൻററി ഡിമാൻറിലൊന്നും ആ റോഡുകൾ ഉൾക്കൊള്ളിച്ചുകാണുന്നില്ല.

സർ, ഐക്യമുന്നണിയിലെ അഭിപ്രായവ്യത്യാസങ്ങൾ തീർക്കണമെന്നു പറയുന്നതു്, പഞ്ചായത്തുരാജ് ബിൽ, കടാശ്വാസ ബിൽ മുതലായവ പാസാക്കി എടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്; മററെന്തെങ്കിലും ഉദ്ദേശത്തോടുകൂടിയല്ല. ഈ ബില്ലുകൾ അടിയന്തിരമായി പാസാക്കിയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഞങ്ങളുടെ കക്ഷി അഞ്ചാറുമാസംമുൻപ് മെമ്മോറാണ്ടം സമർപ്പിക്കുകയും പ്രകടനം നടത്തുകയുംചെയ്തിട്ടുണ്ട്. അതുകൊണ്ടു്, അതിനെതിരായ യാതൊരുദ്ദേശവും ഞങ്ങൾക്കില്ല. ഈ ഐക്യമുന്നണിയുടെ പ്രവർത്തനം അഭംഗുരം മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ ഈ ഡിമാൻഡ് പാസാക്കിക്കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഇന്ന് ഒരുമണി കഴിഞ്ഞു കുറേനേരം ഇരിക്കേണ്ടിവരും. ഇനിയും പ്രതിപക്ഷനേതാക്കന്മാർ സംസാരിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എം. ജോർജ്: സർ, ഇന്ന് യാത്രയും മററും കഴിഞ്ഞു വന്നതേയുള്ളു. നാളെ കുറെനേരം ഈ ബില്ല് ആലോചിച്ച് പാസ്സാക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഒരുമണിക്കുശേഷം ഇരിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടു് ആർഡിനൻസ് ബില്ലാക്കി പാസ്സാക്കാൻ ഉണ്ട്. അതുപോലെ കേരള എഡ്യൂക്കേഷൻ ഭേദഗതി ബില്ലുണ്ട്. ഇവയെല്ലാം അടിയന്തിരമായി പാസ്സാക്കാനുണ്ട്. അതുകൊണ്ട് ഈ ബിൽ ഇന്നുതന്നെ പാസ്സാക്കണം.

ശ്രീ. കെ. കരുണാകരൻ: സമയം ഓരോരുത്തർക്കും അലോട്ടുചെയ്തതു് ഒരുമണിക്കു ഈ ചർച്ച തീരണമെന്ന നിലയിലാണ്. എല്ലാവർക്കും സമയം കൊടുക്കണം.

ശ്രീ. ബേബിജോൺ: സ്വൽപം സമയം കൂടുതലായാലും അപാകതയൊന്നുമില്ല. സംശയത്തിന്റെ നിഴൽ അവശേഷിപ്പിച്ചിട്ടുപോകാതെ എല്ലാം പറയുകയാണ് നല്ലതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു. ഇതിനെ എതിർത്തുകൊണ്ടും അനുകൂലിച്ചുകൊണ്ടും സംസാരിച്ച ബഹുമാനപ്പെട്ട പല അംഗങ്ങളും മന്ത്രിമാരുടെ പേരിലുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ച് പറഞ്ഞു; സംശുദ്ധമായ ഒരു ഭരണക്രമം കൈവരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചും സംസാരിച്ചു. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് ബന്ധപ്പെട്ട മന്ത്രിമാർ മറുപടിപറയുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. ഞാൻ അതിലേക്കു കടക്കുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മാണി, ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി കൃഷ്ണൻ അഴിമതി നടത്തിയതായി പറഞ്ഞുകൊണ്ടു് ഉന്നയിച്ച ആരോപണത്തിന്റെ അവസാനഭാഗത്തു് അദ്ദേഹംതന്നെ പറയുകയുണ്ടായി, അനധികൃതമായി തടിവെട്ടുന്ന സംഭവം എവിടെയെങ്കിലുമുണ്ടായാൽ അങ്ങനെ വെട്ടിയിട്ടുള്ള തടി കമ്പൗണ്ടിംഗ് പെററീഷൻ കൊടുത്തുകൊണ്ടു്,

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കൊടുത്ത കമ്പൗണ്ടിംഗ് പെററീഷനിൽ ഉത്തരവു വാങ്ങിക്കൊണ്ടു് ആ തടി കൊണ്ടുപോകാൻ നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ടെന്നു്. എൻെറ അറിവു ശരിയാണെങ്കിൽ, പ്രസ്തുത കേസിൽ, തടിവെട്ടിയെടുത്തയാാം ഗവണ്മെൻറിൽ കമ്പൗണ്ടിംഗ് പെററീഷൻ കൊടുക്കുകയും, അതിൻെറയടിസ്ഥാനത്തിൽ നിയമപരമായ തീരുമാനമുണ്ടാവുകയും ആ തീരുമാനത്തെ ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും, ആ തീരുമാനം നിയമാനുസൃതമായ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ശരിയായി പാസാക്കിയതാണെന്നു പറഞ്ഞുകൊണ്ടു്, ചോദ്യംചെയ്തയാളുടെ ഹർജി തള്ളുകയും ചെയ്തു് ആ രീതിയിൽ ഏററവും നിയമപരമായി കൈകാര്യം ചെയ്യുകയാണുണ്ടായതു്. അതിനെപ്പററി കൂടുതൽ വിശദമായി ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്. എം. പി. പി. എഫ്. ആക്ററിലെ വ്യവസ്ഥകൾക്കു് അനുസൃതമായി കളക്ടറക്കു് നിർദ്ദേശം കൊടുത്തുകൊണ്ടു് നിയമപരമായി, നീതിപൂർവ്വകമായി ഉണ്ടായ ഒരു തീരുമാനമാണെന്നാണു് എനിക്കു് അറിയാൻ കഴിഞ്ഞതു്. വിശദമായ വിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രി നൽകുമെന്നുള്ളതുകൊണ്ടു് ഞാൻ അതിലേക്കു കടക്കുന്നില്ല. ഇത്രയും പറയുന്നതോടൊപ്പം ഒരു കാര്യംകൂടി എനിക്കു് പറയാനുണ്ടു്. അഴിമതിയാരോപണങ്ങളെക്കുറിച്ചു് അന്വേഷണം നടത്തണമെന്ന വാദം ഉന്നയിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർക്കു്, ഏതെങ്കിലും മെമ്പർ ഈ അസംബ്ലിയിൽ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ചു് അന്വേഷിക്കണമെന്നു് അഭിപ്രായപ്പെടുന്നതോടൊപ്പം നമ്മുടെ പത്രങ്ങളിൽ പല വകുപ്പുകളെക്കുറിച്ചും പല മന്ത്രിമാരെക്കുറിച്ചും വന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ചുകൂടി അവയുടെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല, കയർ മുതലാളിമാരെ സഹായിച്ചതും സ്റ്റാമ്പുഡ്യൂട്ടി റദ്ദുചെയ്തതും മററും മററുമായ ആരോപണങ്ങളുണ്ടു, അവയെക്കുറിച്ചുകൂടി–അന്വേഷിക്കണമെന്നു് ആ ബഹുമാനപ്പെട്ട മെമ്പർമാർ ആവശ്യപ്പെടുന്നുണ്ടോ എന്നറിയാൻ ഞാനാഗ്രഹിക്കുകയാണു്. ആ കാര്യമാണു് എനിക്കു ചോദിക്കാനുള്ളതു്.

ശ്രീ. ബേബിജോൺ: ആരെപ്പററിയെല്ലാം ആരോപണമുണ്ടോ അവരുടെ പേരിലെല്ലാം അന്വേഷണം നടത്തണമെന്നാണു് ഞങ്ങൾ ആവശ്യപ്പെടുന്നതു്.

ശ്രീ. ടി. എ. മജീദ്: ഏതോ കയർ മുതലാളിക്കു് എന്തോ ആനുകൂല്യം ചെയ്തു കൊടുത്തുവെന്നു പറഞ്ഞു. മദ്യഷാപ്പുകളെന്നാണു് അറിഞ്ഞതു്. മൊത്തം അന്വേഷണം നടത്തണമെന്നാണോ എന്നറിഞ്ഞാൽകൊള്ളാം.

(അനേകം മെമ്പർമാർ ഒരുമിച്ചു് സംസാരിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: ആർഡർ, ആർഡർ, ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സമയിൽ തടസ്സമുണ്ടാക്കുന്നതു ശരിയല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ. ആരോപണത്തെക്കുറിച്ചു് അന്വേഷണം നടത്തണമെന്നു് ഞാൻ ആവശ്യപ്പെട്ടില്ല. അന്വേഷണം നടത്തണമെന്നു് ആവശ്യപ്പെടുന്ന മെമ്പറന്മാരുടെ ആവശ്യത്തിൽ ഇതും ഉൾപ്പെടുമോ എന്നറിയാനുള്ള ആകാംക്ഷകൊണ്ടു് ചോദിച്ചതാണു്.

ശ്രീ. ടി. എ. മജീദ്: സർ, ചോദിച്ച ചോദ്യത്തിനു മറുപടി പറയുകയാണു്.

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. ബേബിജോൺ: സർ, ആരുടെ പേരിലുള്ള ആരോപണമായാലും അതിൻെറ പേരിൽ സംശയത്തിനു ഇടകൊടുത്തുകൊണ്ടിരിക്കുന്നതു് ശരിയല്ല, സംശയനിവാരണത്തിനു വേണ്ടതു ചെയ്യണം എന്ന കാര്യത്തിൽ എൻെറ കക്ഷിക്കു് അഭിപ്രായവ്യത്യാസമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ ഉന്നയിച്ച ആരോപണമല്ലാതെ........

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഞാൻ ഒരു ആരോപണവും ഉന്നയിച്ചില്ല. ക്ലാരിഫിക്കേഷനുവേണ്ടി ഒരു ചോദ്യം ചോദിച്ചു എന്നുമാത്രം. ആരോപണമുന്നയിക്കാനാണെങ്കിൽ അതിന്റെ നടപടിക്രമങ്ങളെക്കുറിച്ച് എനിക്കറിയാം. അത് എഴുതിക്കൊടുത്തുകൊണ്ട് ഉന്നയിക്കാനും കഴിയും. ഇവിടെ ഞാൻ യാതൊരു ആരോപണവും ഉന്നയിച്ചിട്ടില്ല. അന്വേഷണം നടത്തണമെന്നാവശ്യപ്പെടുന്നവരുടെ അന്വേഷണത്തിൽ ഇതും പെടുമോ എന്ന് ചോദിച്ചു എന്നേയുള്ളു. സംശുദ്ധമായ ഒരു ഭരണം ഉണ്ടാകണമെന്നും അഴിമതിയാരോപണങ്ങൾക്കുപരിയായിട്ടുള്ള രീതിയിൽ മന്ത്രിസഭയ്ക്ക് പ്രവർത്തിക്കാൻ കഴിയണമെന്നുമുള്ള അഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. പക്ഷെ അഴിമതിയാരോപണങ്ങളും അതുപോലുള്ള പ്രശ്നങ്ങളും വരുമ്പോൾ ഐക്യമുന്നണിയിലെ ഘടകകക്ഷികളിൽപ്പെട്ട ബഹുമാനപ്പെട്ട മെമ്പർമാർ ഇതിൽനിന്ന് അന്യരാണെന്നുള്ള നിലയിൽ നിന്നുകൊണ്ട് സംസാരിക്കുകയും വാദപ്രതിവാദങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം നിർഭാഗ്യകരമാണെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പിന്നെ ഒരു കാര്യം പറയാനുണ്ട്, വിശദാംശങ്ങളിലേയ്ക്കു കടക്കുന്നില്ല. ബഹുമാനപ്പെട്ട വൈക്കം മെമ്പർ, കുറവടി പ്രകടനത്തിനു പോലീസകമ്പടി സേവിച്ചതിനെപ്പററി പറഞ്ഞു. അതിന്റെ ഉള്ളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ആ നിയോജകമണ്ഡലത്തിൽ ആയുധധാരികളായി വന്നചിലർ അഞ്ചുവർഷംപ്രായമായ തെങ്ങു വെട്ടിയതിനെപ്പററി അദ്ദേഹം ഒന്നും സംസാരിക്കാത്തതിൽ എനിക്കത്ഭുതമില്ല. അതുപോലെ ഉത്തരവാദപ്പെട്ട ഒരു മെമ്പർ ഒന്നു രണ്ട് ദിവസത്തിനുമുമ്പ് ഇന്നു സുഖമായി ജീവനോടെയിരിക്കുന്ന ഒരാൾ മരിച്ചുപോയി എന്ന് പറഞ്ഞതിനെപ്പററിയും ഞാനൊന്നും പറയുന്നില്ല. അദ്ദേഹം ഇന്നും ചെറിയ പരുക്കുപോലും പററാതെ ജീവനോടെ ഇരിക്കുമ്പോൾ മാർക്സിസ്ററു കമ്മ്യൂണിസ്ററുകാർ അദ്ദേഹത്തെ കൊലപ്പെടുത്തിയെന്ന് കളക്ടററുടെ മുമ്പിൽമൊഴി കൊടുത്തു. ഇവിടത്തെ പത്രങ്ങളിൽ വാർത്തകൊടുത്തു പത്രങ്ങളിലെല്ലാം വന്നതാണ്. എല്ലാവരും വായിച്ചുകാണും. ഈ സഭയിലെ ഒരു മെംബർക്കുവേണ്ട ഉത്തരവാദിത്വബോധം ലവലേശം ഇല്ലാത്ത ഇത്തരം വാർത്തകൾ പരത്താൻ മടിയില്ലാത്ത ചില മെമ്പർമാരെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ,......................

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: നിയമനിർമ്മാണത്തിന്റെ മുൻഗണനാക്രമത്തിൽ തീരുമാനിക്കുന്ന രഹസ്യമായ ചർച്ചകളിൽ പറയുന്ന കാര്യങ്ങൾ പരസ്യമായി കൊണ്ടുവരുന്നതിൽ സന്തോഷമേയുള്ളു.

ശ്രീ. ബേബിജോൺ: ആരാണെന്നു വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പത്രത്തിൽ വന്നിട്ടുള്ളതാണ്; വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ജേർജ്ജ് തോമസ്: ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങളെക്കുറിച്ചു മാത്രം സംസാരിക്കുകയാണല്ലോ. പ്രതിപക്ഷ മെമ്പർമാർക്കുകൂടി മറുപടി തന്നാൽ കൊള്ളാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഞാൻ മറുപടിപറയാൻ നിൽക്കുന്ന ആളല്ല. മറുപടി പറയുന്ന ജോലി എന്റെതല്ല.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ മുമ്പിൽ ചൂണ്ടിക്കാണിക്കാനുള്ളതും ഓർമ്മിപ്പിക്കാനുള്ളതും ഈ ഉപധനാഭ്യർത്ഥനകളുടെ കൂട്ടത്തിൽ വനഭൂമി വെട്ടിത്തെളിച്ച് സർവ്വേചെയ്ത് റവന്യൂ ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കുന്നതിനുവേണ്ടി തുക വകകൊള്ളിച്ചിട്ടുള്ളതിനെപ്പററിയാണ്. അതിനു ആവശ്യമായ തുക വക കൊള്ളിച്ചിട്ടുണ്ട്. അതു് വനം വകുപ്പിൽ നിന്ന് ആ ഭൂമി ഏററെടുക്കാൻ ശ്രദ്ധിക്കുന്നതോടൊപ്പം അർഹതയുള്ളവക്ക് അതു കൊടുക്കുന്ന നടപടി എത്രയും വേഗം എടുക്കുമെന്ന് ഒരു ഉറപ്പുകൂടി വനം വകുപ്പുമന്ത്രി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വനംവകുപ്പിൽ നിന്ന് വിട്ടുകൊടുക്കാൻ നാൽപ്പതിനായിരം ഏക്കർ ഭൂമിയാണുള്ളതെന്ന് റിപ്പോർട്ടുണ്ട്. പക്ഷെ രണ്ടുലക്ഷം ഏക്കർവരെ എടുത്തു വിതരണം ചെയ്യാൻ കഴിയുമെന്നാണ് അറിയുന്നത്. അതുപോലെ ഹരിജനങ്ങൾക്കുവേണ്ടിയുള്ള കാളനൈസേഷനുവേണ്ടിയും ഒരു ഡിമാൻറ് ഉണ്ട്. കാളനൈസേഷനുവേണ്ടി ഏതാനും തുക ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആവശ്യമായത്ര തുക ഉൾക്കൊള്ളുന്നുവെന്നും ചെലവാക്കപ്പെടുന്നുവെന്നും തോന്നുന്നില്ല. കിടപ്പാടത്തിനുവേണ്ടി ബുദ്ധിമുട്ടുന്ന കർഷക തൊഴിലാളികൾക്കും കയർത്തൊഴിലാളികൾക്കും, മത്സ്യത്തൊഴിലാളികൾക്കും കിടപ്പാടമുണ്ടാക്കാൻ വനത്തിൽനിന്ന് ഭൂമി കൊടുക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും ഭൂമി പതിച്ച് എടുത്ത് കോളനൈസേഷൻ സ്കീം എത്രയും വേഗം നടപ്പാക്കണമെന്നും അതിനുവേണ്ടി കൂടുതൽ തുക ആവശ്യമാണെങ്കിൽ ഉൾപ്പെടുത്തണമെന്നും അപേക്ഷിച്ചുകൊണ്ട് ഒന്നുകൂടി ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, എനിക്കൊരു കാര്യം പറയാനുണ്ട്. മരിച്ചുപോയി എന്നു പോലീസുകാർ പറഞ്ഞതാണ്. പിന്നീടാണ് മരിച്ചിട്ടില്ലെന്നറിയുന്നത് മൃതപ്രായനായിരുന്നയാളാണ്. ആ വിവരം ഞാൻതന്നെ എല്ലാവരെയും അറിയിക്കുകയും ചെയ്തു.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഈ സപ്ലിമെൻററി ഡിമാൻഡുകളെ ഞാൻ എതിർക്കുകയാണ്. സർക്കാർ ഖജനാവിൽനിന്ന് ചില വകുപ്പുകൾക്കുവേണ്ടി കൂടുതൽ പണം ആവശ്യപ്പെടുമ്പോൾ, ആ വകുപ്പുകളുടെ പ്രവർത്തനം ജനങ്ങൾക്ക് എത്രത്തോളം പ്രയോജനപ്പെടുന്നുണ്ടെന്നു വസ്തുനിഷ്ഠമായി പരിശോധിക്കേണ്ടതാവശ്യമാണ്.

സർ, ഇവിടത്തെ ഭരണം, പാർട്ടികൾ തമ്മിലുള്ള നീണ്ട പോരാട്ടത്തിൻെറ കഥയായി പരിണമിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു ശാപമായി തീർന്നിരിക്കുകയുമാണ്. ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യരുടെ പ്രസംഗാവസരത്തിൽതന്നെ ഈ കാര്യം വളരെ പ്രകടമായി കഴിഞ്ഞിട്ടുണ്ട്.

ഇത്തരത്തിലുള്ള മൽസരങ്ങൾക്കും പോരാട്ടങ്ങൾക്കും ഒരു ശമനം വരത്താനെന്ന വിധം, കൊച്ചു കുട്ടികളെ മിഠായി കൊടുത്തു സംതൃപ്തരാക്കുന്നമട്ടിൽ, മുഖ്യമന്ത്രി, 'അകാരാദി' ക്രമത്തിലുള്ള പേരുകാർ മന്ത്രിസഭ വിളിച്ചു കൂട്ടാൻ അനുമതി നൽകിയിരിക്കുകയാണ്. ആകപ്പാടെ നാഥനില്ലാക്കളരിയായിത്തീർന്നിരിക്കുന്ന ഈ സ്ഥിതിവിശേഷത്തിൽ ഒന്നും പറഞ്ഞാൽ നടക്കുകയില്ലെന്നറിയാമെങ്കിലും ചിലകാര്യങ്ങൾ പറഞ്ഞു പോകുകയാണ്. ഇവിടത്തെ സുപ്രധാനമായ ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ സഭയിൽ മൂന്നു മന്ത്രിമാരുടെ പേരിൽ വളരെയേറെ ആരോപണങ്ങൾ ഉയർന്നുവന്ന അവസരത്തിൽ, ശ്രീ. പി. കെ. കുഞ്ഞിൻെറ പേരിലുണ്ടായ അഴിമതിയെക്കുറിച്ചു മാത്രം അന്വേഷണം നടത്താനാണ് മുഖ്യമന്ത്രി ഉത്തരവായത്. മുഖ്യമന്ത്രി രാഷ്ട്രീയ പരിഗണനയിലായിരിക്കും മന്ത്രിമാരായ ശ്രീ. വെല്ലിംഗ്ടൺെറയും, ശ്രീ. എം. കെ. കൃഷ്ണൻെറയും പേരിലുള്ള ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ അന്വേഷണത്തിന് വിടേണ്ടതില്ലെന്ന് തീരുമാനിച്ചത്. ഈ മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം ഉണ്ടാകുമെന്നും, അതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ജനങ്ങൾ വിശ്വസിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. അഴിമതി നിരോധന നിയമം നിയമസഭയുടെ പരിഗണനയിലിരിക്കുന്ന ഈയവസരത്തിൽ, അതിനെ മറികടന്നുകൊണ്ട്, ഈ രാജ്യത്തെ ജനങ്ങളോടുള്ള ഒരു വെല്ലുവിളിയെന്ന മട്ടിൽ, മുൻപ് ഗുരുതരമായ ആരോപണങ്ങൾക്ക് വിധേയനായ ശ്രീ. എം. കെ. കൃഷ്ണനെ അഴിമതിനിരോധന വകുപ്പിന്റെ ചുമതല ഏല്പിച്ചുകൊടുത്തിരിക്കുകയാണ്.

ശ്രീ. എം. കെ. എ. ഹമീദ്: സർ, സപ്ലിമെന്ററി ഡിമാന്റിനെ സംബന്ധിച്ച ചർച്ചയിൽ ഈ കാര്യങ്ങളെല്ലാം പരാമർശിക്കാമോ?

ശ്രീ. കെ. ടി. ജോർജ്: ഞാൻ പറഞ്ഞത് വേറൊന്നുമല്ല. ആരോപണങ്ങൾക്ക് വിധേയനായ ഒരു മന്ത്രിയെ ഈ വകുപ്പ് ഏല്പിച്ചാൽ, ആരോപണങ്ങൾക്കുള്ള തെളിവുകൾ ഇല്ലായ്മ ചെയ്യാനുള്ള ശ്രമം നടത്താൻ സാദ്ധ്യതയില്ലേ എന്ന ആശങ്ക ജനങ്ങൾക്കുണ്ടാവുന്നതാണ്. ആ വകുപ്പ് അന്വേഷണ വിധേയനാകേണ്ട മന്ത്രിയെ ഏല്പിച്ചിട്ട് മുഖ്യമന്ത്രി വിദേശത്തേക്ക് പോയത് സങ്കടകരമാണ്. കള്ളനെ താക്കോലേല്പിക്കുന്നതിനു തുല്യമല്ലേ ഈ നടപടി എന്നു തോന്നിപ്പോകുകയാണ്.

സർ, ഇവിടെ പോലീസ് നയത്തെപ്പറ്റി ശ്രീ. പി. എസ്. ശ്രീനിവാസൻ സംസാരിക്കുകയുണ്ടായി. എന്താണ് ഇവിടത്തെ പോലീസ് നയം എന്നു ഞാൻ ചോദിക്കുകയാണ്. ഒരു പ്രത്യേക പാർട്ടിക്കു സംരക്ഷണം നൽകുക എന്നുള്ളതിൽ കവിഞ്ഞ് എന്തെങ്കിലും ഒരു പോലീസ് നയം ഇന്നുണ്ടോ, മറ്റെന്തെങ്കിലും ചെയ്യാൻ പോലീസുകാർക്ക് സാധിക്കുന്നുണ്ടോ?

കോഴിക്കോട്ടു നടന്ന ഭീകരമായ ലാത്തിച്ചാർജ്ജിനെപ്പറ്റി ഈ നിയമസഭയിൽ പരാമർശമുണ്ടായി. പാവപ്പെട്ട യുവജനങ്ങളെ പോലീസ് അതിഭീകരമായി ലാത്തി ചാർജ്ജു നടത്തുകയും കല്ലെറിയുകയും ചെയ്തതിനെപ്പറ്റി ഒരു പരസ്യാന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടെങ്കിലും മുഖ്യമന്ത്രി അതിൽ വിസമ്മതിക്കുകയാണുണ്ടായത്. ഈ രാജ്യത്തെ ഇന്നത്തെ ഭരണസംവിധാനത്തിൽ, മനഃപൂർവ്വം പാവപ്പെട്ട യുവജനങ്ങളെ തല്ലിച്ചതയ്ക്കുകയും പോലീസുകാർ കല്ലെറിയുകയും ചെയ്യുന്ന ഒരു സാഹചര്യം നിലനിൽക്കാൻ അനുവദിച്ചിരിക്കുകയാണെന്നു വേണം മനസ്സിലാക്കാൻ. കോഴിക്കോട്ടെ ലാത്തിചാർജ്ജിനെ സംബന്ധിച്ചിടത്തോളം ഒരു പരസ്യാന്വേഷണം നടത്താൻ ഗവൺമെന്റു തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

നീതിപൂർവ്വം സേവനം അനുഷ്ഠിക്കേണ്ട പോലീസിന് ചില പാർട്ടി സഖാക്കളുടെ നിർദ്ദേശം അനുസരിച്ചുമാത്രം പ്രവർത്തിക്കേണ്ട ഒരു സ്ഥിതി വിശേഷമാണിപ്പോഴുള്ളത്. അതുകൊണ്ട് ഈ രാജ്യത്തെ പോലീസുകാർക്ക് മനസ്സാക്ഷിയോടുകൂടി ജോലിചെയ്യാൻ സാധിക്കുമോ എന്നു ഞാൻ ചോദിക്കുകയാണ്. പുൽപ്പള്ളിയിലെ പാവപ്പെട്ട കുഞ്ഞുകൃഷ്ണൻ നായരുടെ വിധവയ്ക്കു നിങ്ങൾ പാരിതോഷികം നൽകുകയുണ്ടായി. ജോലിക്കുപോയ ഭർത്താവിനെ നോക്കിയിരുന്ന ആ പാവപ്പെട്ട വിധവയ്ക്കു നിങ്ങൾ സമ്മാനിച്ച പാരിതോഷികമല്ല ആവശ്യം. ഈ രാജ്യത്തെ സേവിക്കാൻവേണ്ടി പാവപ്പെട്ട പോലീസുകാർ ഡ്യൂട്ടിയിലിരിക്കുമ്പോൾ രാത്രി കാലത്ത് പുൽപ്പള്ളിയിൽ രക്തദാഹികളായ ഒരു സംഘം അക്രമികൾ നേരിട്ട് നടത്തിയ ആക്രമണത്തിനു വിധേയരായ പോലീസുകാരുടെ അനുഭവം ഉള്ളപ്പോൾ ഈ രാജ്യത്തു പോലീസുകാർക്ക് എങ്ങനെ ഈ ഗവൺമെന്റിനെ കൂറോടുകൂടി സേവിക്കാൻ കഴിയും? രാജ്യസേവനത്തിലേർപ്പെട്ടിരിക്കുമ്പോൾ ജീവൻ കൊടുക്കേണ്ടതായിവന്നിട്ടും, ആ കൊള്ളക്കാരുടെ പേരിലുള്ള കേസിന്റെ വകുപ്പുകൾ മാറ്റിയും, പ്രതികളുടെ എണ്ണം കുറച്ചും, വെള്ളം ചേർക്കാൻ തുനിയുന്ന ഒരു ഭരണക്കൂടം ഇവിടത്തെ പോലീസിന്റെ 'മൊറെയിൽ' നശിപ്പിച്ചിരിക്കയാണ്. അവരുടെ കടമകൾ നിർവ്വഹിക്കുന്നതിനും ചങ്കൂറ്റത്തോടുകൂടി സേവനം അനുഷ്ഠിക്കുന്നതിനും നിവൃത്തിയില്ലാത്ത ഒരു ഭരണമാണിവിടെയുള്ളത്. കഴിഞ്ഞകാലത്തെ ചരിത്രം പറയുമ്പോൾ പ്രതിപക്ഷം ഭരണകക്ഷിയുടെമേൽ ചെളിവാരിയെറിയാൻ ശ്രമിക്കുകയാണെന്നു പറഞ്ഞ് ഒഴിയാൻ

നിങ്ങൾ ബദ്ധപ്പെടുകയാണ്. പ്രതിപക്ഷത്തിന് ഈ രാജ്യത്തെ പ്രതിപക്ഷമെന്ന നിലയിൽ ഭരണകക്ഷിയുടെമേൽ ഉന്നയിക്കുന്ന ആരോപണങ്ങൾ, രാജ്യതാൽപര്യത്തിനുവേണ്ടി ഞങ്ങൾ ചെയ്യുന്ന സേവനമാണെന്നോർക്കണം. അടിസ്ഥാനമുള്ള ആരോപണങ്ങളെപ്പററി അന്വേഷിക്കേണ്ട ചുമതല ഗവണ്മെന്റിനുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയെ സംബന്ധിച്ചു, അദ്ദേഹത്തിന്റെ ധനാഗമമാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷിക്കണമെന്ന്, അഴിമതികൾ നടത്തിയിട്ടുള്ളതായി ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ വളരെ വിദഗ്ദ്ധമായി മുഖ്യമന്ത്രി പറഞ്ഞതു് യാത്രപ്പടിയിനത്തിലും മററും ആരോഗ്യമന്ത്രി സമ്പാദിച്ചതിന്റെ കണക്കായിരുന്നു. സർ, ഞാൻ ചോദിക്കുകയാണ് യാത്രപ്പടിയിൽനിന്നു സമ്പാദിച്ച പണം കൊണ്ടാണോ തിരുവനന്തപുരത്തു് മനോഹരമായ ഒരു കെട്ടിടം ഉയർന്നുവരുന്നതെന്ന്? അതിൽ ഞങ്ങൾക്ക് ആക്ഷേപമില്ല. യാത്രപ്പടി എല്ലാമന്ത്രിമാരും വാങ്ങിക്കാറുണ്ടല്ലോ. ഞാൻ ഇതു പറയുമ്പോൾ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഇരുന്നു ചിരിക്കുകയാണ്. അങ്ങയുടെ ചിരി മാറി ലജ്ജകൊണ്ടു തലകുനിക്കേണ്ട നടപടികളാണ് ഉണ്ടായിട്ടുള്ളതു്. ബഹുമാനപ്പെട്ട മന്ത്രി ഒന്നു തിരിഞ്ഞുനോക്കണം. പൊതുയോഗങ്ങളിൽ പ്രസംഗിക്കാൻ പോയാൽ അതിനും യാത്രപ്പടി വാങ്ങുന്നതിന് കേരളത്തിലെ മന്ത്രിമാർക്ക് അവകാശമുണ്ടോ എന്ന് എനിക്കറിയണം. എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടുള്ളതിൽനിന്ന് ഒരു കാര്യം മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ശ്രീ. വെല്ലിംഗ്ടൺ മാത്രമാണ് പൊതുയോഗത്തിൽ പ്രസംഗിക്കാൻ പോയതിന് യാത്രപ്പടി എഴുതിവാങ്ങിയതു്. ഐക്യകക്ഷി ഭരണത്തിന്റെ രണ്ടാം വാർഷികത്തിൽ ജില്ലാ തലസ്ഥാനത്തു് ജനങ്ങൾക്ക് അറിവു വിതരണം ചെയ്യാൻവേണ്ടി പ്രസംഗിക്കാൻ പോയതിന് യാത്രപ്പടി എഴുതി വാങ്ങിയതു് 231 രൂപയാണ്. നാണമില്ലേ, ലജ്ജിച്ചു തലതാഴ്ത്തേണ്ട നടപടിയല്ലേ ഇതു്? പാവപ്പെട്ടവരുടെ കാശു് നികുതിയായി വാങ്ങി മന്ത്രി ഇങ്ങനെ ധൂർത്തടിക്കുന്നതു് അപഹാസ്യമല്ലേ; ഇതു് അഴിമതിയല്ലേ?

ശ്രീ. ഇ. എം. ജോർജ്ജ്: മുമ്പ് ബഹുമാനപ്പെട്ട ഒരു മന്ത്രിയെപ്പററി ആരോപണങ്ങൾ ഉന്നയിക്കുകയും, അതു തെളിയിക്കാൻ അന്വേഷണക്കോടതിയിൽ ചെന്നു കഴിഞ്ഞപ്പോൾ അതിനു നിവൃത്തിയില്ലാതെ ഒഴിഞ്ഞുമാറുകയും ചെയ്ത ബഹുമാനപ്പെട്ട മെമ്പർ വീണ്ടും വീണ്ടും മന്ത്രിമാരുടെ പേരിൽ പുതിയ ആരോപണങ്ങൾ കൊണ്ടു വരുന്നതു ശരിയാണോ? ആർഡറിലാണോ?

മി. സ്പീക്കർ: അതു ശ്രീ. കെ. ടി. ജോർജ്ജിനെപ്പററിയുള്ള ആരോപണമാണോ?

ശ്രീ. ഇ. എം. ജോർജ്ജ്: പത്രത്തിൽ വായിച്ചതാണ്.

ശ്രീ. കെ. ടി. ജോർജ്ജ്: ആരോപണങ്ങൾ ഉന്നയിച്ചതിനു തെളിവു നൽകുന്നതിന് ഈ സഭയുടെ അനുമതി ആവശ്യപ്പെട്ടതിനെ ഇത്തരത്തിൽ വ്യാഖ്യാനിക്കുന്ന ബഹു: മെമ്പറുടെ അറിവില്ലായ്മയെക്കുറിച്ചെനിക്കു ഖേദമുണ്ട്.

സർ, അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ആലപ്പുഴ മെഡിക്കൽ കാളേജിലെ കഴപ്പത്തെ തുടർന്ന് അതിന്റെ താൽക്കാലിക ഭരണം കാളേജു ട്രസ്റ്റിൽ നിന്ന് 5 കൊല്ലക്കാലത്തേക്കു ഗവണ്മെന്റ് ഏറെറടുക്കുകയുണ്ടായി. അവിടത്തെ ഒരു പ്രധാന കെട്ടിടത്തിന്റെ സെൻട്രൽബ്ലോക്കിന്റെ പണിനടന്നുകൊണ്ടിരിക്കുകയാണ്. അവിടെ എന്താണു ചെയ്തതെന്നറിയാമോ? 1959-മുതൽ ഇത്തരത്തിലുള്ള പണികൾ പി. ഡബ്ളിയു. വകുപ്പു നടത്തണമെന്നായിരുന്നു വ്യവസ്ഥ. അതു കഴിഞ്ഞു് 1961 ആയപ്പോൾ മെയിൻറനൻസു പണിപോലും മററു ഡിപ്പാർട്ടുമെൻറുകൾ നടത്തിക്കൂടാ പി. ഡബ്ളിയു. വകുപ്പുതന്നെ നടത്തണം എന്നു വ്യവസ്ഥയുണ്ടായി. ഇപ്പോൾ മന്ത്രി ചെയ്തിരിക്കുന്നതെന്താണെന്നോ? പബ്ളിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിനെ ഏ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വർക്ക് കൊടുക്കാതെ സ്വന്തം താൽപര്യങ്ങൾക്ക് വിധേയമായിട്ട് പ്രവർത്തിക്കാൻ വേണ്ടി പബ്ളിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് വിഭാഗത്തെ ഈ കെട്ടിടത്തിന്റെ പണി ഏല്പിച്ചിരിക്കുകയാണ്. കെട്ടിടങ്ങൾക്ക് ടെൻറർ വിളിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ചില വ്യവസ്ഥകൾ നിലവിലുണ്ട്. അതും ഇക്കാര്യത്തിൽ ലംഘിപ്പിച്ചിരിക്കയാണ്. ഒരു ലക്ഷം രൂപാ ചെലവുള്ള വർക്കുകൾക്ക് മൂന്നാഴ്ചക്കാലവും ഒരു ലക്ഷം മുതൽ രണ്ടുലക്ഷം വരെ വർക്കുകൾക്ക് നാലാഴ്ചക്കാലവും രണ്ടു മുതൽ 5 വരെ ലക്ഷം രൂപ ചെലവുള്ള വർക്കുകൾക്ക് ആറാഴ്ചക്കാലവും സമയം ടെൻഡർ വയ്ക്കുന്നതിന് കൊടുക്കണമെന്നാണ് വ്യവസ്ഥ. ഈ കെട്ടിടത്തിന് 5 ലക്ഷം രൂപയിൽ താഴെ ചെലവുള്ളതിനാൽ 6 ആഴ്ചക്കാലത്തെ അവധിവച്ച് ടെൻഡർ വിളിക്കേണ്ടതായിരുന്നു. അതിനുപകരം, വെറും 18 ദിവസത്തെ അവധി വച്ചാണ് ടെൻഡർ വിളിച്ചത്. കാരണം എന്താണെന്നറിയാമോ? അധികം പേർക്ക് വർക്ക് പഠിച്ച് ടെൻഡർ സമർപ്പിക്കാൻ അവസരം നൽകാതിരിക്കാനാണ്. മന്ത്രിയുടെ താൽപ്പര്യ പ്രകാരം ഒരു ഐസക്കിനും അദ്ദേഹത്തിന്റെ സഹോദരനും മാത്രം ടെൻഡർ വയ്ക്കുന്നതിനായി ബോധപൂർവ്വം 18 ദിവസത്തെ അവധിവച്ചതാണ്. മററാരുടേയും ടെൻഡർ കിട്ടിയതുമില്ല. 18 ദിവസത്തെ അവധിക്കു ടെൻഡർ വിളിച്ചതു നിയമവിധേയമായിട്ടല്ലെന്ന് പബ്ളിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിൽ നോട്ടെഴുതിയത് ഹെഡ്ഡ്രാഫ്റ്റ്സ്മാൻ അസിസ്റ്റൻറു എഞ്ചിനീയറും എൻഡോഴ്സ് ചെയ്തെങ്കിലും, ആ ഫയൽ ഗവണ്മെൻറിലേക്ക് വിളിപ്പിച്ചു. അവിടെയും ടെൻഡർ റീ കൺസിഡർ ചെയ്യണമെന്ന് നോട്ടെഴുതീട്ടും അതിനെ മറികടന്നിട്ട് മി. ഐസക്കിന്റെ ടെൻഡർ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രേരിപ്പിച്ച കാര്യമെന്തെന്നറിയണം. ഏതു സാഹചര്യത്തിൽ അങ്ങനെ ചെയ്തു എന്നു അന്വേഷിക്കേണ്ടതാണ്. പബ്ളിക് ഹെൽത്തുഎഞ്ചിനിയറിംഗ് വകുപ്പിലെ ഫയൽ പരിശോധിച്ചതിൽ ഇതിലെല്ലാം വിചിത്രമായ ഒരു കാര്യം വ്യക്തമാകും. എസ്റ്റിമേററിനേക്കാൾ 40 ശതമാനം കൂടിയ തുകക്കാണ് സ്വീകരിച്ചിരിക്കുന്നത്. സ്വയം സംസാരിക്കുന്ന ഈ വസ്തുതകൾ അന്വേഷണ വിധേയമാക്കേണ്ടതല്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു? സർ, ഇതിനെല്ലാം ഉപരിയായി മി. ഐസക്ക് പബ്ളിക്ക് ഹെൽത്തു എഞ്ചിനിയറിംഗ് വകുപ്പിലെ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കൺട്രാക്ടർ അല്ലെന്നുള്ള ഒരു വസ്തുത കൂടിയുണ്ട്. അങ്ങിനെയുള്ളവർക്ക് വർക്ക് കൊടുക്കുവാനും നിയമമില്ല. ഇങ്ങനെ നിയമ വിരുദ്ധമായിട്ടുള്ള നടപടികൾ സ്വീകരിക്കുകയും, പബ്ളിക്കുഹെൽത്ത് വകുപ്പിലെ ഇത്തരം പ്രവർത്തനങ്ങൾ സ്വന്തം കൈയിലടക്കിക്കൊണ്ട് ഇത്തരം അഴിമതികൾ കാണിക്കുകയും ചെയ്യുന്ന ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ ഒരന്വേഷണം നടത്താൻ സഭാനേതാവ് ശ്രീമതി കെ. ആർ. ഗൗരി തയ്യാറുണ്ടോ? മുഖ്യമന്ത്രിയുടെ അഭാവത്തിലാണെങ്കിലും ഈ അഴിമതി അവസാനിപ്പിക്കാൻ ഗവണ്മെൻറു അടിയന്തിരനടപടി സ്വീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. Wnitesses may lie but circumstances will not സി.ഐ.ടി. കോർണറിലെ കെട്ടിടത്തിന്റെ ഓരോ തറക്കല്ലിലും ശ്രീ. ഐസക്കിന്റെ പണസ്സഞ്ചിയുടെ നിറവും മണവുമുണ്ട്. ഇതേക്കുറിച്ച് ഉടനടി അന്വേഷണം നടത്തണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്): സർ, എന്റെ ഡിപ്പാർട്ടുമെൻറിന്റെ ഉപധാനാഭ്യർത്ഥന ഞാൻ അവതരിപ്പിച്ചിട്ടില്ലെങ്കിലും അതിനെക്കുറിച്ച് തെക്കെവയനാട്ട് മെമ്പർ സംസാരിച്ചത് സത്യവിരുദ്ധമായ കാര്യങ്ങളായതുകൊണ്ട് അതിനൊരു വിശദീകരണം നൽകാൻ ഞാനാഗ്രഹിക്കുകയാണ്. ഒരു പക്ഷേ ഉപധനാഭ്യർത്ഥന അവതരിപ്പിക്കാത്തനിലയിൽ വികാരപരമായ വെമ്പൽ അദ്ദേഹത്തിനുളവായതുകൊണ്ട് അദ്ദേഹം അതു പറഞ്ഞതായിരിക്കാം. കോഴിക്കോട്ടുജില്ലയിലെ ഹോംസെയിൽ കോഓപ്പറേറ്റീവ് സൊസൈററിയുടെ ഡയറക്ടർ ബോർഡിനെ പിരിച്ചുവിട്ടുവെന്ന് അദ്ദേഹം പറയുകയുണ്ടായി. അതു സത്യവിരുദ്ധമാണ്. അങ്ങനെ ഡയറക്ടർ ബോർഡിനെ പിരിച്ചുവിട്ടിട്ടില്ല. ഡയറക്ടർ ബോർഡിന്റെ തെരഞ്ഞെടുപ്പ് ഒരു പ്രത്യേക

സന്ദർഭത്തിൽ നടത്താൻ തീരുമാനിച്ചത് തെറ്റാണെന്ന് പറഞ്ഞുകൊണ്ട് സൊസൈറ്റിയുടെ ഓഹരിദായകനായ ഒരാൾ മുനിസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ വന്ന ഇൻജംഗ്ഷൻ ഓർഡർ കൊണ്ട് തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കാതെ വരികയും ചെയ്തു. ഡയറക്ടർ ബോർഡിന്റെ കാലയളവ് എക്സ്റ്റൻറ് ചെയ്യാനുള്ള നിവേദനം ഗവണ്മെന്റിന് സമർപ്പിക്കുകയും ചെയ്തില്ല. അങ്ങനെ ഡയറക്ടർ ബോർഡിന്റെ കാലാവധി കഴിഞ്ഞു. പുതുതായി തെരഞ്ഞെടുക്കുന്നതുവരെ കാലാവധി നീട്ടികിട്ടണം എന്ന് ബോർഡ് അപേക്ഷിച്ചില്ല. കോടതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഇൻജംഗ്ഷൻ ഓർഡറും കൊടുത്തു. മററ് യാതൊരു മാർഗ്ഗവും ഇല്ലാതെവന്നപ്പോൾ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. പിരിച്ചുവിട്ടു എന്നു പറഞ്ഞതുകൊള്ളാമെന്നു ഞാൻ പറയുന്നില്ല. ആ വാക്ക് പാർലമെൻററിയല്ലാത്തതുകൊണ്ട് പക്ഷെ ഇതാണു സംഭവം. പ്രൈവററു തുറകളിലുള്ള വ്യാപാരം വികസിപ്പിക്കുവാൻ വെമ്പൽകൊള്ളുന്ന ബഹുമാനപ്പെട്ട മെമ്പറുടെ ആവേശം നിരാശയിൽ നിന്നും ഉത്ഭൂതമായതാണെങ്കിൽ എനിക്കു വൈഷമ്യമില്ല. സ്റ്റോറുകൾ തുറക്കുന്ന കാര്യമാണെങ്കിൽ ഇവിടെ മൂന്നുനാല് താലൂക്ക് തലസ്ഥാനത്തെ ഡിപ്പാർട്ടുമെൻറൽ സ്റ്റോറുകൾ തുറക്കുവാനുള്ള അനുവാദം നൽകണമെന്ന് വളരെ നിർബന്ധമായി കേന്ദ്രഗവണ്മെൻറിന്റെ മുമ്പിൽ നിവേദനം നൽകിയിട്ടുണ്ട്. കേന്ദ്ര സഹകരണമന്ത്രി ഗുരുപാദസ്വാമി ദയാപൂർവ്വം രണ്ടു താലൂക്ക സ്റ്റോറുകൾ തുറക്കുവാനുള്ള അനുവാദം നൽകി. ഇതു സഹകരണ പ്രസ്ഥാനത്തിന്റെ വികസനമാണ്, വളരെ വേഗത്തിൽ കൽപ്പററയിലും കൊയിലാണ്ടിയിലും ഡിപ്പാർട്ടുമെൻറൽ സ്റ്റോറുകൾ കേന്ദ്രഗവണ്മെൻറിന്റെ സഹായത്തോടുകൂടി ആസന്നഭാവിയിൽതന്നെ തുറക്കുന്നതായിരിക്കും. അതിൽ കണ്ണടച്ചിട്ടു കാര്യമില്ല. കോഴിക്കോട്ടു ഹോൾസെയിൽ കോവാപ്പറേറീവ് സൊസൈറ്റിയുടെ ചില ശാഖകൾ നടത്തുന്നതു് നഷ്ടത്തിലാണെന്ന് ആവലാതിയുണ്ട്. അതിനെപ്പററി അന്വേഷിക്കുന്നുണ്ട്. അവിടെ അനധികൃതമായിട്ടുള്ള നിയമനങ്ങൾ മുമ്പ് നടത്തിയിട്ടുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ കൂടിയല്ലാതേയും പത്രങ്ങളിൽ പരസ്യപ്പെടുത്താതെയും ഡയറക്ടർബോർഡിന്റെ അനുവാദം വാങ്ങാതെയും ആളുകളുടെ ഹർജി വാങ്ങാതെയുമുള്ള നിയമനങ്ങൾ കുറെ നടന്നിട്ടുണ്ട്. അതു പരിശോധനയിൽ ഇരിക്കുകയാണ്. അതുപോലെതന്നെ പർച്ചേസിൽ ക്രമക്കേടുകൾ ഉണ്ടായതായി ആവലാതിയുണ്ട്. ഇതിൽനിന്നും അന്വേഷണം കൂടാതെ കഴിക്കാനും ഒഴിഞ്ഞു മാറുവാനുമുള്ള ചിലരുടെ ശ്രമത്തെ ഗവണ്മെൻറ് എതിർത്തിട്ടുണ്ട്. അതുകൊണ്ട് കുറച്ചുനാൾകൂടി സ്പെഷ്യൽ ഓഫീസർ തുടരും. അതുപോലെ നഷ്ടത്തിൽ നടക്കുന്ന സൊസൈററിയുടെ ബ്രാഞ്ചുകളെ സംബന്ധിച്ചു വസ്തുനിഷ്ഠമായി പരിശോധിച്ചു കണക്കുകൾ എടുപ്പിക്കുവാൻ ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നഷ്ടമാണെന്നുകണ്ടാൽ അതെല്ലാം ക്ലോസ്ചെയ്യും. കൊയിലാണ്ടിയിലും കൽപ്പററയിലും രണ്ടു ഡിപ്പാർട്ടുമെൻറൽ സ്റ്റോറുകൾ തുറക്കുവാൻ പരിശ്രമിക്കുകയാണ്. വടകരയിൽ സ്റ്റോർ തുറക്കരുതെന്നു കാണിച്ചു പൊതുജനങ്ങളുടെ താല്പര്യത്തിനു കടകവിരുദ്ധമായി കെ. പി. മുഹമ്മദ് എന്നൊരാൾ കോടതിയിൽ പോയി സ്റ്റേ വാങ്ങിയിരിക്കുകയാണ്. അതു ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയിൽപെട്ട ആളാണോ എന്നറിവില്ല. ഏതായാലും വിലവർദ്ധനവ് തടയുന്നതിനുവേണ്ടി ആ സ്ഥലത്തുണ്ടാകുന്ന ഈ മാതിരി സംരംഭങ്ങൾ ഇല്ലാതാക്കാനുള്ള പ്രവണതകൊണ്ട് ഇതെല്ലാം ചെയ്യുകയാണ്. ഗവണ്മെൻറ് ഇതിൽ ഇടപെട്ടു കഴിയുന്നതുംവേഗം തെരഞ്ഞെടുപ്പ് നടത്തുകയും നഷ്ടത്തിൽ നടക്കുന്ന സൊസൈററിയുടെ കണക്കുകൾ പരിശോധിച്ചു കൃത്രിമം വല്ലതും ഉണ്ടെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. യൂണിയൻ തെരഞ്ഞെടുപ്പ് കഴിഞ്ഞേ അതു നടത്തുകയുള്ളു. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു. കരിഞ്ചന്തകളെ പ്രോത്സാഹിപ്പിക്കുന്നതിനെതിരായി നടത്തുന്ന സംരംഭങ്ങൾക്ക് ബഹുജന പിന്തുണ എപ്പോഴും ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. രാമുണ്ണി: സർ, ഒരു തെററിദ്ധാരണ മാററുന്നതിനുവേണ്ടി ചോദിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ ആരോപണങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ഇനി ഇങ്ങനെ ചോദ്യവും അതിനുത്തരവും പറഞ്ഞു സമയം കളഞ്ഞിട്ട് കാര്യമില്ല.

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്): സർ, ചില വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി സ്ഥലമെടുത്തപ്പോൾ കൊടുത്തിട്ടുള്ള തുക തീരെപോരാത്തതാണെന്ന് കോടതിയിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊടുക്കേണ്ടിവരുന്ന കൂടുതൽ തുകയാണ് ഈ ഡിമാൻറുവഴി ആവശ്യപ്പെട്ടിരിക്കുന്നത്. അങ്ങനെയൊരു പരാതി വരാതെ ഇതു അവസാനിപ്പിക്കാമായിരുന്നില്ലേ എന്നു ബഹുമാനപ്പെട്ട തിരൂർ മെമ്പർ ചോദിക്കുകയുണ്ടായി. നമ്മുടെ ആളുകളുടെ മനോഭാവവും മററും നല്ലപോലെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ള നമുക്കു അറിവുള്ള കാര്യമാണ്, എത്രയൊക്കെ നീതിപൂർവ്വകമായി വാല്യുവേഷൻ കൊടുത്തിരുന്നാലും കൂടുതൽ തുക ലഭിക്കുന്നതിനും എന്തെങ്കിലും വഴിയുണ്ടെങ്കിൽ അവർ അതു നേടാതിരിക്കുകയില്ലെന്നും. അങ്ങനെയുള്ള വഴി തേടാൻ തയ്യാറാകുന്ന കാലത്തോളം ഇതിനു ശാശ്വതമായ ഒരു പരിഹാരം കാണാൻ സാധിക്കുകയില്ല. ഏതായാലും വാല്യുവേഷനു നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരും ഗവണ്മെൻറ് പ്ലീഡറുമായി ഈ കാര്യം ആലോചിച്ചിട്ടു കഴിയുന്നതും കാലതാമസം വരുത്താതെ, കോടതിയിൽപോകാതെ കാര്യങ്ങൾ തീർക്കുവാൻ ശ്രമിക്കുന്നതിനു തയ്യാറാണെന്നു ഞാൻ അറിയിച്ചു കൊള്ളുകയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഗംഗാധരൻ ചെറിയ ആളുകളുടെ പക്കൽനിന്നും വായ്പ കഠിനമായി പിരിച്ചെടുക്കുന്നുണ്ടെന്നും വലിയ ആളുകൾക്കു സൗജന്യം അനുവദിക്കുകയും ചെയ്യുന്നുണ്ടു എന്നൊരാവലാതി പറയുകയുണ്ടായി. അങ്ങനെ ഏതെങ്കിലും ഒരു സംഭവം ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അതേപ്പററി അന്വേഷിക്കാം. ഈ ഡിപ്പാർട്ടുമെൻറിന്റെ നയം ചെറിയ ആളുകൾക്കു കൂടുതൽ സൗജന്യം കൊടുക്കണമെന്നുള്ളതാണ്. അങ്ങനെ കൊടുക്കുന്നതു അവിഹിതമായ വിട്ടുവീഴ്ചയാണെന്നു പറയരുതെന്നുമാത്രമപേക്ഷ. ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യരാണെന്നു തോന്നുന്നു, ഏതോ കയർ മുതലാളിക്കു ഞാൻ അമിതമായി സൗജന്യം നൽകുകയുണ്ടായി എന്നു പറയുകയുണ്ടായി. ഒരു വി. ഓ. വക്കൻ ആൻറ് സൺസിനു സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവു ചെയ്തു എന്നുള്ള പരാതിയായിരിക്കാം. എനിക്കു അതിനെപ്പററി പറയുവാനുള്ളത് ഇങ്ങനെയുള്ള ആരോപണങ്ങൾ ഉത്തരവാദപ്പെട്ട നിലയിൽ സ്പീക്കർക്കു എഴുതികൊടുത്തുകൊണ്ടു ആരോപണങ്ങൾ വയ്ക്കുവാൻ തയ്യാറാകുകയാണെങ്കിൽ ഒരു ജൂഡീഷ്യൽ അന്വേഷണത്തിനു ഞാൻ തയ്യാറാണെന്നു മാത്രമാണ്. ഇപ്രകാരം അന്വേഷണം നടത്തിയാൽ ചീഫ്മിനിസ്റ്റർക്കും കൂട്ടുപ്രതിയാകേണ്ടതായിവരും. ആദ്യം ഒപ്പ് വയ്ക്കുന്നത് ചീഫ് മിനിസ്റ്ററും പിന്നീടു ധനകാര്യമന്ത്രിയും അതിനുശേഷം ഞങ്ങൾ ബാക്കിയുള്ള മിനിസ്റ്റേഴ്സുമാണ്. അങ്ങനെ പതിമൂന്നു മിനിസ്റ്റേഴ്സും കൂടിചേർന്നുള്ള തീരുമാനമാണെങ്കിൽ അന്വേഷണം നടത്തുമ്പോൾ പ്രതിപക്ഷങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഭരണസ്തംഭനം തന്നെ ഉണ്ടാകും. ഈ ആരോപണങ്ങൾ സ്പീക്കർക്കു എഴുതികൊടുക്കുക ഉത്തരവാദിത്വം ഏറെറടുക്കുക യാതൊരുന്യായവാദവും പറയാതെ യാതൊരു ഭീഷണിയും പുറപ്പെടുവിക്കുകയില്ല. ഒരു ജൂഡീഷ്യൽ അന്വേഷണത്തിനു ഞാനും എന്റെ പാർട്ടിയും തയ്യാറാണു എന്ന വിവരം സദയം അറിയിച്ചു കൊള്ളുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, റൂൾ 45-- അനുസരിച്ചുള്ള ചർച്ചകൾ മാത്രമേ ഇവിടെ കാണുകയുള്ള എന്നുകരുതി ഞാൻ അതിനു മറുപടി പറയുന്നതിനുമാത്രമേ തയ്യാറായി വന്നിട്ടുള്ളു. എന്നാൽ ഇവിടെ ചർച്ച നടത്തികണ്ടതു അതിൽപ്പെട്ട കാര്യങ്ങളല്ല, വേറെ ചിലതാണ്. അങ്ങനെ ഉന്നയി

ക്കപ്പെടുന്ന വിഷയങ്ങളെക്കുറിച്ചു ഞാൻ തയാറായി വന്നിട്ടുമില്ല. ഈ വകുപ്പനുസരിച്ചു ഇവിടെ ആവശ്യപ്പെട്ട സപ്ലിമെൻററി ഡിമാൻറിനെക്കുറിച്ചു ബഹുമാനപ്പെട്ട മെമ്പറന്മാർ ആരും ഇവിടെ സംസാരിച്ചിട്ടുമില്ല. പിന്നെ ഇവിടെ സംസാരിച്ചിട്ടുള്ള അംഗങ്ങൾ ഓരോസ്ഥലങ്ങളിലും വേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും അവിടെയുള്ള പോരായ്മകൾ നികത്തുന്നതിനെ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളും മാറുമാണ് ഉന്നയിച്ചതു്. അതു ഈ അവസരത്തിൽ പറയാതെ വേറെ മേമ്മോറാണ്ടങ്ങൾവഴിയോ പ്രമേയങ്ങൾവഴിയോ കൊണ്ടുവരികയാണെങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ പരിമിതികൾക്കു് വിധേയമായി വല്ലതും ചെയ്യാവുന്നതാണു്. ശ്രീ. വി. വി. കുഞ്ഞമ്പു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഹിന്ദി ട്രെയിനിംഗ് കോളേജ് നിറുത്തലാക്കുന്നതോടൊപ്പം ഹിന്ദി ഇൻസ്റ്റിട്യൂട്ടുകൾ സ്ഥാപിക്കാമെന്നു പറഞ്ഞിരുന്നതു വേഗം ചെയ്യുകാനൊത്തതിൽ വ്യാകുലപ്പെടുകയുണ്ടായി. ഹിന്ദി ഇൻസ്റ്റിട്യൂട്ട് താമസിയാതെ സ്ഥാപിക്കുന്നതാണു്. ഈ തീരുമാനം ഇവർ യഥാർത്ഥ അർത്ഥത്തിൽ മനസിലാക്കിയതു് ആശ്വാസകരവും സന്തോഷകരവുമായിരിക്കുന്നു. കൂടുതലായി ഒന്നും പറയുവാൻ ഇപ്പോൾ വിചാരിക്കുന്നില്ല.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ, ഇവിടെ വനം ഹരിജൻ, പോലീസ് എന്നീ വകുപ്പുകളെ സംബന്ധിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ച വിമർശനങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. സമയം ഇല്ലാത്തതു കൊണ്ടു അതിന്റെ വിശദാംശങ്ങളിലേയ്ക്കു് ഞാൻ കടക്കുന്നില്ല. എന്നെക്കുറിച്ചു് ശ്രീ. കെ. എം. മാണി ഉന്നയിച്ച ആരോപണങ്ങളെ സംബന്ധിച്ചു മാത്രമേ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നുള്ളു. മാത്രവുമല്ല ഈ വിഷയത്തെ സംബന്ധിച്ചു ഈ 20-ാം തീയതി ഈ സഭയിൽ അരമണിക്കൂർ നേരത്തെ ചർച്ചയ്ക്കു അനുവാദം നൽകിയിട്ടുമുണ്ടു്. അപ്പോൾ അതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ നല്കാമെന്നു വിചാരിക്കുകയാണു്. 1-4-1969-ൽ പാറുക്കുട്ടിയമ്മയ്ക്കു മരം മുറിക്കുവാൻ അനുവാദം കൊടുത്തു കൊണ്ടു ഗവണ്മെൻറു ഓർഡർ അയച്ചിട്ടുള്ളതും 8-4-1969-ൽ മറെറാരാർഡർ നൽകിയിട്ടുള്ളതും തെററാണെന്നാണു് ശ്രീ. മാണി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിൽ പ്രധാനമായിട്ടുള്ളതു്. ശ്രീമതി പാറുക്കുട്ടിയമ്മയ്ക്കു് എം. പി. പി. എഫ്. ആക്ററിനു വിധേയമായി 275 ഏക്കർ സ്ഥലത്തു നിന്നും മരം മുറിക്കുന്നതിനു അനുവാദം കൊടുക്കുകയുണ്ടായിട്ടുണ്ടു്. മാർച്ചു മാസത്തിന്റെ അവസാനം അവർ മററു സ്ഥലങ്ങളിൽ നിന്നും അനധികൃതമായി മരം മുറിച്ചതു കൊണ്ടു് അവരുടെ പേരിൽ കളക്ടർ നടപടികൾ ആരംഭിച്ചു. ശ്രീ മാണി ഒരു കാര്യം സൂചിപ്പിച്ചതിൽ ഞാൻ സന്തോഷവാനാണു്. 1957-ലെ നോട്ടിഫിക്കേഷനെക്കുറിച്ചു് ശ്രീ മാണി പറയുകയുണ്ടായി. ഇല്ലിസിററു് ഫെല്ലിംഗ്ഗ് പ്രൈവററു ഫോറസ്ററുകളിൽ നടത്തുകയാണെങ്കിൽ അവരുടെ മേൽ സ്വീകരിക്കേണ്ട ചില നടപടികളുണ്ടു്. ആ നടപടികൾ സ്വീകരിക്കാൻ പാർട്ടികൾ തയ്യാറാകുകയാണെങ്കിൽ നിയമപ്രകാരം അവർ മുറിച്ച മരങ്ങൾ കൊണ്ടു പോകാൻ അനുവദിക്കും. ഈ കേസിൽ ഇല്ലിസിററു ഫെല്ലിംഗ്ഗ് ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു് ഗവണ്മെൻറു നിശ്ചയിക്കുന്ന ഏതു് വിലയും നൽകാമെന്നു് ഒരു അണ്ടർടേക്കിംഗ്ഗ് പാറുക്കുട്ടിയമ്മ എടുക്കുകയും അതനുസരിച്ചു് 30-3-1969-വരെ മുറിച്ചിട്ട മരം കൊണ്ടു പോകാനുള്ള അനുവാദം കൊടുക്കുകയും ചെയ്തു

ശ്രീ. കെ. എം. മാണി: എം. പി. പി. എഫ് ആക്ടിലെ നാലാം വകുപ്പനുസരിച്ചു് ഇല്ലിസിററുഫെല്ലിംഗ്ഗ് നടത്തിയിട്ടുണ്ടെങ്കിൽ അതിൽ നടപടികൾ എടുക്കേണ്ടതു് കളക്ടറാണു്. എന്നാൽ ഈ കേസിൽ ഗവണ്മെൻറാണു് നടപടികളെടുത്തിട്ടുള്ളതു്, കളക്ടറല്ല, അതിനുള്ള കാരണമെന്താണു്?

ശ്രീ. എം. കെ. കൃഷ്ണൻ: പാറുക്കുട്ടിഅമ്മ ഇല്ലിസിററുഫെല്ലിംഗ്ഗ നടത്തിയെങ്കിൽ ഗവണ്മെൻറുനിശ്ചയിക്കുന്ന ഏതു് വിലയും കൊടുക്കാൻ തയ്യാറാണെന്നു് ഒരു അണ്ടർടേക്കിംഗിൽ എത്തിയതുകൊണ്ടു് അതു് കൊടുക്കണമെന്നു് ഗവണ്മെൻറു കളക്ടറോടു

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിട്ടുണ്ട്. 1-4-1969-ലേയും 8-4-1969-ലേയും ഉത്തരവുകളെക്കുറിച്ച് അതിന്റെ വിശദാംശങ്ങളിലേക്കും തൽക്കാലം കടക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഈ ഉത്തരവുകളെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ചോദ്യം ചെയ്യുകയുണ്ടായി. ഗവണ്മെന്റ് ഈ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് ശരിയല്ലെന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരാൾ റിട്ടു കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആ ഉത്തരവുകൾക്ക് സ്റ്റേ സമ്പാദിക്കുകയും ചെയ്തു. ആ സ്റ്റേ തള്ളിക്കൊണ്ട് പാസ്സാക്കിയിട്ടുള്ള കല്പനയിൽ ഇക്കാര്യം ഇങ്ങനെയാണ് സൂചിപ്പിച്ചിട്ടുള്ളത്.

"As the rainy season is fast approaching it is necessary that the timber should be removed from the place as early as possible; otherwise the same would be lost. It is seen from the Counter affidavit of the 4th respondent that she had already given an undertaking to the Government to pay a compounding fee if any, and that may be fixed by the forest authority. In the circumstances it appears to be only just to vacate the stay".

ശ്രീ കെ. എം. മാണി: ഇത് ഏത് ഡേറ്റിൽ എവിടെവെച്ചാണ് സബ്മിറ്റു ചെയ്തതെന്നു പറയാമോ?

ശ്രീ. എം. കെ. കൃഷ്ണൻ: 20-ാം തീയതി ഇതിനെക്കുറിച്ച് ഈ നിയമസഭയിൽ വച്ച് ഒരു അരമണിക്കൂർ ചർച്ച നടത്താൻ പോകുകയാണ്. ആ സന്ദർഭത്തിൽ ഇതിനെക്കുറിച്ചുള്ള വിശദമായ മറുപടി പറയാവുന്നതാണ്. ഇപ്പോൾ സമയമില്ലാത്തതു കൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. കോടതി ഈ ഉത്തരവ് അംഗീകരിക്കുകയും ഈ ഉത്തരവ് ശരിയാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ആ നിലയ്ക്ക് മന്ത്രിക്കു മോട്ടീവ് ഉണ്ടായിരുന്നു എന്ന ആരോപണം ഉന്നയിക്കുന്നത് നിർഭാഗ്യകരമാണെന്നു മാത്രമേ എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളു.

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെക്കുറിച്ചു സംസാരിച്ചപ്പോൾ ശ്രീ. കെ. എം. മാണിയും, ശ്രീ. കെ. ടി. ജോർജ്ജും, ശ്രീ. എൻ. ഐ. ദേവസിക്കുട്ടിയും എന്നെക്കുറിച്ചു ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെല്ലാം തന്നെ അർദ്ധസത്യവും, ദുരുപദിഷ്ടവും, സ്വഭാവഹത്യമാത്രം ലക്ഷ്യമാക്കി കൊണ്ടുള്ളതുമായ അസത്യങ്ങളുമാണെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. അവർ ഉന്നയിച്ചിട്ടുള്ള ഓരോ കാര്യങ്ങളും പ്രത്യേകമായിട്ടെടുത്തു അവയുടെ നിജസ്ഥിതി വെളിവാക്കിയാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ടെങ്കിലും സമയച്ചുരുക്കം കൊണ്ട് അവയെല്ലാം തന്നെ സംക്ഷിപ്തമായിട്ടു മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു.

മെഡിക്കൽകോളേജ് അഡ്മിഷൻ, എം. എസ്. അഡ്മിഷൻ, സണ്ണിയുടെ അഡ്മിഷൻ, ഡോക്ടർ പ്രഭാകരന്റെ അപ്പോയിൻറുമെൻറ്, കോട്ടയം മെഡിക്കൽ കോളേജിലെ അഡ്മിഷൻ, ടി. ഡി. എം. സി. യുടെ കൺസ്ട്രക്ഷൻ ഇവയെല്ലാമാണ് അവർ പ്രധാനമായി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ. അവ ഓരോന്നിന്റെയും നിജസ്ഥിതി ഞാൻ വെളിപ്പെടുത്താം.

നമ്മുടെ സംസ്ഥാനത്തിലെ മെഡിക്കൽകോളേജുകളിലെ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഇൻഡ്യയിലെ മററു സംസ്ഥാനങ്ങൾക്കു പോലും മാതൃകയെന്നുള്ള നിലയ്ക്കു ഒരു വിധത്തിലും അഴിമതിക്കു വകയില്ലാത്ത രീതിയിൽ ഇപ്പോൾ പരിഷ്കരിച്ചിട്ടുണ്ട്. കഴിഞ്ഞ തവണ അഡ്മിഷൻ ലിസ്ററു പ്രസിദ്ധീകരിച്ചപ്പോൾ ഓരോ ഗ്രൂപ്പിലും പെട്ട അവസാനത്തെ വിദ്യാർത്ഥിയുടെ മാർക്കുകൂടി പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. അങ്ങനെ അവസാന

LIBRARY ARCHIVES Kerala Legislative Assembly

ത്ത കുട്ടിയുടെ മാർക്കുകൂടി പ്രസിദ്ധീകരിക്കുമ്പോഴും അവരുടെ മാർക്ക നോക്കി പ്രവേശനത്തിന് അർഹതയുണ്ടോയെന്ന് പരിശോധിക്കുന്നതിനും, അതിൽ വല്ല തെററും പററിയിട്ടുണ്ടെങ്കിൽ സങ്കടനിവൃത്തിക്ക് സൗകര്യം ഉണ്ടാക്കാനും വേണ്ടിയാണ് ഇതിനു മുമ്പു ഒരിക്കലും ഉണ്ടാകാത്ത രീതിയിൽ പ്രവേശന ലിസ്ററു പ്രസിദ്ധീകരിക്കുമ്പോൾ അവസാനത്തെ വിദ്യാർത്ഥിയുടെ മാർക്ക് കൂടി അതിൽ പ്രസിദ്ധീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. എന്നിട്ടും ചിലർക്ക് പ്രശ്നങ്ങൾ ഉണ്ടായി; അവർ ഹൈക്കോടതിയെ സമീപിച്ചുവെന്നും വരാം. അതിന് ഞാനൊരുദാഹരണം പറയാം. മെഡിക്കൽ കോളേജിൽ അഡ്മിഷനു സമുദായപ്രാതിനിധ്യമനുസരിച്ച് സംവരണം കിട്ടണമെങ്കിൽ ആ കുട്ടിയുടെ രക്ഷകർത്താവിനു് പ്രതിവർഷം ആറായിരം രൂപയിൽ കൂടുതൽ വരുമാനം ഉണ്ടാകാൻ പാടില്ലെന്നു് വ്യവസ്ഥയുണ്ട്. എൻെറ ഓർമ്മയിൽ ഒരു കുട്ടി മെഡിക്കൽകോളേജിൽ അഡ്മിഷനു വേണ്ടി അപേക്ഷിച്ചപ്പോൾ, ആ കുട്ടിയുടെ രക്ഷകർത്താവ് ഒരു ഗവണ്മെൻറു ഉദ്യോഗസ്ഥനായിരുന്നു. എന്നാൽ സെലക്ഷൻ സമയമായപ്പോൾ ആ കുട്ടിയുടെ രക്ഷകർത്താവ് റിട്ടയർ ചെയ്തു. അതു് സെലക്ഷൻ നടത്തിയവർ അറിഞ്ഞിരുന്നില്ല. അവർ അപേക്ഷയിൽ പറഞ്ഞിരുന്നതു് നോക്കി ആ കുട്ടിയുടെ പിതാവിനു് പ്രതിവർഷം ആറായിരം രൂപയിൽ കൂടുതൽ വരുമാനമുള്ളതുകൊണ്ട് റിസർവേഷൻ സംപ്രദായം അനുസരിച്ച് ആ കുട്ടിക്ക് അഡ്മിഷൻ കൊടുത്തില്ല. ആ സന്ദർഭത്തിൽ ആ കുട്ടി സെലക്ഷൻ നടത്തിയ പ്രിൻസിപ്പാളിനെ സമീപിച്ച് സംവരണവ്യവസ്ഥയനുസരിച്ച് തനിക്ക് അഡ്മിഷൻ കിട്ടുന്നമെന്നാവശ്യപ്പെട്ടുവെങ്കിലും ആ കുട്ടിക്ക് അഡ്മിഷൻ കിട്ടിയില്ല. അതിൻെറ ഫലമായി ആ കുട്ടി ഹൈക്കോടതിയെ സമീപിച്ച് തൻെറ രക്ഷകർത്താവിനു് ഇപ്പോൾ പ്രതിവർഷം ആറായിരം രൂപയുടെ വരുമാനമില്ലെന്നും അതു കൊണ്ട് തനിക്ക് റിസർവേഷൻ അനുസരിച്ച് അഡ്മിഷൻ കിട്ടണമെന്നും ആവശ്യപ്പെട്ടു. ഹൈക്കോടതിയിൽ നിന്നും ആ കുട്ടിക്കു് ആനുകൂല്യമായ നിർദ്ദേശം നൽകി. ഇങ്ങനെ ചില ടെക്നിക്കലായിട്ടുള്ള കാര്യങ്ങളിൽ ചിലർ ഹൈക്കോടതിയെ സമീപിക്കാറുണ്ട്. അപ്പോൾ ചിലർക്ക് അനുകൂലമായും ചിലർക്ക് പ്രതികൂലമായും വിധികൾ ഉണ്ടാകാറുണ്ട്. മനുഷ്യബുദ്ധിക്ക് കഴിവുള്ളനിലയിൽ അഴിമതി ഉണ്ടാകാതിരിക്കുന്നതിനുള്ള എല്ലാ വ്യവസ്ഥകളും അവലംബിച്ചുകൊണ്ടാണ് മെഡിക്കൽ കോളേജിൽ അഡ്മിഷൻ നടത്തുന്നതു്. എന്നിട്ടും മന്ത്രിമാരുടെ മേൽ കുററം ആരോപിക്കാൻ ഓരോ കഥകൾ കെട്ടിചമയ്ക്കുകയാണ് തൽപരകക്ഷികൾ.

കോട്ടയം കോളേജിൽ പ്രവേശനത്തിന് വേണ്ടി സംസ്കൃതകോളേജിലെ ഒരു ലക്ചറർ അയ്യായിരം രൂപയുടെ ചെക്കുവാങ്ങിയെന്നും മററും പറയുകയുണ്ടായി. മെഡിക്കൽ കോളേജിലെ അഡ്മിഷനുവേണ്ടി സംസ്കൃതകോളേജിലെ ലക്ചറർ അയ്യായിരം രൂപയുടെ ചെക്ക് വാങ്ങിയെന്ന് പറയുന്നതു് എങ്ങിനെയാണെന്നറിഞ്ഞുകൂടാ. സംസ്കൃതകോളേജിലെ ലക്ചറർ ആരാണെന്നു് പേരു പറയുന്നില്ല. ആ അയ്യായിരം രൂപ എൻെറ അനുജനും, അനുജൻെറ അമ്മായിഅപ്പനുംകൂടി വാങ്ങിച്ചുവെന്നാണ് പറയുന്നതു്. കോട്ടയം മെഡിക്കൽ കോളേജിൽ മെറിററിൻെറ അടിസ്ഥാനത്തിൽമാത്രമാണ് അഡ്മിഷൻ നൽകിയിട്ടുള്ളതു്. മാക്ക് കുറഞ്ഞ ഒരൊററകുട്ടിക്കുപോലും അവിടെ അഡ്മിഷൻ കൊടുത്തിട്ടില്ല. ഈ ആരോപണത്തിലെ യുക്തിഹീനത ആക്കും മനസ്സിലാക്കാവുന്നതാണ്. കെട്ടിച്ചമച്ച ഇത്തരം കഥകൾ മുഖേന നിയമസഭയുടെ സമയവും പ്രൊട്ടക്ഷനും പ്രയോജനപ്പെടുത്തി എൻെറ സ്വഭാവഹത്യയ്ക്കുവേണ്ടി ചില ബഹുമാനപ്പെട്ട മെമ്പർമാർ ശ്രമിച്ചുവെന്ന് വേദനയോടുകൂടി ഞാൻ ഓമ്മപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട വടക്കനെച്ചനും തൊഴിലാളി പത്രത്തിൻെറ മാനേജിംഗ് എഡിറററായ വർഗ്ഗീസ് മേച്ചേരിയും വാങ്ങിയെന്നു പറയുന്ന ചെക്കിൻെറ ഫോട്ടോ സ്ററാറു കോപ്പി ഇവിടെ കൊണ്ടു വന്നിട്ടുണ്ട്. മെഡിക്കൽ കോളേജിൽ അഡ്മിഷൻ വാങ്ങികൊടുക്കാമെന്നുപറഞ്ഞു വടക്കനെച്ചൻ മൂവായിരം രൂപയുടേയും വർഗ്ഗീസ് മേച്ചേരി 4500 രൂപയുടേയും ചെക്ക്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. രൂപ കൊടുത്തുവെന്നുപറയുന്ന ടി. എം. അന്തോണി ഞങ്ങളുടെ പാർട്ടിയുടെ ഒരനുഭാവിയായിരുന്നു. ഇപ്പോൾ ഞങ്ങളുടെ പാർട്ടിയുടെ അനുഭാവിയല്ല. അതിനുള്ള കാരണം എന്താണെന്നറിഞ്ഞുകൂടാ. മാർക്കില്ലാത്ത കുട്ടിക്ക് മെഡിക്കൽ കോളേജിൽ അഡ്മിഷൻ കൊടുത്തുവെന്ന് ആരോപണകർത്താക്കളാരും തന്നെ പറഞ്ഞില്ല. മാർക്കില്ലാത്ത കുട്ടിക്ക് അഡ്മിഷൻ കൊടുത്തുവെന്നാണ് ആരോപണം ഉന്നയിച്ചിരുന്നതെങ്കിൽ അതിനെക്കുറിച്ച് മനസ്സിലാക്കാമായിരുന്നു. ഒരുപക്ഷേ കുട്ടിയുടെ രക്ഷാകർത്താവ് അഡ്മിഷനുവേണ്ടി എന്നോട് പറഞ്ഞിരിക്കാം. മെറിറ്റിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടുമെന്ന് ഞാൻ മറുപടിയും പറഞ്ഞിരിക്കാം. എന്റെ പാർട്ടിയുടെ അനുഭാവിയും എന്റെ പരിചയക്കാരനുമായ ഒരാൾ പറഞ്ഞിട്ടും അഡ്മിഷൻ കൊടുത്തില്ലെന്നാണ് വരുന്നത്. മെഡിക്കൽ കോളേജിലെ അഡ്മിഷൻ കാര്യത്തിൽ വ്യക്തിപരമായ ബന്ധങ്ങൾ വച്ചോ, കൊടുക്കൽ വാങ്ങലുകൾ മുഖേനയോ ഒരിക്കലും ഞാൻ എന്റെ ഔദ്യോഗികകാര്യങ്ങൾ കൈകാര്യം ചെയ്തിട്ടില്ലെന്ന് ഉറപ്പിച്ചുപറയാൻ ഞാനാഗ്രഹിക്കുകയാണ്. അല്ലാതെ പ്രസ്ഥാനത്തിനുവേണ്ടി പണം വാങ്ങിയിട്ടുണ്ടെങ്കിൽ അത് വാങ്ങിയിട്ടുള്ളതിന്റെയും കൊടുത്തിട്ടുള്ളതിന്റെയും കണക്കുകൾ കാണും. വസ്തുനിഷ്ഠമല്ലാത്ത കാര്യങ്ങൾ കെട്ടിച്ചമച്ചുകൊണ്ടുവന്ന് അഴിമതിയാരോപണം ഉണ്ടെന്ന് പറയുമ്പോൾ, പണ്ട് ശ്രീരാമൻ പ്രവർത്തിച്ചതുപോലെ ഞങ്ങളുടെ കൂട്ടത്തിലുള്ളവരും പ്രവർത്തിക്കണമെന്നാണോ പറയുന്നത്? വല്ലേടത്തും വല്ലവരും വല്ലതും അടിസ്ഥാനരഹിതമായി പറഞ്ഞാൽ ഇവിടെയുള്ളവരാരും തന്നെ അത് ശരിയാണെന്ന് വിശ്വസിക്കുകയില്ല. അങ്ങനെ വിശ്വസിക്കുന്നവരുണ്ടെങ്കിൽ അവർ ഇവിടെയല്ല വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് ജീവിക്കേണ്ടത് എന്നുമാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. കടം വാങ്ങിച്ചിട്ടുണ്ടെങ്കിൽ അത് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഭാഗികമായി കൊടുത്തുതീർത്തുകൊണ്ടിരിക്കുകയാണ്.

മറ്റൊരു വിമർശനം ഇവിടെയുണ്ടായത് എം. എസ്സ്. കോഴ്സിന് ഒരു ഡോക്ടർക്ക് അഡ്മിഷൻ നൽകിയതിനെപ്പറ്റിയാണ്. ഇത് പറയുന്നത് കേട്ടാൽതോന്നും മന്ത്രി ന്യായരഹിതമായിട്ടും അനീതിപരമായിട്ടും ഇതിൽ ഇടപെട്ടിട്ടുണ്ടെന്ന്. അതിന്റെ വാസ്തവം ഞാൻ പറയാം. ഇവിടെ പറയപ്പെടുന്ന ഡോക്ടർക്ക് ഇ. എൻ. ടി. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് അഡ്മിഷൻ കിട്ടി. മെറിറ്റിന്റെ അടിസ്ഥാനത്തിലാണ് ആ ഡോക്ടർക്ക് ഇ. എൻ. ടി. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് അഡ്മിഷൻ കിട്ടിയത്. പക്ഷേ ഇ. എൻ. ടി. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സ് പഠിപ്പിക്കാനുള്ള പ്രൊഫസർ ഇപ്പോഴില്ല. അവിടെ പഠിപ്പിച്ചുകൊണ്ടിരുന്ന പ്രൊഫസർക്ക് എക്സ്റ്റൻഷൻ കിട്ടുമെന്നു വിചാരിച്ചാണ് ഇതിന് അഡ്മിഷൻ കൊടുത്തത്. അദ്ദേഹത്തിന് എക്സ്റ്റൻഷൻ കിട്ടിയതുമില്ല. അദ്ദേഹത്തിന്റെ ജൂനിയറായ ഡോക്ടർ ട്രെയിനിംഗിനുവേണ്ടി വെളിയിൽ പോകുകയും ചെയ്തു. അതുകൊണ്ട് ഇ. എൻ. ടി. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് അഡ്മിഷൻ കിട്ടിയ ഡോക്ടറെ പഠിപ്പിക്കാൻ ആളില്ലെന്നു പറഞ്ഞു, അദ്ദേഹം ഗവണ്മെന്റിലേക്ക് ഒരു പെറ്റിഷൻ തന്നു. രണ്ടു വിദ്യാർത്ഥികൾക്കാണ് ഇ. എൻ. ടി. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് അഡ്മിഷൻ ഉള്ളത്, അതിൽതന്നെ ഒരു വിദ്യാർത്ഥി മാത്രമേ അപ്ലൈ ചെയ്തുള്ളു. ആ സമയത്ത് സർജറിയുടെ എം. എസ്സ്. കോഴ്സിന് ഒരു സീറ്റ് വേക്കന്റായി കിടക്കുകയായിരുന്നു. ആ സീറ്റിൽ ഈ വിദ്യാർത്ഥിക്ക് അഡ്മിഷൻ കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടായിരുന്നു ഗവണ്മെന്റിലേക്ക് പെറ്റിഷൻ തന്നത്. ആ കാര്യം ശരിയാണോയെന്ന് അവിടത്തെ പ്രിൻസിപ്പലിനോട് അന്വേഷിച്ചപ്പോൾ ശരിയാണെന്നു പറയുകയും ആ സീറ്റിൽ ഈ വിദ്യാർത്ഥിക്ക് അഡ്മിഷൻ കൊടുക്കുകയും ചെയ്തു. ഇങ്ങനെ കൊടുക്കുന്നതുകൊണ്ട് വല്ല തടസ്സവും ഉണ്ടോയെന്നെല്ലാം ഉള്ളതിന് വിദ

ഗ്ഡോമിപ്രായം തേടിയതിനുശേഷം മാത്രമാണു് അഡ്മിഷൻ കൊടുത്തിട്ടുള്ളതു്. ഒരു വിദ്യാർത്ഥിക്കു് ഒരു കോഴ്സിനു് ഗവണ്മെൻറു് പ്രവേശനം നൽകിയിട്ടു്, അതു് പഠിപ്പിക്കാൻ ആവശ്യമായ സ്റ്റാഫും സജ്ജീകരണവും നൽകേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയാണു്. ഈ എൻ. ടി പോസ്റ്റു് ഗ്രാഡ്വേററു കോഴ്സിനു് പഠിപ്പിക്കാൻ പ്രാപ്തരായ അദ്ധ്യാപകരെ കിട്ടാനുള്ള വിഷമം കൊണ്ടും മറൊരു വിഷയത്തിനു് സീററുണ്ടായിരുന്നതു് ചൂണ്ടിക്കാണിച്ചതുകൊണ്ടും, ആ സീററിൽ അഡ്മിഷൻ കൊടുക്കുന്നതുകൊണ്ടു് തകരാറില്ലെന്നു് ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ പറഞ്ഞതുകൊണ്ടുമാണു് അഡ്മിഷൻ കൊടുത്തതു്. ഇത്തരത്തിലുള്ള കാര്യങ്ങൾ എങ്ങനെ അഴിമതിയാകുമെന്നാണു് ഞാൻ ചോദിക്കുന്നതു് ?

(ഈ സമയത്തു് പ്രതിപക്ഷത്തുള്ള നാലഞ്ചു മെമ്പർമാർ എഴുന്നേററുനിന്നു് ചോദ്യം ചോദിക്കുന്നുണ്ടായിരുന്നു.)

അടുത്തതായി ഇവിടെ ഉന്നയിച്ച ആരോപണം ആലപ്പുഴ മെഡിക്കൽ കോളേജിലെ അഡ്മിഷനെപ്പററിയാണു്.

<u>ശ്രീ. എം. കെ. എം. ഹമീദ് :</u> നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി വെല്ലിംഗ്ടനെക്കുറിച്ചു ധാരാളം ആക്ഷേപങ്ങൾ ഇവിടെ പൊന്തിവന്നിട്ടുണ്ടു്. അതേക്കുറിച്ചുള്ള ചർച്ചയ്ക്കു് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകുമ്പോൾ മററുള്ളവർ ചോദിക്കുന്ന ചോദ്യങ്ങൾക്കു് മറുപടി പറഞ്ഞില്ലെങ്കിൽ ഇനിയും അദ്ദേഹത്തിൻെറ മേലുള്ള തെററിദ്ധാരണ വർദ്ധിപ്പിക്കുകയല്ലേ ചെയ്യുകയുള്ളു ? അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി ചോദ്യങ്ങൾ ചോദിക്കുന്നതിനു് വഴങ്ങുകയും അതിനു മറുപടി പറഞ്ഞു് തെററിദ്ധാരണകൾ നീക്കാൻ ശ്രമിക്കുകയും ചെയ്യുന്നതല്ലേ നല്ലതു് ?

<u>ശ്രീ ബി. വെല്ലിംഗ്ടൺ :</u> ആലപ്പുഴ മെഡിക്കൽ കോളേജിലെ തിരഞ്ഞെടുപ്പിൽ എന്തുണ്ടായി ? മന്ത്രി അന്തസ്സുവിട്ടു് യൂണിവേഴ്സിററിയിൽ എന്തോ നേടാൻ പോയിയെന്നുള്ള നിലയിൽ ഇവിടെ പറയുകയുണ്ടായി. ഞാൻ യൂണിവേഴ്സിററിയിൽ പോയി യെന്നതു് ശരിയാണു്. ഒരു മന്ത്രി യൂണിവേഴ്സിററിയിൽ പോയാൽ മന്ത്രിയുടെ അന്തസ്സു് കുറഞ്ഞുപോകുമെന്നൊന്നും ഞാൻ കരുതുന്നില്ല. ആലപ്പുഴ മെഡിക്കൽ കോളേജിൻെറ പ്രവർത്തനം നിലച്ചുപോകുമെന്ന ഒരു സാഹചര്യം ഉണ്ടായി. അപ്പോഴാണു് ഗവണ്മെൻറു് ആ കോളേജിൻെറ മാനേജ്മെൻറു് ഏറെറടുത്തതു്. ആ കോളേജു് ഏറെറടുക്കുമ്പോൾ അതിൻെറ നടത്തിപ്പിനു് ആവശ്യമായ സജ്ജീകരണങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറിൽനിന്നും യൂണിവേഴ്സിററിക്കു നൽകിയിരുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കുവാൻ സാധിക്കാതെ വന്നു. ആ സമയത്തു് അവിടെ വിദ്യാർത്ഥികൾക്കു് അഡ്മിഷൻ കൊടുക്കുന്നതിനുള്ള അനുവാദം പിൻവലിക്കുമെന്നു് യൂണിവേഴ്സിററി പറയുകയുണ്ടായി. ആ കോളേജിൻെറ പ്രവർത്തനം നിന്നുപോകാതിരിക്കുന്നതിനുവേണ്ടിയും, ആ കോളേജു് തുടർന്നു് പ്രവർത്തിപ്പിക്കണമെന്നു് ഗവണ്മെൻറിനു് ആഗ്രഹമുള്ളതുകൊണ്ടും യൂണിവേഴ്സിററി അധികൃതരുമായി ചർച്ചചെയ്യാൻ ഞാൻ യൂണിവേഴ്സിററി ഓഫീസിൽ പോയിയെന്നുള്ളതു് ശരിയാണു്. അങ്ങനെപോയതുകൊണ്ടു് മന്ത്രിയുടെ അന്തസ്സിനു ക്ഷീണമൊന്നും നേരിടാനില്ല. ഈ സംസ്ഥാനത്തെ സഹകരണമേഖലയിലുള്ള ഏക മെഡിക്കൽ കോളേജിൻെറ പ്രവർത്തനം നിന്നുപോകാതെ തുടർന്നു നടത്തുന്നതിനുവേണ്ടി, രാജ്യത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി, ഈ സംസ്ഥാനത്തെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനുവേണ്ടി യൂണിവേഴ്സിററിയിൽ ചർച്ചയ്ക്കു് പോയതു് വിനീതനായ ഒരു പൊതുജനസേവനമാണെന്നുള്ള നിലയിൽ എൻെറ ജനസേവനം നടത്താനുള്ള വ്യഗ്രതകൊണ്ടുമാത്രമാണു്. അങ്ങനെ പോയതുകൊണ്ടു് എൻെറ അന്തസ്സു് നഷ്ടപ്പെട്ടുവെന്നു് ഞാൻ വിചാരിക്കുന്നില്ല.

(ഈ സമയത്തു പ്രതിപക്ഷത്തുള്ളവർ പോയിൻറു് ഓഫ് ഓർഡറുകൾ ഉന്നയിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നതു് മുഴുവൻ ശാന്തമായി ഇരുന്നു് കേൾക്കു, സത്യാവസ്ഥ മനസ്സിലാക്കു, എനിക്കു പറയുവാനുള്ളതു് മുഴുവൻപറയട്ടെ, എന്നിട്ടു ചോദ്യങ്ങൾചോദിക്കാം. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം നിന്നുപോകാതിരിക്കാൻ പല കാര്യങ്ങളും ചെയ്യേണ്ടിവന്നു. അഞ്ചു കൊല്ലത്തേക്കാണു് ഗവണ്മെന്റു് കോളേജു് ഏറ്റെടുത്തതു്. കോളേജു് ഏറ്റെടുത്തതുകൊണ്ടു് മാത്രമായില്ലല്ലോ. പല പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടതുണ്ടു്. വിദ്യാർത്ഥികൾക്കു് ഇരുന്നു പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കേണ്ടതാണു്. അവിടെ നിലവിലുള്ള പോരായ്മകളെല്ലാം പരിഹരിക്കുന്നതിനു് ഗവണ്മെന്റിനു് സ്വീകരിക്കാൻ കഴിയുന്ന മാർഗ്ഗങ്ങളെല്ലാം സ്വീകരിച്ചിട്ടുണ്ടു്. ഇതിനെപ്പററിയെല്ലാം ചർച്ച ചെയ്യുന്നതിനുവേണ്ടിയാണു് യൂണിവേഴ്സിററിയിൽ പോയതു്.

ശ്രീ. കെ. കരുണാകരൻ: ഔദ്യോഗികമായി വല്ല ചർച്ചയും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടാണോ അവിടെ കോൺഫറൻസു് വിളിച്ചുകൂട്ടിയതു്?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഔദ്യോഗികമായി ചർച്ച മുൻകൂട്ടി നിശ്ചയിക്കാതെയും ചില സാഹചര്യങ്ങളിൽ ഇങ്ങനെയെല്ലാം പോകേണ്ടിവരും. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ കെട്ടിട സൗകര്യങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. പി. ഡബ്ലി. യു. ഡിപ്പാർട്ടുമെന്റിലേയും സെക്രട്ടറിയേററിലേയും മററു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചിച്ചു് മെമ്മോ ഓഫു് കാസ്റ്റിൽ കാരങ്ങൾ നടപ്പിലാക്കാമോയെന്നു് ആലോചിച്ചു. പക്ഷേ റൂളിനു് വിപരീതമായി കാര്യങ്ങൾ നടത്തുന്നതു് ശരിയല്ലെന്നു് ഉപദേശംകിട്ടിയതുകൊണ്ടു അതിനെത്തുടർന്നു് ടെണ്ടർ വിളിക്കുകയും ചുരുങ്ങിയ സമയത്തിനകം കിട്ടിയ ടെണ്ടർകാരനു് ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാരുടെ ശുപാർശ അനുസരിച്ചു വർക്കുകൾ ആരംഭിക്കാനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അവിടെ ആവശ്യത്തിനുള്ള സ്ഥലം ഇല്ലാത്തതുകൊണ്ടു് ക്ലാസ്സുകൾ പലതും മുടങ്ങിക്കിടക്കുകയാണു്. വാടക കെട്ടിടങ്ങളിൽ താമസിക്കുന്നതിനും ചെറിയ ചെറിയ കെട്ടിടങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. മെമ്മോഓഫു് കാസ്റ്റല്ലാതെ ചില അടിയന്തിര പരിതസ്ഥിതിയിൽ ഗവണ്മെന്റു് നേരിട്ടുപോലും പണികൾ നടത്തേണ്ടതായും വരും.

(ഈ സമയം മന്ത്രി പറഞ്ഞതിനെ ചോദ്യം ചെയ്തുകൊണ്ടു് പല പ്രതിപക്ഷ മെമ്പറന്മാരും ചോദ്യങ്ങൾ ചോദിച്ചു ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു).

ഞാൻ പറഞ്ഞതിനുശേഷം സമയമുണ്ടെങ്കിൽഓരോരുത്തരും ചോദിക്കുന്ന ചോദ്യങ്ങൾക്കു് മറുപടി പറയാം. ഞാൻ പറയുന്നതിനെ തടസ്സപ്പെടുത്താതെ എന്നെ സംസാരിക്കാൻ അനുവദിക്കു. നിങ്ങളെല്ലാം ശാന്തമായിരുന്നു കേൾക്കു. എന്റെ സംസാരം മുഴുവൻ കേട്ടാൽ നിങ്ങളുടെ സംശയങ്ങൾ തീരും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾക്കെല്ലാം മറുപടി പറഞ്ഞുകൊണ്ടു് നിൽക്കുകയാണു്. അദ്ദേഹത്തിന്റെ സംസാരം പൂർത്തിയാക്കിയതിനുശേഷം നിങ്ങൾക്കു് സംശയമുണ്ടെങ്കിൽ ചോദ്യങ്ങൾ ചോദിക്കാം. അതല്ലാതെ നാലും അഞ്ചും മെമ്പറന്മാർ ഇങ്ങനെ ഒന്നിച്ചെഴുന്നേററുനിന്നു് ചോദ്യങ്ങൾ ചോദിക്കുകയും ബഹളമുണ്ടാക്കുകയും ചെയ്യുന്നതു് ശരിയല്ല. എല്ലാവരും അവരവരുടെ സീററിൽ ഇരിക്കുക.

ശ്രീ. ബി. വെല്ലിംഗ്ടൺ: ഞാൻ പറയുന്നതു മുഴുവൻ കേൾക്കുമ്പോൾ ആരോപണങ്ങളിൽ എന്തെങ്കിലും വാസ്തവമുണ്ടോ എന്നു മനസ്സിലാക്കാൻ സാധിക്കും. എന്റെ പ്രസംഗത്തിന്റെ അവസാനം സമയമുണ്ടെങ്കിൽ എല്ലാ ചോദ്യങ്ങൾക്കും ഞാൻ മറുപടിപറയാം. അതുവരെ ക്ഷമിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: ഞാൻ ഒരു ചോദ്യം ചോദിച്ചോട്ടെ ബഹുമാനപ്പെട്ട മന്ത്രി ആരോപണങ്ങളിൽ നിന്നെല്ലാം വിമുക്തനായി ഉലയിൽ ഊതിയ പൊന്നു പോലെ പുറത്തുവരുമെന്നുള്ളതുകൊണ്ട് ഞാൻ ഒരു ചോദ്യം ചോദിക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായമന്ത്രി ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാണെന്നു പറഞ്ഞതുപോലെ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയും ഒരു ജുഡീഷ്യൽ അന്വേഷണത്തിനു തയ്യാറാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: അഴിമതി ആരോപണങ്ങളിൽ കഴമ്പുണ്ടെങ്കിലല്ലേ അന്വേഷണത്തിനു തയ്യാറാകേണ്ടതുള്ളു. വടക്കനെച്ചൻ പണം വാങ്ങിച്ചു എന്നു പറയുന്നതിന് ഞാൻ അന്വേഷണത്തിന് പോകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അസത്യപ്രസ്താവനകൾ നിറഞ്ഞ അടിസ്ഥാനരഹിതമായ പ്രസ്താവനകൾ നിറഞ്ഞ അഴിമതിയാരോപണങ്ങൾ എന്തിനാണ് എൻക്വയറിക്ക് പോകുന്നത് ഇവിടെ ഉന്നയിച്ച സംശയങ്ങൾക്ക് ഓരോന്നിനും ഞാൻ മറുപടി പറഞ്ഞുവരികയാണ്.

ശ്രീ. കെ. കരുണാകരൻ: യൂണിവേഴ്സിറ്റിക്ക് അയച്ച എഴുത്തിനെപ്പററി പറഞ്ഞില്ല.

മി സ്പീക്കർ: ഏതിനെക്കുറിച്ചു മറുപടി പറയണമെന്നു നിശ്ചയിക്കേണ്ടതു് ബഹുമാനപ്പെട്ട മന്ത്രിയാണ്. ഇന്നതിനെക്കുറിച്ചു പറയണമെന്ന് നിർദ്ദേശിക്കാൻ സാധിക്കുകയില്ല.

ശ്രീ. ബി. വെല്ലിംഗ്ടൺ: എഴുത്തു അയച്ചതു് ശരിയാണ്. അങ്ങനെ എഴുത്തു അയക്കാനുണ്ടായ കാരണം ഞാൻ പറയാം. നമ്മുടെ യൂണിവേഴ്സിററി, കേരളത്തിനു വെളിയിലുള്ള ചില യൂണിവേഴ്സിററിയിൽ നിന്ന് ബി. എസ്സ്. സി. പാർട്ട 1 പാസാകുന്ന വിദ്യാർത്ഥികളെ പ്രീപ്രൊഫഷണൽ കോഴ്സ് പാസാകുന്ന വിദ്യാർത്ഥികളായി അംഗീകരിച്ചിരുന്നു. അങ്ങനെ അംഗീകരിച്ചിരിക്കുന്ന ലറററർ വിശ്വസിപ്പിച്ചുകൊണ്ട് മെഡിക്കൽകോളേജിൽ അഡ്മിഷൻ കിട്ടുന്നതിനുവേണ്ടി 1966-ൽ ചില വിദ്യാർത്ഥികൾ സീററു റിസർവ്വ്ചെയ്തിരുന്നു. അങ്ങനെ വെളിയിലുള്ള യൂണിവേഴ്സിററിയിൽനിന്ന് ബി. എസ്സ്.സി. പാർട്ട 1 പാസാകുന്ന വിദ്യാർത്ഥികളെ ഇവിടെ പ്രീപ്രൊഫഷണൽ പാസാകുന്ന വിദ്യാർത്ഥികളായി പരിഗണിക്കുമെന്ന് കേരള യൂണിവേഴ്സിററിയുടെ എഴുത്തുണ്ട്. അതനുസരിച്ച്.

B. Sc. Part I is equivalent to Pre-professional (Medical) and irrespective of marks he is eligible for admission ഈ കത്തു കിട്ടിയതിനുശേഷം ആ വിദ്യാർത്ഥികൾ പഠിക്കാൻ വെളിയിൽ പോയി. 8000 രൂപയോളം കാളേജ് അധികൃതർക്ക് അവർ കൊടുത്തിരുന്നു. പിന്നീട യൂണിവേഴ്സിററി B. Sc. Part I is equivalent to Pre-Degree of the Kerala University ഇങ്ങനെയൊരു തീരുമാനവും എടുത്തു. ആദ്യത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 8000 രൂപയോളം ആലപ്പുഴ മെഡിക്കൽകോളേജിൽ അടച്ചുകൊണ്ട് വെളിയിൽ പോയി ബി. എസ്സ്. സി. പാർട്ട 1 പാസായി വന്നപ്പോൾ, പഴയ തീരുമാനത്തിൽ മാററംവരുത്തിയിരിക്കുന്നതു കണ്ടുകൊണ്ട്, ഞങ്ങൾ പണം അടച്ചവരാണ്, ഞങ്ങൾക്ക് അഡ്മിഷൻതരണമെന്നു അവർ പറഞ്ഞു. അവർ മൂന്നു പേരുണ്ടായിരുന്നു. അവർ ഈ കാര്യം കാണിച്ചുകൊണ്ട് യൂണിവേഴ്സിററിക്ക് അപേക്ഷ കൊടുത്തിരുന്നു. യൂണിവേഴ്സിററി അവരുടെ അപേക്ഷ പരിഗണിച്ചിട്ട് അവർക്ക് അഡ്മിഷനു അർഹതയുണ്ടെന്ന് പറഞ്ഞ് തീരുമാനമെടുക്കുകയാണ് ഉണ്ടായതു്. ഈ വിദ്യാർത്ഥികളിൽനിന്നുള്ള പരാതി ഗവണ്മെൻറിന് കിട്ടിയപ്പോൾ അതു് കൈകാര്യം ചെയ്യേണ്ടതു് എന്റെ കടമയാണെന്നു തോന്നിയതുകൊണ്ടാണ് ഞാൻ ഈ വിഷയം കൈകാര്യം ചെയ്തതു്. ഗവണ്മെൻറ് ഈ കോളേജ് ഏറെറടുത്തപ്പോൾ മാനേജ്മെൻറിന്റെ കരാറുകൾ പാലിക്കുമെന്നു ഗവണ്മെൻറ് ഉറപ്പു കൊടുത്തിരുന്നു. യൂണിവേഴ്സിററി ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എടുത്ത തീരുമാനം ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Lettar No. G. A. 6/1031/64 dated 15th July 1965.

"With reference to his letter dated 3-6-1965, Shri K. L. Joseph, green hut Bagalkot-3, Mysore State is informed the B. Sc. Part I (Pre Medical) examination of the Karnatak University has been recognised as equivalent to the Pre-professional examination in Medicine of this University and candidates who have passed the above examination are eligible for admission to the first M. B. B. S. Course in this University."

യൂണിവേഴ്സിററിയുടെ ആ ലററിന്റെ അടിസ്ഥാനത്തിലാണ് ഈ വിദ്യാർത്ഥികൾ പണമടച്ചതു്.

<u>ശ്രീ. കെ. കരുണാകരൻ:</u> പിന്നെ എങ്ങനെ മാക്ക് ഇളവ് ചെയ്തു കൊടുത്തു;

<u>ശ്രീ. ബി. വെല്ലിംഗ്ടൺ:</u> ഞാൻ പറയുന്നതു് ഒന്നു കേൾക്കണം. പ്രീപ്രൊഫഷണൽ പാസായവർക്കാണെങ്കിൽ മിനിമം മാർക്കിന്റെ പ്രശ്നമില്ല. പ്രീപ്രൊഫഷണലും പ്രീഡിഗ്രിയും തമ്മിൽ വ്യത്യാസമുണ്ട്. പ്രീപ്രൊഫഷണലിന് തുല്യമായി വെളിയിലുള്ള യൂണിവേഴ്സിററിയുടെ ബി. എസ്സ്. സി. പാർട്ട്–1 പാസ്സായതു് കണക്കാക്കാമെന്ന 1965-ലെ കേരള യൂണിവേഴ്സിററിയുടെ കത്തു പ്രകാരം വെളിയിൽപോയി പഠിച്ചു പാസായി വന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടാതിരിക്കുന്ന ഒരു പരിതസ്ഥിതി ഉണ്ടായി. ഈ കാര്യം യൂണിവേഴ്സിററിയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി ഞാൻ കത്തെഴുതിയതു് ശരിയാണ്. അതിനുവേണ്ടിയാണ് യൂണിവേഴ്സിററിക്ക് ഞാൻ ഡി. ഒ. ലററർ എഴുതിയതു് യൂണിവേഴ്സിററിയിൽ പോയതും വൈസ് ചാൻസിലറുമായും അവിടത്തെ ഉദ്യോഗസ്ഥന്മാരുമായും സംസാരിച്ചതു് അടിയന്തിരമായി ആലപ്പുഴ മെഡിക്കൽകോളേജിൽ എന്തെല്ലാം പരിവർത്തനങ്ങളാണ് വരുത്തേണ്ടതു് എന്നുള്ളതിനെപ്പററിയായിരുന്നു, ഞാൻ അവിടെ പോയതും, കത്തെഴുതിയതും. ഇതു രണ്ടുംകൂടി കൂട്ടിക്കുഴച്ചുകൊണ്ട് രണ്ടാളുകളെ രക്ഷിക്കാനുള്ള കള്ളക്കഥ കെട്ടിച്ചമയ്ക്കാനുള്ള സംഘടിതമായ ശ്രമമാണ് അപ്പുറത്തിരിക്കുന്ന ആളുകൾ നടത്തുന്നതു്. എന്തു കാര്യമുണ്ടെങ്കിലും അതേക്കുറിച്ച് അന്വേഷണത്തെ നേരിടാൻ ഞാൻ തയ്യാറാണ്. അസംബ്ളിയിൽ ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങളെപ്പററി മുഖ്യമന്ത്രി പരിശോധിക്കു് കുററക്കാരാണെന്നു അദ്ദേഹത്തിനു തോന്നുകയാണെങ്കിൽ അന്വേഷണം നടത്തണമെന്നു് എന്റെ കക്ഷി വ്യക്തമായി പറഞ്ഞിട്ടുണ്ട്.

(ഈ സമയത്തു് പല മെമ്പറന്മാരും ചോദ്യങ്ങളുമായി ചാടിയെണീററു സഭയിൽ ആകെ ബഹളമായി).

<u>ശ്രീ. കെ. കരുണാകരൻ:</u> ബഹുമാനപ്പെട്ട മന്ത്രി ഒരു അന്വേഷണത്തെ നേരിടാൻ തയ്യാറാണോ?

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മെമ്പറന്മാർ ചോദിച്ച ചോദ്യങ്ങൾക്ക് മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞല്ലോ. പിന്നെ എന്തിന് ഇങ്ങനെ ബഹളം ഉണ്ടാക്കുന്നു. മന്ത്രിക്കു പറയാനുള്ളതു് പറഞ്ഞുകഴിയട്ടെ. സഭയിൽ ഇങ്ങനെ ചാടിയെണീററ് ബഹളമുണ്ടാക്കുന്നതു് ശരിയല്ല.

<u>ശ്രീ. ബി. വെല്ലിംഗ്ടൺ:</u> അസംബ്ളിയിൽ ഉണ്ടായിട്ടുള്ള പരാമർശനങ്ങളിൽ അഴിമതിയുണ്ടെന്നു സംശയമുള്ള കാര്യങ്ങൾ മുഖ്യമന്ത്രിയെങ്കിലും പരിശോധിച്ച് ആ കാര്യങ്ങളെല്ലാം അന്വേഷണം നടത്തണമെന്നാണ് എന്റെ കക്ഷി ആവശ്യപ്പെട്ടിട്ടുള്ളതു്.

(ഈ സമയം വീണ്ടും പല മെമ്പറന്മാരും ചോദ്യങ്ങളുമായി ചാടിയെണീററു).

ശ്രീ. കെ. എം. മാണി: അഴിമതി ആരോപണങ്ങളെപ്പററി മുഖ്യമന്ത്രി പരിശോധിക്കാതെയാണോ പോയതു്? മന്ത്രിയുടെ പ്രസ്താവന ഞങ്ങൾക്കു് അശേഷം ബോദ്ധ്യം വരുന്നില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇതൊന്നു നിയന്ത്രിക്കണം.

മി. സ്പീക്കർ: ഇങ്ങനെ പല മെമ്പറന്മാരും ചാടിയെണീററു് ബഹളമുണ്ടാക്കിക്കൊണ്ടു് ചോദ്യം ചോദിക്കുന്നതു ശരിയല്ല.

ശ്രീ. കെ. ടി. ജോർജ്ജ്: ഓരോ ചോദ്യമെങ്കിലും ചോദിക്കാൻ ഞങ്ങൾക്കു് അവസരം നൽകിയിരുന്നെങ്കിൽ ഈ കുഴപ്പം ഉണ്ടാകുമായിരുന്നില്ല.

മി. സ്പീക്കർ: ചോദ്യം ചോദിക്കുന്നതും പ്രസംഗം തടസ്സപ്പെടുത്തുന്നതും തമ്മിൽ വ്യത്യാസമുണ്ടു്. പ്രസംഗം തടസ്സപ്പെടുത്തുന്ന രീതിയിൽ ചോദ്യങ്ങൾ ചോദിക്കുന്നതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: മെമ്പറന്മാർക്കു് ചോദ്യം ചോദിക്കണമെങ്കിൽ പ്രസംഗം തീർന്നതിനുശേഷം ചോദിക്കുന്നതായിരിക്കും നല്ലതു്. അതിനു് അങ്ങു് നിർദ്ദേശം നൽകിയാൽ കൊള്ളാം.

മി. സ്പീക്കർ: ഈ കാര്യം ഞാൻ നേരത്തെ പറഞ്ഞതാണു്. ആക്കെങ്കിലും ചോദ്യം ചോദിക്കണമെന്നുണ്ടെങ്കിൽ പ്രസംഗം തീർന്നതിനുശേഷം ചോദിക്കുന്നതായിരിക്കും നല്ലതു്.

ശ്രീ. ബി. വെല്ലിംഗ്ടൺ: ഞാൻ പറഞ്ഞിടത്തോളം കാര്യങ്ങളിൽനിന്നു് ബഹുമാനപ്പെട്ട മെമ്പറന്മാരുടെ സംശയങ്ങൾ മാറിക്കാണുമെന്നു് വിശ്വസിക്കുകയാണു്. ഇനി ഇവിടെ ചൂണ്ടിക്കാണിച്ചതു് ട്രാൻസ്ഫറിന്റെ കാര്യമാണു്. ഇന്ന ആളെ ഇന്ന സ്ഥലത്തുനിന്നു് മാററിയിട്ടുണ്ടെന്നു് ചൂണ്ടിക്കാണിച്ചാൽ അതേപ്പററി അന്വേഷിക്കാം. ആരെങ്കിലും കത്തു് അയച്ചു എന്നു പറഞ്ഞതുകൊണ്ടു് കാര്യമായില്ല. ഇന്ന ആളുകളുടെ കാര്യത്തിൽ മന്ത്രി ഇന്ന രീതിയിൽ അഴിമതി കാണിച്ചു എന്നു പറഞ്ഞാൽ അതേപ്പററി അന്വേഷിക്കാം. അങ്ങനെ ആരും ഇതുവരെ ആരോപിച്ചിട്ടില്ല മറിച്ചു് ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ചിട്ടു് കള്ളക്കഥകൾ കെട്ടിച്ചമച്ചിരിക്കുകയാണു്. അഴിമതി തെളിയിക്കാനായിട്ടു് ഒരു കത്തും ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. ആ കത്തു് ഞാൻ ഇവിടെ വായിക്കാം.

"കഴിഞ്ഞ മാസം 6-ാം തീയതി നിലമ്പൂരിൽനിന്നു് മടങ്ങിവരവേ താങ്കളെ കാണാൻ ഇടവന്നല്ലോ. അടുത്ത അവസരത്തിൽ നാട്ടിൽ വരുമെന്നായിരുന്നു തീരുമാനം. ഞാൻ ഇവിടെ ഇല്ലാതിരുന്നപ്പോൾ വന്നു പോയോ എന്നു് അറിയുന്നില്ല. ഏതായാലും വന്നില്ലെങ്കിൽ താങ്കളുടെ ആഗമനം പ്രതീക്ഷിക്കുന്നു. വൈകില്ലെന്നു കരുതുന്നു. ശബരിമല തീർത്ഥാടനം ശുഭകരമായി കഴിഞ്ഞിരിക്കുമെന്നു കരുതുന്നതിൽ സന്തോഷിക്കുന്നു".

സർ, ഇതിൽ എന്താണു് അഴിമതിയുള്ളതു്? ജനറൽ സെക്രട്ടറി ഭയങ്കരമായ എന്തോ അഴിമതി കാണിച്ചിരിക്കുന്നുവെന്നും അതിന്റെ രേഖ ഹാജരാക്കാമെന്നും പറഞ്ഞുകൊണ്ടു് ഇത്തരത്തിലുള്ള വിലകുറഞ്ഞ ആരോപണങ്ങളുമായിട്ടു് വരുന്നതു കാണുമ്പോൾ സഹതാപം തോന്നുകയാണു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കത്തുമാത്രം വായിച്ചാൽ പോരാ. അതിനോടു് അനുബന്ധിച്ച ഹാജരാക്കിയിട്ടുള്ള സ്റ്റേറ്റുമെൻറും വായിക്കണം.

മി. സ്പീക്കർ: ശബരിമല പോകുന്നതിൽ എന്താണു് തെററു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ബി. വെല്ലിംഗ്ടൺ: തെളിവുകൾ തെളിവുകൾ എന്നു പറയുന്നതു് ഇതു പോലെയാണ്. എന്തു തെളിവാണു് സർ ഇതിലുള്ളതു്. ഇതുപോലുള്ള തെളിവുകൾ ഹാജരാക്കിയിട്ടാണ് അഴിമതി ആരോപണങ്ങളെപ്പററി അന്വേഷണമെന്നു പറയുന്നതു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സ്റ്റേറ്റുമെൻറുകൂടി വായിക്കണം. അപ്പോൾ അഴിമതികളെല്ലാം പുറത്തു വരും.

മി. സ്പീക്കർ: ഒരു മന്ത്രി ഇന്ന രീതിയിലെല്ലാം പ്രസംഗിക്കണമെന്നും, ഇന്നതെല്ലാം വായിക്കണമെന്നും നിർദ്ദേശിക്കേണ്ട കാര്യമില്ല. നിങ്ങൾ എന്തു നിഗമനം വേണമെങ്കിലും ആയിക്കൊള്ളണം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു പോയിൻറു് ആഫ് ആർഡർ. സർ, ഈ എഴുത്തിൻെറകൂടെ രണ്ടാമതു് ഭീഷണി പ്രയോഗിച്ചുകൊണ്ടു് ജനറൽ സെക്രട്ടറി എഴുതിയിട്ടുള്ള ഒരു കത്തുകൂടെയുണ്ടു്. ആ എഴുത്തു് ഭരണകക്ഷിയിൽപ്പെട്ട ശ്രീ. എ. എസ്. എൻ. നമ്പീശൻ പരിശോധിക്കാനായി ഡാക്ടരുടെ കയ്യിൽ നിന്നും വാങ്ങിയിട്ടുണ്ടു്. അതുപോലെതന്നെ ഡാക്ടർ നൽകിയിട്ടുള്ള സ്റ്റേറ്റുമെൻറും ഹാജരാക്കിയിട്ടുണ്ടു്. അതേപ്പററിയൊന്നും പറയാതെ ആദ്യത്തെ കത്തുമാത്രം വായിക്കുന്നതു് ശരിയാണോ?

മി. സ്പീക്കർ: അതെല്ലാം മേശപ്പുറത്തു വച്ചിട്ടുണ്ടു്. എല്ലാവർക്കും വായിക്കാമല്ലോ.

ശ്രീ. ബി. വെല്ലിംഗ്ടൺ: ഒരു ഡാക്ടറെ സ്ഥലംമാററി എന്നു് ഇവിടെ ആരോപണമുണ്ടായി. അദ്ദേഹം ഇപ്പോഴും എരുമപ്പെട്ടിയിൽത്തന്നെയിരിക്കുകയാണു്. ഈ സഭയുടെ വിലയേറിയ സമയം വെറുതേ പാഴാക്കുകൊണ്ടു മറുപടി പറഞ്ഞുകൊണ്ടു് കളയുന്നതു് ശരിയല്ലാത്തതുകൊണ്ടു് ഞാൻ ചുരുക്കുകയാണു്. മനുഷ്യസേവനം നടത്തുന്ന ഒരു ഡിപ്പാർട്ടുമെൻറിനേയും അതിലെ പ്രവർത്തകരേയും ആക്ഷേപിക്കത്തക്കരീതിയിൽ ഇത്തരത്തിൽ കുപ്രചരണങ്ങൾ നടത്തുന്നതു വിശ്വസിക്കാതിരിക്കണമെന്ന അഭ്യർത്ഥന എനിക്കുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിലുള്ള പോരായ്മകൾ പരിഹരിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടു്. അതിൻെറ പ്രവർത്തനങ്ങൾക്കാവശ്യമായ കുറേ തുക അനുവദിക്കണമെന്ന ഉപധനാഭ്യർത്ഥന ഇവിടെ വച്ചിട്ടുണ്ടു്. അതു പാസ്സാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുന്നു.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ലാൻറു് റവന്യൂവിൽ കാർഡമം സർവ്വേ ചെയ്യുന്നതിനു് പുതുതായി ഒരു ആഫീസ് തുറക്കുകയും പുതുതായി ഒരു സെററിൽമെൻറു് ആഫീസറെ വയ്ക്കുകയും ചെയ്തിട്ടുണ്ടു്. അതിനാവശ്യമായ പണമാണു് Supplementary grant ആയി ചോദിച്ചിരിക്കുന്നതു്. ഇതിനെപ്പററി സംസാരിച്ചപ്പോൾ കാർഷികപരിഷ്ക്കരണനിയമം പാസ്സായിവരുന്ന മുറയ്ക്കു് ലാൻറു് റെക്കാഡ്സ് ശരിയാക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്നു് പലരും പറയുകയുണ്ടായി. റെക്കാർഡ്സ് ഓഫ് റൈററ്സിൻെറ കാര്യത്തിൽ കാർഷിക പരിഷ്ക്കരണനിയമം നടപ്പിലാകുമ്പോൾ കർഷകരുടെ കൈയിൽ റിക്കാർഡുകൾ ഉണ്ടാകണമെന്ന ബോദ്ധ്യത്തോടുകൂടി ഗവൺമെൻറു് റീസർവ്വേയും സെററിൽമെൻറും ഒന്നിച്ചു ചേർത്തുകൊണ്ടു് ആർഡർ ഇഷ്യൂ ചെയ്തിട്ടുണ്ടു്. Record of Rights Preparation Acts നടപ്പിൽ വരുത്തിയിട്ടുണ്ടു്. ഇതിനുവേണ്ടി ഏഴു് സർവ്വേ പാർട്ടികൾ ഈ ജോലി ചെയ്യുന്നുണ്ടു്. കൂടുതലായി രണ്ടു പാർട്ടികളേയും നിയോഗിച്ചു് ആർഡർ കൊടുത്തിട്ടുണ്ടു്. ഒരുകോടിയിൽപരം രൂപ ഇപ്പാവശ്യംതന്നെ ചിലവാക്കേണ്ടിവരും. എന്നാലും മുഴുവൻ തയ്യാറാകുന്നതിനു് കുറെ കാലതാമസം വരും. ഇതിനുള്ള പണം മുഴുവൻ അനുവദിച്ചുകിട്ടാൻ കേന്ദ്രഗവൺമെൻറിനെ സമീപിക്കുന്നതാണു്. ഇതിനാവശ്യമുള്ള നിലയിൽ കേന്ദ്രഗവൺമെൻറു് ഗ്രാൻറു് തരുകയോ കടം

LIBRARY ARCHIVES Kerala Legislative Assembly

തരുകയോ ചെയ്യുന്നതിനാവശ്യമുള്ള നടപടികൾ എടുക്കുന്നതിനെപ്പററി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഇതാണ് ലാൻറ് റിക്കാർഡിനെ സംബന്ധിച്ചുള്ള നടപടികൾ.

അതുപോലെ കാർഷികപരിഷ്കരണനിയമം വേഗം പാസ്സാക്കണമെന്നു പറയുന്നുണ്ട്. അതുതന്നെയാണ് ഗവൺമെൻറിൻെറയും അഭിപ്രായം. ബഹുമാനപ്പെട്ട ശ്രീനിവാസൻ പറഞ്ഞതു് കഷ്ടമായിപ്പോയി. രണ്ടരക്കൊല്ലമായിട്ടും നടപ്പിലാക്കിയില്ലെന്നു്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന കാലത്തു് ഇവിടത്തെ ഭക്ഷണസ്ഥിതിയും വളരെ ഗുരുതരമായിരുന്നതുകൊണ്ടു് മററൊന്നിനെപ്പററിയും ഒരു രാഷ്ട്രീയ പാർട്ടിക്കും ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. അന്നു് ഭക്ഷണത്തിൻെറ പ്രശ്നം മാത്രമേ ഉണ്ടായിരുന്നുള്ളു. നമ്മുടെ രാജ്യത്തു് അന്നുണ്ടായിരുന്നതു് വളരെ രൂക്ഷമായ ഭക്ഷ്യപ്രതിസന്ധിയായിരുന്നു. അതു് ശരിയാക്കുന്നതിനും അതിനു് അയവുവരുത്തുന്നതിനും കുറെ കാലതാമസം വന്നു. എങ്കിൽക്കൂടെയും ഒരു ബില്ലു് ഡ്രാഫ്ററു ചെയ്തു് അവതരണാനുമതിക്കായി 14–8–1968–ൽ കേന്ദ്രത്തിനയച്ചു. അതു കഴിഞ്ഞതിനുശേഷം ഒരു കൊല്ലത്തോളമായി. ബില്ലു് നിയമസഭയിൽ അവതരിപ്പിച്ചിട്ടു് സെലക്ട് കമ്മിററിക്കു വിട്ടു. സെലക്ട് കമ്മിററി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്. 14–8–1968–ൽ കേന്ദ്രത്തിൻെറ അവതരണാനുമതിക്കായി അയച്ച ബില്ലിനു് അവതരണാനുമതി കിട്ടിയതു് 10–4–1969–ലാണു്. 10–4–1969–ൽ അവതരണാനുമതി കിട്ടിക്കഴിഞ്ഞതിനുശേഷംമാത്രമേ സെലക്ട് കമ്മിററി റിപ്പോർട്ട് പരിപൂർണ്ണമാക്കാൻ കഴിഞ്ഞുള്ളു. അതു കഴിഞ്ഞതിനുശേഷം റിപ്പോർട്ട് പരിപൂർണ്ണമായി നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ടു്. ഈ രാജ്യത്തെ കർഷകരുടെയും കുടികിടപ്പുകാരുടേയും പ്രശ്നങ്ങൾ വിലയിരുത്തിക്കൊണ്ടു് നമ്മുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടിയുള്ള പ്രധാന നിയമമെന്ന നിലയിൽ പരിപൂർണ്ണമായ പ്രിഫറൻസ് കൊടുത്തു് പാസ്സാക്കണമെന്നാണു് എൻെറ വ്യക്തിപരമായ അഭിപ്രായം. ഗവൺമെൻറിൻെറആഗ്രഹം മററെല്ലാ ബില്ലിനെക്കാളും ഇതിനു് നിയമസഭയിൽ മുൻഗണന കൊടുത്തു പാസ്സാക്കണമെന്നും അതിനാവശ്യമായ നിലപാടു് എല്ലാ തലത്തിലും എടുക്കണമെന്നുമാണു്. ഞാനും എൻെറ പാർട്ടിയും അതാവശ്യപ്പെട്ടിട്ടുണ്ടു്. അതിനുവേണ്ടി ഉറച്ചുനിൽക്കുകയും ചെയ്യും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 20–ാം തീയതി കഴിഞ്ഞിട്ടും ബില്ലുകൾ പാസ്സാക്കുന്നതിനുവേണ്ടി അസംബ്ലി തുടർന്നു നടത്തുന്നതിനെ സംബന്ധിച്ചു് ആലോചിച്ചിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ആലോചിക്കാതെ പറയാൻ ഒക്കുകയില്ല. കൗൺസിലിനു മുഴുവൻ അധികാരമുള്ള കാര്യമാണു്. ബില്ലുകൾ പാസ്സാക്കുന്നതിനു് ഞാൻ അനുകൂലമാണു്. സഭ നീട്ടാൻ വ്യക്തിപരമായി ഞാൻ അനുകൂലമാണു്. എന്നാൽ നിയമസഭ Schedule ചെയ്തിരിക്കുന്നതു് 22 വരെയാണു്. നീട്ടണമോ എന്ന പ്രശ്നം Council of Ministers ആണു് തീരുമാനിക്കേണ്ടതു്. മന്ത്രിസഭകൂടി തീരുമാനിച്ചതിനുശേഷം അവസാനമായി പറയാം.

അതുപോലെതന്നെ ഫാമിൻ റിലീഫിൻെറ പ്രവർത്തനത്തെ സംബന്ധിച്ചും അതിനുള്ള പണത്തെ സംബന്ധിച്ചും പറയുകയുണ്ടായി. കഴിഞ്ഞകാലത്തു് എടുത്തിട്ടുള്ള വർക്കുകൾ പരിപൂർണ്ണമാക്കുന്നതിനുവേണ്ടിയിട്ടാണു് 30 ലക്ഷം രൂപകൂടി ചോദിച്ചിരിക്കുന്നതു്. നമ്മുടെ ബഡ്ജററ് അവതരിപ്പിച്ചപ്പോഴുള്ള സ്ഥിതി എല്ലാവർക്കും അറിയാം. 18 കോടി രൂപയുടെ കമ്മി ബഡ്ജററാണു് ആദ്യം അവതരിപ്പിക്കപ്പെട്ടതു്. എന്നാൽ എടുത്ത വർക്കുകൾ തീർത്തിട്ടില്ല. കുറച്ചു തുക ബഡ്ജററിൽ കൊള്ളിച്ചിരുന്നു. വർക്കുകൾ പൂർണ്ണമാകണമെങ്കിൽ 60 ലക്ഷത്തിൽ കൂടുതൽ രൂപ വേണ്ടിവരും. ഇപ്പോഴുള്ള 30 ലക്ഷവും അതു കഴിഞ്ഞു് ഒരു 30 ലക്ഷവും കൂടി വേണ്ടിവരും. പല റിലീഫ് പ്രവർത്തനത്തിനും പണം ആവശ്യമുണ്ടു്. എന്നാൽ തൽക്കാലസ്ഥിതിനോക്കി പുതുതായി 30 ലക്ഷം ചോദിച്ചിരിക്കുകയാണു്.

2/2258/G.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. എം. മാണി:</u> സഭാനേതാവ് എന്ന നിലയിലും ആക്ടിംഗ് മുഖ്യമന്ത്രി എന്ന നിലയിലും ഒരു കാര്യം അറിഞ്ഞാൽ കൊള്ളാം. മന്ത്രിമാർക്കെതിരായി പുതുതായി ഉണ്ടായിരിക്കുന്ന ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിച്ച് കൂടുതൽ അന്വേഷണത്തിനു ഉത്തരവിടുമോ?

<u>ശ്രീമതി കെ. ആർ. ഗൗരി:</u> ആക്ടിംഗ് മുഖ്യമന്ത്രി എന്ന പ്രശ്നമേയില്ല. ചീഫ് മിനിസ്റ്റർ ഇന്നും ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടാണ്. ചീഫ് മിനിസ്റ്റർ ചെയ്യാനുള്ള ജോലികൾ അദ്ദേഹത്തിന്റെ അഭാവത്തിൽ മററു മന്ത്രിമാരെ ഏൽപ്പിച്ചിരിക്കുകയാണ്. എന്നെ ആക്ടിംഗ് മുഖ്യമന്ത്രി എന്നു പറഞ്ഞാൽ ഞാനങ്ങു പൊങ്ങി എന്തെങ്കിലും കയറി പറയുമെന്നു വിചാരിക്കേണ്ട. ആരോപണങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രി മുൻപ് എടുത്ത നിലപാടുണ്ട്. ആരോപണങ്ങൾ പരിശോധിച്ച് തെളിവുണ്ടെന്നു തോന്നിയാൽ നടപടി എടുക്കുമെന്ന്. ആ വാഗ്ദാനം ഇപ്പോഴും നിലനിൽക്കുകയാണ്. ചീഫ് മിനിസ്റ്റർ വന്നതിനുശേഷം വേണ്ടതു ചെയ്യുന്നതാണ് എന്നു ഞാൻ അറിയിക്കുകയാണ്.

അതുപോലെതന്നെ ഇവിടെ പോലീസ് വകുപ്പിനെ സംബന്ധിച്ചു സംസാരിച്ചപ്പോൾ ശ്രീ. വാമദേവൻ പറഞ്ഞു എന്തോ സമ്മർദ്ദത്തിനു വഴങ്ങിയാണ് വീണ്ടും ഡി. വൈ. എസ്. പി. മാരുടെ തസ്തികകൾ സൃഷ്ടിച്ചതെന്ന്. തൊഴിലാളി സമരങ്ങളിലും കർഷകസമരങ്ങളിലും മററും കൂടുതൽ ശ്രദ്ധിക്കേണ്ടതുള്ളതുകൊണ്ട് ഡി. എസ്. പി. മാർക്ക് ആഫീസിനു പുറത്തുള്ള ജോലി കൂടുകയും അതുകൊണ്ട് ആഫീസുകാര്യങ്ങൾ ശ്രദ്ധിക്കാൻ വേണ്ടത്ര സമയമില്ലാതെ വരുകയും ചെയ്തു.

<u>ശ്രീ. ഇ. ജോൺ ജേക്കബ്ബ്:</u> സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഞങ്ങൾക്കു തന്നിട്ടുള്ള കടലാസനുസരിച്ച് ശ്രീമാൻ എം. കെ. കൃഷ്ണനാണ് പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. ആക്ടിംഗ് മുഖ്യമന്ത്രി എന്നുള്ള നിലയിലാണോ സഭാനേതാവെന്നുള്ള നിലയിലാണോ പോലീസ് വകുപ്പിനെ കുറിച്ച് റവന്യൂമന്ത്രി പറയുന്നത്?

<u>ശ്രീമതി കെ. ആർ. ഗൗരി:</u> ഞാൻ മറുപടി പറയാനുള്ളത് പോയിന്റ് ഓഫ് ഓർഡറായി വന്നുകഴിഞ്ഞാൽ എങ്ങനെ സ്പീക്കർ റൂളിംഗ് നൽകും.

<u>മി. സ്പീക്കർ:</u> ഇതു സർവ്വീസിനെ സംബന്ധിക്കുന്ന കാര്യമാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> ഏതു മന്ത്രിക്കും മറുപടി പറയാം. സർ, സഭയുടെ അറിവിനുവേണ്ടി പറയുകയാണ്. ഡി. എസ്. പി. മാർക്ക് പുറത്തുള്ള ജോലികൾ കൂടുതൽ ഉള്ളതുകൊണ്ട് ഓഫീസ് ജോലികളിൽ ശ്രദ്ധിക്കാൻ സമയമില്ലാതെവന്നു, പ്രധാനപ്പെട്ട പല പ്രശ്നങ്ങളും തീരുമാനിക്കേണ്ടിവന്നു. അതുകൊണ്ട് സർക്കിൾ ഇൻസ്പെക്ടരുടെ ഗ്രേഡിലുള്ള ഉദ്യോഗസ്ഥൻ പോരാ എന്നു തോന്നി. അപ്പോൾ ഈ ഉദ്യോഗങ്ങൾ ഡി. വൈ. എസ്. പി. യാക്കി ഉയർത്തി. ആരുടെയെങ്കിലും സമ്മർദ്ദത്തിനു കീഴ്വഴങ്ങിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളതെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അതു തെററാണ്. അതുപോലെതന്നെ ശ്രീ. ഹാജി പറയുകയുണ്ടായി മലപ്പുറം ജില്ലയുടെ പേരിലാണ് കൂടുതൽ Police Circles രൂപീകരിക്കുന്നതെന്നു പറഞ്ഞിരിക്കുന്നു എന്ന്. Grant ചോദിക്കാൻ കാരണങ്ങൾ പറഞ്ഞിരിക്കുന്നതു ഒന്നുകൂടി ഞാൻ പരിശോധിച്ചു. അതിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. "The Inspector General of Police has since reported that it is not possible for a Circle Inspector to supervise effectively more than five police stations that it is necessary to redistribute the stations in such a way that no Circle Inspector will have more than 3—5 police stations under his charge." ഇതിനു ശേഷം മലപ്പുറം ജില്ല രൂപീകൃതമായതിനാൽ അവിടെ ഒരു Circle കൂടുതൽ ഉണ്ടാക്കേണ്ടിവന്നതും. അതുപോലെ കന്റോൺമെന്റ് പോലീസ് സ്റ്റേഷനുകളിലും മാററം വന്നതു പരിഗണിച്ച് കൂടുതൽ Circle കൾ വന്നു എന്നു ചേർത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയും പറഞ്ഞത് മലപ്പുറം ജില്ലയ്ക്ക് കൂടുതൽ പണം മുടക്കുന്നു എന്ന് പത്രക്കാർ എഴുതാതിരിക്കുന്നതിനുവേണ്ടിയാണ്. ഇത്രയും സംഗതികളെ സംബന്ധിച്ചാണ് എനിക്കു പറയാനുള്ളത്. അഴിമതിഅന്വേഷണകാര്യങ്ങളെ സംബന്ധിച്ച് ചീഫ് മിനിസ്റ്റർ വന്നുകഴിഞ്ഞതിനുശേഷം അദ്ദേഹം മറുപടി പറയുന്നതാണ്. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളൂ.

ശ്രീ. ആർ. എസ്. ഉണ്ണി: മുഖ്യമന്ത്രി തൽക്കാലം അസുഖമായിട്ട് പോയിരിക്കുകയാണ്. അദ്ദേഹം ഇപ്പോഴത്തെക്കൊണ്ട് അദ്ദേഹത്തിന്റെ ജോലികൾ നടക്കാതെയിരിക്കുന്നുവെന്നാണോ മന്ത്രി പറഞ്ഞതിൽനിന്നും മനസ്സിലാക്കേണ്ടത്.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ ഒരു ധാരണയും വേണ്ട. മുഖ്യമന്ത്രി ഇവിടെനിന്നു പോയാലും അദ്ദേഹം നടത്താനുള്ള ജോലികൾ നിർബാധം ഞങ്ങൾ നടത്തും. സാധാരണഗതിയിൽ ബുദ്ധിമുട്ട് വരുമ്പോൾ, നേരത്തെ പറഞ്ഞതുപോലെ നിങ്ങൾ റെയ്സ് ചെയ്താൽ മതി. ബില്ലിനെ സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ട് വന്നാൽ മിനിസ്ട്രി ശരിയായി നടക്കുന്നില്ലെന്നു പറയാം. ഇപ്പോൾ അങ്ങനെയുള്ള ഒരു ബുദ്ധിമുട്ടും വന്നിട്ടില്ല. ശരിയായ അറേഞ്ച്മെന്റ് ചെയ്തിട്ടുണ്ട്. പിന്നെ ഇ. എം. എസ്. നമ്പൂതിരിപ്പാട് ചെയ്യേണ്ട ചില ജോലികൾ ഞാൻ ചെയ്താൽ പററുകയില്ല. ആരോപണങ്ങളെ സംബന്ധിച്ച് ചീഫ് മിനിസ്റ്റർ വന്നുകഴിഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ അടുത്തേക്ക് റഫർ ചെയ്യും. കൂടുതലായി ഒന്നും പറയുന്നില്ല.

അതുപോലെ ശ്രീ. എം. എം. തോമസ് മലനാട് ജില്ലയുടെ കാര്യം പറഞ്ഞു. ഇതിനെസംബന്ധിച്ചുള്ള സ്പെഷ്യലാഫീസറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. സബ് കമ്മിററിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷം കാലവിളംബം കൂടാതെ ഈ ജില്ല രൂപീകരിക്കുന്നതാണ്. ഒരാഴ്ചയേ ആയിട്ടുള്ളു റിപ്പോർട്ട് കിട്ടിയിട്ട്. ഇതാണ് സ്ഥിതി. ഈ ഡിമാൻറുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: കാലത്തേ ഉന്നയിച്ച കാര്യമാണെങ്കിലും ഒന്നുകൂടി സംശയം തീർക്കാൻ ചോദിക്കുകയാണ്. റവന്യൂമന്ത്രി പറഞ്ഞത് മുഖ്യമന്ത്രിയുടെ ജോലികൾ ചെയ്യാനുള്ള ഏർപ്പാടുകൾ ആയെന്നാണ്. എന്നാൽ ഒരു മന്ത്രി അഴിമതി നടത്തിയെന്ന് ആരോപണം വരുകയും അത് മന്ത്രി സമ്മതിക്കാതിരിക്കുകയും അഴിമതി നടത്തിയതിന് ആവശ്യമായ രേഖകൾ ഹാജരാക്കുകയും ചെയ്തിരിക്കെ, അതിനെപ്പററി അന്വേഷിക്കാൻ കല്പന പുറപ്പെടുവിക്കേണ്ടത് മുഖ്യമന്ത്രിയുടെ ചുമതലയാണ്. ആരോഗ്യമന്ത്രിയുടെയും വനംവകുപ്പുമന്ത്രിയുടെയും ആരോപണങ്ങളെ സംബന്ധിച്ചുള്ള അന്വേഷണത്തിന് കല്പന പുറപ്പെടുവിക്കണം. ഇതാണ് എനിക്കു പറയാനുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിനെപ്പററിയെല്ലാം നേരത്തെ പറഞ്ഞുകഴിഞ്ഞു.

Mr. Speaker: Now I am putting the Demands to vote.

The question that a supplementary sum not exceeding Rs. 22,800 be granted under Demand II—Land Revenue was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 300 be granted under Demand XIII—Police was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 56,400 be granted under Demand XVII—General Education was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 16,500 be granted under Demand XIX—Medical was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 15,16,000 be granted under Demand XXXIX—Forest was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 2,05,000 be granted under Demand XLV—Capital Outlay on Industrial and Economic Development was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 50,00,000 be granted under Demand XXXVI—Famine was put and carried.

The grant was made.

Mr. Speaker: Now I shall put the remaining demands to vote.

The question that a supplementary sum not exceeding Rs. 100 be granted under Demand XIV—State Insurance and Miscellaneous was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 8,00,000 be granted under Demand XXIII—Fisheries was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 23,400 be granted under Demand XXVI—Co-operation was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 13,000 be granted under Demand XXX—Harijan Welfare, was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 100 be granted under Demand XXXIII—Public Works, was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 3,05,000 be granted under Demand XL—Miscellaneous was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 20,100 be granted under Demand XLVII—Capital outlay on Public Works was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 82,000 be granted under Demand LI—Capital Outlay on Forests was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 15,00,000 be granted under Demand LV—Loans and Advances by the Government was put and carried.

The grant was made.

Mr. Speaker: The House will now adjourn and meet again at 8 a. m. on Tuesday the 19th August 1969.

The Assembly adjourned at 2 p.m. to meet again at 8 a.m. on Tuesday the 19th August, 1969.

LIBRARY ARCHIVES Kerala Legislative Assembly